

ജനകീയാസൂത്രണം


വികസന റിപ്പോർട്ട്

സേനാപതി ഗ്രാമപഞ്ചായത്ത്


60-2




ജനകീയാസൂത്രണം



വികസന റിപ്പോർട്ട്



സേനാപതി ഗ്രാമപഞ്ചായത്ത്



റിപ്പോർട്ട് തയ്യാറാക്കിയവർ

പ്രസിഡന്റ് & മെമ്പേഴ്സ്.

C.J ദേവരാജൻ.

റോയി സ്റ്റീഫൻ.

K.B ജയകുമാർ.

K.A ലക്ഷ്മണൻ.

M.A ഈപ്പൻ.

ഷൈജി പീറ്റർ കാവുംപുറത്ത്

തങ്കച്ചൻ പുളിമൂട്ടിൽ

D.R.P മാർ

N.R വിജയകുമാർ (കൺവീനർ)

P.A ജോണി

ബന്നി P. ആഞ്ചേരി

C.U ജോയി


T.M. ജയിംസ്

P.K സാബു

V.N രാമചന്ദ്രദാസ്

V.R മനോജ്






എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പടുത്തുവാൻ
വിഭവങ്ങളില്ലതാനും

-മഹാത്മാഗാന്ധി

സേനാപതി ഗ്രാമ പഞ്ചായത്ത്



ഉള്ളടക്കം

1. ആമുഖം. 9
2. പഞ്ചായത്ത് പൊതുവിവരണം. 10
3. സാമൂഹിക സാംസ്കാരിക ചരിത്രം. 11
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി. 13
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ. 15
   - 5-1. കൃഷിയും ജലസേചനവും. 15
   - 5-2. മൃഗസംരക്ഷണവും മത്സ്യകൃഷിയും. 22
   - 5-3. വ്യവസായം. 24
   - 5-4. വിദ്യാഭ്യാസം. 26
   - 5-5. കുടിവെള്ളവും പൊതുജനാരോഗ്യവും 29
   - 5-6. ഗതാഗതം, ഊർജ്ജം. 35
   - 5-7. പാർപ്പിടം, സാമൂഹ്യക്ഷേമം..... 40
   - 5-8. സംസ്കാരം. 43
   - 5-9. വനിത. 47
   - 5-10. സഹകരണം. 49
   - 5-11. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം. 53
   - 5-12. വിഭവസമാഹരണം..... 55
   - 5-13 . ടൂറിസം..... 59
6. ഉപസംഹാരം..... 61

അനുബന്ധം: പ്രവർത്തന മേഖല.

പ്രതീക്ഷ

ജയൻ സേനാപതി

നാടിൻ പുരോഗതി നേടുവാനായിട്ടു
ഗ്രാമത്തിൽ നിന്നുതുടങ്ങിവയ്ക്കാം
ഗ്രാമത്തിലിന്നു വസിക്കും ജനങ്ങളെ
ഒന്നിച്ചു കൈകോർത്തു ചേർന്നുനിൽക്കാം
എല്ലാ ജനങ്ങളും ഒത്തുമുന്നേറണം
നാടിൻ വികസനം ലക്ഷ്യമാക്കി
ഗ്രാമം വികസിച്ചാൽ നാടുവികസിക്കും
നാട്ടാരെ കൂട്ടമായ് ചേർന്നുപോരൂ
ജനകീയ പദ്ധതി ഒൻപതാംപദ്ധതി
നാളത്തെ നാടിൻശുഭപ്രതീക്ഷ.

ഗ്രാമസ്വരാജ് ഗാഥ

ഭാഗം 1

കെ.എ. ലക്ഷ്മണൻശാന്തി
വട്ടപ്പാറ

പഞ്ചായത്തീരാജെന്നൊരു സ്വപ്നം
ഗാന്ധിജി തന്നുടെ മനസിലുദിച്ചു
ഭാരതരാജ്യ ഭരണച്ചുമതല
തലമുറ പലതും പിന്നിട്ടിട്ടും

ഇന്ത്യൻ ഭരണം രാജീവ്ഗാന്ധിയിൽ
എത്തിയ സമയേ ചിന്തിച്ചു
ഭരണം ഗ്രാമപഞ്ചായത്തിൽ
നിന്നുതുടങ്ങാനുള്ളൊരുയജ്ഞം

പ്രസിഡന്റുമാർക്കും കത്തുകളെഴുതി
ഭരണചുമതല ത്രിതലമതാക്കി
വിഭജിച്ചങ്ങുകൊടുക്കാനായി
വിദ്വാൻമാരാംവീരൻമാരെ

രണഭൂവിങ്കൽ തേടി നടക്കേ
വിദ്വേഷത്തിൻ മത്തു പിടിച്ചവർ
അദ്ദേഹത്തെ വധിച്ചുകളഞ്ഞു
കാര്യമതൊക്കെയൊളിച്ചുംവച്ചു

വലുതായുള്ളൊരു പദ്ധതിയഖിലം
ഭാരതഭൂവിൽനടപ്പിൽ വരുത്താൻ
ഒൻപതിതാകും പദ്ധതിയിങ്കൽ
കേരളമാകും സംസ്ഥാനത്തെ

മാതൃകയാക്കാൻ സർക്കാർനീക്കം
കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി
ആദ്യമെടുത്തൊരു പഞ്ചായത്ത്
അവിടെതൊട്ടു തുടങ്ങീപദ്ധതി.

1

ആമുഖം

സ്വാതന്ത്ര്യാനന്തര ഇന്ത്യ 49 വർഷക്കാലം പിന്നിട്ടപ്പോൾ ജനാധിപത്യ പ്രക്രീയയിലൂടെ വിവിധ സർക്കാരുകൾ ഭരണം കയ്യാളിയെങ്കിലും രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് പ്രാവർത്തികമാക്കപ്പെട്ടില്ല. ഗ്രാമപഞ്ചായത്തുകൾനടപ്പാക്കാനുള്ള നിർദ്ദേശകതത്വങ്ങൾ പോലും 47-ാംവർഷത്തിൽ മാത്രമാണ് നടപ്പിൽവന്നത്.ജനഹിതവും താൽപര്യവും മാനിക്കാതെ അധികാരവും ആസൂത്രണവും മുകളിൽനിന്നും താഴേക്ക് ഒഴുകിയിരുന്നതിനാൽ ജനങ്ങളുടെ ആവശ്യങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു.

മേൽപ്രക്രീയക്ക്വിപരീതദിശയിൽ അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് അധികാരവും ആസൂത്രണവും വിഭാവനം ചെയ്തുകൊണ്ടാണ് കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണം. കേരളസർക്കാർ 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായിപ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജാതി മതാദിചിന്തകൾക്കതീതമായി ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നു. അധികാരത്തോടൊപ്പം സമ്പത്തും താഴെത്തട്ടിൽ (40 % പദ്ധതി വിഹിതം) എത്തുന്നതിനാൽ ജനതാൽപര്യം സംരക്ഷിക്കുവാൻ കഴിയും.

കേന്ദ്ര സംസ്ഥാന പദ്ധതിവിഹിതവും പ്രാദേശിക സന്നദ്ധ സംഘടനാപങ്കാളിത്തവും പഞ്ചായത്തിന്റെ വരുമാനങ്ങളും വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ പര്യാപ്തമാണ്.

ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗീകമായി പരിഹാരം കാണുവാൻ ഈ പുതിയ ആസൂത്രണപ്രക്രീയക്ക് കഴിയും. ജനപങ്കാളിത്തം ഫലപ്രദമാക്കപ്പെടുമ്പോൾനടത്തപ്പെടുന്ന പ്രവർത്തികളുടെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതോടൊപ്പം അഴിമതിയെ നിയന്ത്രിക്കുവാനും സാധിക്കുന്നു.

പഞ്ചായത്തുരാജ് സംവിധാനപ്രകാരം സേനാപതി ഗ്രാമപഞ്ചായത്തിൽ 31-1-1996 മുതൽ 28-2-1996 വരെ വിവിധ വാർഡുകൾ ഗ്രാമസഭകൾ ചേർന്ന് ജനകീയാസൂത്രണ പ്രക്രിയക്ക് തുടക്കംകുറിച്ചു. ഇപ്രകാരമുള്ള വിവിധ ഗ്രാമസഭകളിലായ് 507 പേർ പങ്കെടുത്തു.

9-ാം പദ്ധതി ജനകീയ പദ്ധതിയെന്ന പ്രാമുഖ്യം മുഖ്യവിഷയമായി കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്തുതലത്തിൽ വികസനത്തിനായി 21-9-1996 മുതൽ 2-10-96 വരെ സ്പെഷ്യൽ ഗ്രാമസഭ കൾ ചേരുകയും പ്രസ്തുത ഗ്രമസഭകളിൽ 801 പേർ പങ്കെടുക്കുകയും ചെയ്തു. ഗ്രാമസഭകളെതുടർന്ന് പഞ്ചായത്തിലെ ജനങ്ങളിൽ അവബോധം സൃഷ്ടി ക്കുന്നതിലേക്ക് 20-9-1996 ൽ പഞ്ചായത്തുകളിൽ സാംസ്കാരികനിലയത്തിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാർ, സന്നദ്ധസംഘടനാ പ്രവർത്ത കർ, സാംസ്കാരിക സംഘടനാപ്രതിനിധികൾ പൊതുപ്രവർത്തകർ മുതലായവരെ ഉൾപ്പെടുത്തിക്കൊണ്ട് സെമിനാർ സംഘടിപ്പിച്ചു.

ആസൂത്രണ പ്രക്രിയയുടെ ഭാഗമായി പഞ്ചായത്തുതല രൂപരേഖ തയാറാക്കുന്നതിലേക്കും വിവിധ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിലേക്കും 25 അംഗപഞ്ചായത്തുതലകമ്മറ്റിയെ തെരഞ്ഞെടുത്തു. അവരുടെ നേതൃത്വത്തിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു. പഞ്ചായത്തിനെ വിവിധ വിഭവ ഭൂപടസർവേയുടെ അടിസ്ഥാലത്തിൽ ഭൂപടങ്ങൾ തയ്യാറാക്കുവാൻ പഞ്ചായത്തുതല 12 അംഗ ചരിത്രപഠനസംഘത്തെ നിയമിക്കുകയും അവർ 13-11-1996 ൽ വിവിധ ഭൂപടങ്ങൾ തയാറാക്കുകയും ചെയ്തു.

സേനാപതി ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണവും നിർവഹണവും സമഗ്രവികസനവും യാഥാർത്ഥ്യമാക്കുവാൻ സേനാപതിയിലെ വിവിധസന്നദ്ധസേവനതൃഷ്ണയും മുൻകാല സേവകരുടെ സംഭാവനകളിൽ നിന്നുള്ള പ്രചോദനവും ഉൾക്കൊണ്ട് ബഹുജനശക്തിയെ ഉപയോപ്പെടുത്തി സേനാപതി ഗ്രാമപഞ്ചായത്തിന്റെസമഗ്രവികസനരേഖ നാളെയുടെ യാഥാർത്ഥ്യമാക്കുവാനുള്ള യജ്ഞത്തിൽ ഇപ്പോൾ തന്നെ പങ്കുചേരാനുള്ള ദൃഢനിശ്ചയത്തോടെ നമുക്ക് പ്രവർത്തനം തുടരാം.

★

2

പഞ്ചായത്ത് പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്	: സേനാപതി ഗ്രാമപഞ്ചായത്ത്	
2. ഉൾപ്പെടുന്ന വില്ലേജുകൾ	: 1. ചതുരംഗപ്പാറ വില്ലേജ്	(ഭാഗികം)
	2. കാന്തിപ്പാറ വില്ലേജ്	(പൂർണ്ണം)
	3. ഉടുമ്പൻചോല വില്ലേജ്	(ഭാഗികം)
3. ബ്ലോക്ക് പഞ്ചായത്ത്	: നെടുങ്കണ്ടം	
4. താലൂക്ക്	: ഉടുമ്പൻചോല	
5. അസംബ്ലി മണ്ഡലം	: ഉടുമ്പൻചോല	
6. വിസ്തീർണ്ണം	: 40.948 ചതുരശ്ര കി. മീ.	
7. അതിരുകൾ	: വടക്ക് പന്നിയാർപുഴ, രാജകുമാരി പഞ്ചായത്ത്	
	കിഴക്ക് ശാന്തൻപാറ പഞ്ചായത്ത്	
	തെക്ക് ചെമ്മണ്ണാർപുഴ, ഉടുമ്പൻചോല പഞ്ചായത്ത്	
	പടിഞ്ഞാറ് പന്നിയാർപുഴ, രാജാക്കാട് പഞ്ചായത്ത്	
8. ജനസംഖ്യ	: ആകെ	12113
	: പുരുഷൻമാർ	6141
	: സ്ത്രീകൾ	5972
9. പട്ടികജാതിക്കാർ	: ആകെ	742
	: പുരുഷൻമാർ	363
	: സ്ത്രീകൾ	379
10. പട്ടികവർഗ്ഗക്കാർ	: ആകെ	256
	: പുരുഷൻമാർ	122
	: സ്ത്രീകൾ	134
11. ജനസാന്ദ്രത	: 303 (ചതുരശ്ര കി. മീറ്ററിന്)	
12. അക്ഷരാഭ്യാസമുള്ളവർ	: 8828	
13. വാർഡുകൾ	: 8	
പ്രസിഡന്റിന്റെ പേര്	: കെ. കെ. സുകുമാരൻ	
വൈസ് പ്രസിഡന്റിന്റെ പേര്	: പെണ്ണമ്മ ആന്റണി	
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	: പി. വി. ബേബി	

3

സമൂഹിക സാംസ്കാരിക ചരിത്രം

തിരുവിതാംകൂർ രാജവംശത്തിന്റെ തായ്വഴിയായി പൂഞ്ഞാർ രാജകുടുംബത്തിൽപ്പെട്ട രാജാവ്, രാജാക്കാട്ടിലും, രാജകുമാരി, രാജകുമാരിയിലും സേനാനായകർ, സേനാപതിയിലും മൃഗയാവിനോദത്തിനിടയിൽ താമസിച്ചിരുന്നതായി പറയപ്പെടുന്നു.

സേനാധിപതി താമസിച്ച സ്ഥലം സേനാപതി എന്ന പേരിലും, രാജകുമാരി താമസിച്ച സ്ഥലം രാജകുമാരി എന്ന പേരിലും രാജാവ് താമസിച്ചിരുന്ന സ്ഥലം രാജാക്കാട് എന്നും അറിയപ്പെടുന്നു. സേനാപതി പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിരിടുന്ന പഞ്ചായത്തുകളായ രാജകുമാരി, രാജാക്കാട് എന്നീ പഞ്ചായത്തുകൾ പോലെ തന്നെ ചരിത്ര പശ്ചാത്തലമുള്ള പഞ്ചായത്തുക്കളാണ് തെക്കും കിഴക്കും അതിരിടുന്ന ഉടുമ്പൻചോല ശാന്തൻപാറ പഞ്ചായത്തുകൾ.

തമിഴ്രാജവംശങ്ങളായ ചോളരാജാക്കൻമാരുടെയും, തിരുമല നായ്ക്കൻമാരുടേയും ഭരണകാലഘട്ടത്തിൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിന്, മറ്റു രാജവംശങ്ങളിൽ നിന്നുള്ള ആക്രമണകാലത്തും ഈ പ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചിരുന്നതായി പറയപ്പെടുന്നു.

പൗരാണിക ആദിവാസി വിഭാഗങ്ങൾ പലകോളനികളിലായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആധിപത്യമുറപ്പിച്ചിരുന്നു. ഇതിനു ദാഹരണമായി ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രങ്ങളുടെയും ആരാധനാലയങ്ങളുടെയും ഭൗതീകാവശിഷ്ടങ്ങൾ നിലനിൽക്കുന്നു. സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 4100 അടി ഉയരമുള്ള കാറ്റുതിമേട് എന്ന മലയുടെ നടുഭാഗത്ത് അതിവിസ്തൃതമായ ഒരു കുളവും അതിന്റെ പാർശ്വ ഭാഗത്ത് നാലു മരങ്ങളുമുണ്ട്. കുളത്തിന്റെ പാർശ്വഭാഗങ്ങളിൽ ഏഴു കന്യകമാരുടെ ഒറ്റക്കല്ലിൽ കൊത്തിയ ശിലാവിഗ്രഹവും കാണുന്നുണ്ട്. അപ്സര കന്യകകൾ ഈ കുളത്തിൽ നീരാടാൻ വന്നിരുന്നു എന്നും, അതിനാൽ ഇതിനു സമീപപ്രദേശം മനുഷ്യവാസയോഗ്യമല്ലെന്നും വിശ്വസിക്കുന്നു. കാറ്റുതിമേടിന്റെ അടുത്ത താഴ്വരയായ തലയൻകാവ് എന്ന സ്ഥലത്ത് ആദിവാസികളുടേതെന്ന് പറയപ്പെടുന്ന ഒരു ദേവീക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഇതിനടുത്ത ദളവാ പ്പാറ എന്ന സ്ഥലത്ത് ഉരളിന്റെ കുഴിപ്പാടുകൾ ഉള്ള പാറകൾ ഉണ്ട്. വട്ടപ്പാറ എന്ന സ്ഥലത്ത് പൗരാണികമായ ഒരു ദേവീക്ഷേത്രം നിലകൊള്ളുന്നു.

പഞ്ചായത്തിലെ അരിവിളംചാൽ എന്ന പ്രദേശത്ത് ആദിവാസികൾ കോളനിയായി പുരാതന കാലംമുതൽ പ്രത്യേക ആചാരാനുഷ്ടാനങ്ങളോടുകുടി ജീവിക്കുന്നു. ഇതിനോടടുത്ത് ഒരു വിമാനത്തിന്റെ ആകൃതിയിലുള്ള പ്രകൃതിദത്തമായ പ്ലെയിൻപാറ നിലനിൽക്കുന്നു.

ആദിവാസികൾക്ക് ശേഷം തമിഴ് വംശജർ സുഗന്ധവിളയായ ഏലംകൃഷിചെയ്യുന്നതിന് ഈ പ്രദേശങ്ങളിലെ വനങ്ങൾ കൈയടക്കി. ഈ വ്യവസായവുമായി ബന്ധപ്പെട്ട് 10% ത്തിൽ കൂടുതൽ തമിഴ് വംശജർ പഞ്ചായത്തിൽ അധിവസിക്കുന്നു. തമിഴ് വംശജരുടെ കടന്നുകയറ്റത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി ഭരണാധികാരികളുടെ അനുവാദത്തോടെ ബഹു. പട്ടം താണുപിള്ള മന്ത്രിസഭ കുടിയേറ്റത്തിന് അനുമതി നൽകുകയും ചെയ്തു. അതനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറിപ്പാർത്തവരാണ് ഈ പഞ്ചായത്ത് നിവാസികൾ അധികവും. വിവിധ ആചാരവും അനുഷ്ഠാനവും ആധാരമാക്കി പള്ളികളും ക്ഷേത്രങ്ങളും പ്രവർത്തിക്കുന്നു. വിവിധ ജാതിമത വിഭാഗങ്ങൾ സമ്മിശ്രമായി ജീവിക്കുന്നതും ഉച്ചനീചത്വങ്ങൾ ഇല്ലാത്തതുമായ ഉന്നതസംസ്കാരത്തിനുടമകളാണ് ഇവിടുത്തെ ജനങ്ങൾ.

സേനാപതി ഗ്രാമപഞ്ചായത്ത് 1.12.1971 ലാണ് രൂപീകൃതമായത്. അന്ന് ഉടുമ്പൻചോല പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന 8,11,12 എന്നീ വാർഡുകൾ ഉൾപ്പെടുത്തിയാണ് സേനാപതി പഞ്ചായത്തിന് രൂപം കൊടുത്തത്. ഈ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീമാൻ M.N.ശ്രീധരൻ നായരും. ശ്രീ. ദേവസ്യ ജോസഫ്, ശ്രീ. K.ജോർജ് മാമ്മൻ എന്നിവർ ഭരണസമിതിയംഗങ്ങളുമായിരുന്നു.

സേനാപതിയിൽ ഉത്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ഇടക്കാലത്ത് അരിവിളംചാലിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുകയും ചെയ്തെങ്കിലും 27.10.1978 മുതൽ ഓഫീസ് പ്രവർത്തനം സേനാപതിയിലെ സ്വന്തം കെട്ടിടത്തിൽ നടത്തി വരുന്നു. പഞ്ചായ

ത്താഫീസിനോട് ചേർന്ന് ഒരു സാസ്കാരിക നിലയം 7.11.92 ൽ ഉത്ഘാടനം ചെയ്ത് പ്രവർത്തിച്ച് വരുന്നു.

പഞ്ചായത്ത് രൂപീകരണ സമയത്തുണ്ടായിരുന്ന മൂന്ന് വാർഡുകൾ പുനസംഘടിപ്പിച്ച് 6 വാർഡുകൾ ആയി നിർണ്ണയിച്ചു. അതിന് ശേഷം 1976 ൽ 8 വാർഡുകളായി വീണ്ടും പുനസംഘടിക്കപ്പെട്ടത് അതേ നിലയിൽ തുടരുന്നു.

1976- ൽ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ 8 അംഗങ്ങൾ ഉണ്ടായിരുന്നു. 1979 വരെ ഭരണം നടത്തിയത് പ്രസ്തുത കമ്മറ്റിയാണ്.

പ്രസിഡന്റ് - ശ്രീ. പി. കെ. മുഹമ്മദ്
വൈ. പ്രസിഡന്റ് - ശ്രീ. കെ. പാൽസ്വാമി
മെമ്പർമാരായി - ശ്രീ. റ്റി. എം. ജോസഫ്
- വി. കെ. ധനപാലൻ
- ജോർജ്ജ് മാമ്മൻ
- ജോസഫ് വരിക്കാനിക്കൽ
- രാമസ്വാമി
- ശ്രീമതി മേരി തോമസ്

1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന ഭരണസമിതി നിലവിൽവരികയും 1984 വരെ ഭരണച്ചുമതല നിർവ്വഹിക്കുകയും ചെയ്തു.


പ്രസിഡന്റ് - ശ്രീ. എ. കെ. ദാമോദരൻ
വൈ.പ്രസിഡന്റ് - ശ്രീ.പി.കെ.കുഞ്ഞുമുഹമ്മദ്
മെമ്പർമാരായി - ശ്രീ. കെ. ആർ. ദിവാകരൻ
- എം. എം. കുമാരൻ
- തങ്കപ്പൻ മക്കുവള്ളിക്കൽ
- കെ. കെ. സുകുമാരൻ
- ശ്രീമതി പി. വി. അന്നമ്മ
- ശ്രീ. എം.കെ. ശിവപ്രസാദ്.

തുടർന്ന് 1987 ൽ നടന്ന തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന ഭരണസമിതി നിലവിൽ വരികയും 1995 വരെ ഭരണച്ചുമതല നിർവ്വഹിക്കുകയും ചെയ്തു.

പ്രസിഡന്റ് - ശ്രീ. എം. എം. കുമാരൻ
വൈ.പ്രസിഡന്റ് -ശ്രീമതി പി. ജെ. മേരി
മെമ്പർമാരായി - ശ്രീ. ബേബി ചാക്കോ
-ശ്രീ. എം. സി. തോമസ്
- ശ്രീ. ജി. സുകുമാരൻ
- ശ്രീമതി. സൗദാമനി സുന്ദരേശൻ
- ശ്രീ. കെ. പൊന്നപ്പൻ
- ശ്രീ. ജെ. എ. വിൽസൺ

പഞ്ചായത്തുരാജ് സംവിധാനം നിലവിൽ വന്നതിനു ശേഷം 23.09.1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച് ഗാന്ധിജയന്തി ദിനത്തിൽ അധികാരമേറ്റ് തുടർന്നു വരുന്ന ഭരണസമിതി അംഗങ്ങൾ.

പ്രസിഡന്റ് - ശ്രീ. കെ.കെ.സുകുമാരൻ
വൈ. പ്രസിഡന്റ് -കുമാരിപെണ്ണമ്മ ആന്റണി
മെമ്പർമാരായി - ശ്രീ. റ്റി. എസ്. കുര്യാക്കോസ്
- പി.വി. ബേബി
- ശ്രീമതി.തിലോത്തമ സോമൻ
- ശ്രീമതി. ത്രേസ്യാമ്മ മാത്യു
- ശ്രീ. എം.ജെ. കുര്യൻ
- ശ്രീ. ഗോപി ഗോപാലൻ



ഗ്രാമപഞ്ചായത്ത് കര്യാലയം

4

ഭൂപ്രകൃതി, ജലപ്രകൃതി

കിഴക്ക് സഹ്യപർവ്വതനിരകളിലെ മതികെട്ടാൻ എന്നറിയപ്പെടുന്ന മലയിടുക്കുകളിൽ നിന്ന് ഉൽഭവിച്ച് ചിന്നക്കനാൽ ശാന്തൻപാറ എന്നീ പഞ്ചായത്തുകളിലൂടെ കടന്ന് സേനാപതി പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി അതിർവേർതിരിക്കുന്ന പന്നിയാർപുഴ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം അതിർപുഴയായി ഒഴുകുന്നു.

പഞ്ചായത്തിന്റെ കിഴക്കു തെക്കു ഭാഗമായ ഉടുമ്പൻചോല, ശാന്തൻപാറ പഞ്ചായത്തുകളെ സേനാപതി പഞ്ചായത്തിൽ നിന്നു വേർതിരിക്കുന്ന വെള്ളക്കൽത്തേരിയിൽ നിന്നും ഒഴുകുന്ന വെള്ളക്കൽത്തേരി തോടും, സേനാപതി പഞ്ചായത്തിന്റെ കിഴക്ക് നെടുകുത്താൻ മലയിൽ നിന്നും ഉത്ഭവിക്കുന്ന നെടുകുത്താൻ തോട് ആറ്റുകാട് ഭാഗത്ത് സംയോജിച്ച് ഉപ്പാർപുൾ മലയിൽ നിന്നും ഉൽഭവിക്കുന്ന ഉപ്പാർപുൾ തോടും കാറ്റുതി മലയിൽ നിന്നും ഉൽഭവിക്കുന്ന കാറ്റുതി തോടും ഇടുക്കാർ മലയിൽ നിന്നും ഉൽഭവിക്കുന്ന ഇടുക്കാർ തോടും കൂടിച്ചേർന്ന് തലയൻകാവ് തോട്ടിൽ പതിക്കുന്നു. പഞ്ചായത്തിന്റെ തെക്കു ഭാഗമായ ഉടുമ്പൻചോല പഞ്ചായത്തിൽ നിന്നു വരുന്ന രണ്ടു കൈതോടുകളും കൂടി പഞ്ചായത്തിന്റെ തെക്കേ അതിർ വേർതിരിക്കുന്ന ചെമ്മണ്ണാർ പുഴയായി പടിഞ്ഞാറോട്ടൊഴുകി പന്നിയാർ പുഴയിൽ ചേരുന്നു.

പഞ്ചായത്തിന്റെ വിസ്തൃതിയിൽ മൂന്നിലൊന്നു ഭാഗം സുഗന്ധവിളയായ ഏലം കൃഷി ചെയ്യുന്ന സ്ഥലങ്ങളും, ബാക്കിയുള്ള കുന്നുകളും മലകളും നിറഞ്ഞുനിൽക്കുന്നതും കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്ന മനോഹരമായ ഭൂപ്രദേശം ഉൾക്കൊള്ളുന്നതാണ് സേനാപതി പഞ്ചായത്ത്.

ഈ പഞ്ചായത്തിന്റെ ഏറ്റവും ഉയരം കൂടിയ (സമുദ്ര നിരപ്പിൽ നിന്നും 4100 അടി) കാറ്റുതി മലയിൽ അതിപുരാതനമായ ആദിവാസികളുടെ ഒരു ആരാധനാലയവും അതിനോടനിബന്ധിച്ച് ഉദ്ദേശം അരയേക്കർ വിസ്തൃതിയുള്ളതും പ്രകൃതിദത്തവുമായ കന്യകമാർകുളം എന്ന കുളവും അറിയപ്പെടുന്ന അന്നുമതൽ ഇന്നോളം വെള്ളത്തിന്റെ അളവിന് മാറ്റമില്ലാതെ പ്രകൃതിയുടെ അത്ഭുതമായി നിലകൊള്ളുന്നു. പൊതുവെ നോക്കുമ്പോൾ മൂന്നുവശവും പുഴകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു പ്രദേശമാണ് സേനാപതി ഗ്രാമപഞ്ചായത്ത്.

സേനാപതി ഗ്രാമപഞ്ചായത്തിനെ നാലു മേഖലകളായി തിരിക്കാം.

1) ഉയർന്ന കുന്നിൻപ്രദേശം.
2) ചെങ്കുത്തായ ചരിവു പ്രദേശം
3) ഇടത്തരം ചരിവു പ്രദേശം
4) സമതല പ്രദേശം.

1. ഉയർന്ന കുന്നിൻപ്രദേശം

പേര്	സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം
1. കാറ്റുതിമല	4100 അടി
2. ഉപ്പാർപുൾമല	3900
3. മണിതൂക്കാൻമേട്മല	3800
4. നെടുകുത്താൻമല	3700
5. സ്വർഗംമേട് മല	3500
6. മാങ്ങാത്തൊട്ടി കുരിശുമല	3000
7. പ്രതാപ്മേട് മല	3000
8. മാങ്ങാത്തൊട്ടി മല (അമ്പലമേട്)	2800

ഉയർന്ന കുന്നിൻ പ്രദേശങ്ങൾ ഏകദേശം 1511 ഏക്കർ വിസ്തീർണ്ണത്തിൽ വ്യാപിച്ചുകിടക്കുന്നു.

2. ചെങ്കുത്തായ ചരിവുപ്രദേശം
   ഉദ്ദേശം 410 ഏക്കർ വിസ്തീർണ്ണം
3) ഇടത്തരം ചരിവു പ്രദേശം
4) സമതല പ്രദേശം
   ഉദ്ദേശം 8316 ഏക്കർ

ജനപ്രകൃതി


1991ലെ സെൻസസ് കണക്കുകൾ പ്രകാരം സേനാപതി പഞ്ചായത്തിലെ ആകെ ജനസംഖ്യ 12113 ആണ്. ഇതിൽ 6141 പുരുഷന്മാരും 5972 സ്ത്രീകളുമാണ്, ആകെ വീടുകൾ 3466 ആയിരുന്നു. ശരാശരി ഒരു വീട്ടിൽ 3.5 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 303 ആയിരുന്നു. പട്ടികജാതി ജനസംഖ്യ 742 ആണ്. അതിൽ 363 പുരുഷൻമാരും 379 സ്ത്രീകളുമുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ 256 ആയിരുന്നു. അതിൽ 122 പുരുഷൻമാരും 134 സ്ത്രീകളുമുണ്ട്. ആകെ ജനസംഖ്യയിൽ 8828 പേർ

സാക്ഷരരാണ് ഇതിൽ 4689 പുരുഷന്മാരും 4139 സ്ത്രീകളുമാണ്. ബാക്കിയുള്ള ജനസംഖ്യയുടെ 80% ത്തോളം പേരെ സാക്ഷരരാക്കുവാൻ പഞ്ചായത്തിൽ നടപ്പിലാക്കിയ അനൗപചാരിക വിദ്യാഭ്യാസവും തുടർസാക്ഷരതാ പരിപാടിയിലൂടെയും സാക്ഷരരാക്കുവാൻ കഴിഞ്ഞു.

വിദ്യാഭ്യാസ രംഗത്ത് ഇടുക്കി ജില്ലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് സേനാപതി. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായി വർദ്ധനവുണ്ടെങ്കിലും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ഗതാഗത സൗകര്യങ്ങളുടെയും അപര്യാപ്തതയും മൂലം അടിസ്ഥാനവിദ്യാഭ്യാസത്തിനുശേഷം കുട്ടികൾ പഠനം നിർത്തുന്നത് പതിവാക്കിയിരിക്കുന്നു. ഈ സ്ഥിതി വിശേഷത്തിന് അടിയന്തിരമായി മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. ഏലം, കുരുമുളക്, നെല്ല്, കാപ്പി, ഇഞ്ചി എന്നിവയാണ് പ്രധാന കൃഷികൾ. കാർഷികമേഖലയിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികളും ഏലത്തോട്ടം മേഖലയിൽ പണിയെടുക്കുന്ന തമിഴ് വംശജരും(10%ത്തോളം), ആദിവാസി വിഭാഗങ്ങളുടെയും പ്രധാന വരുമാനം കാർഷികമേഖലയിൽ നിന്നാണ്.

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നും കുടിയേറിപ്പാർത്ത ജനങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ സാമൂഹ്യ ഉച്ചനീചത്തങ്ങൾ അനുഭവപ്പെടാറില്ല.



കുത്തുങ്കൽ ചെറിയകുത്ത്

സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

നമ്മുടെ പഞ്ചായത്ത് തികച്ചും ഒരു കാർഷീക ഗ്രാമമാണ്. ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലക്കുമാണ്. ഉയർന്ന കുന്നിൻപ്രദേശങ്ങൾ, ചെങ്കുത്തായ ചരിവുകൾ, പാറക്കെട്ടുകൾ, എന്നിവ തരിശും, ഇടത്തരം ചരിവുകൾ പ്രധാനമായി കുരുമുളക്, ഏലം എന്നീ കൃഷികൾ ചെയ്ത് വരുന്നവയും, കുന്നുകൾക്കിടയിലെ പാടങ്ങളിൽ നെല്ലും കൃഷി ചെയ്ത് വരുന്നു. പൊതുവെ പറഞ്ഞാൽ കിഴക്ക് പടിഞ്ഞാറു കിടക്കുന്ന മലകളുടെ ചരിവുകളും അവക്കിടയിലെ സമതലങ്ങളുമാണ് പ്രധാനമായും കൃഷിക്കുത്തമമായ ഭൂമി. അതിനാൽത്തന്നെ കൃഷിഭൂമികളിലധികവും തെക്കോട്ടോ വടക്കോട്ടോ ചരിഞ്ഞവയാണ്. താരതമ്യേന നിരപ്പായ ഒരു ചെറിയ ശതമാനം ഭൂമിയിൽ ഏലവും കൃഷി ചെയ്തുവരുന്നു. പൊതുവെ നമ്മുടെ കൃഷിഭൂമി പടിഞ്ഞാറോട്ട് ചരിഞ്ഞതാണ്. മഴയെ ആശ്രയിച്ചാണ് പ്രധാനമായും കൃഷി. കുരുമുളക്, ഏലം, നെല്ല് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കൃഷികൾ. കാപ്പി, തെങ്ങ്, കൊക്കൊ, വാഴ, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ്വർഗ വിളകൾ, കമുക്, പച്ചക്കറികൾ, ജാതി, ഇഞ്ചിപ്പുല്ല്, തീറ്റപ്പുല്ല് എന്നിവയും ചെറിയ തോതിൽ കൃഷിചെയ്യപ്പെടുന്നുണ്ട്.

കൃഷിക്കുപയുക്തമായ ഭൂമിയുടെ ഏതാണ്ട് 40% കുരുമുളകാണ്. പഞ്ചായത്തിലെ കർഷകരിൽ ഭൂരിപക്ഷത്തിന്റെയും ഏറ്റവും പ്രധാന വരുമാന മാർഗം കുരുമുളക് കൃഷിയിൽ നിന്നുളളതാണ്. കൃഷിഭൂമിയിൽ 30% ത്തോളം ഭാഗത്ത് കൃഷിചെയ്യുന്ന വിളയാണ് ഏലം. ഭൂരിപക്ഷം ഏലത്തോട്ടങ്ങളും ചെറുകിട ഇടത്തരം വൻകിട കർഷകരുടെ വകയാണ്. മൂന്നാമത്തെ പ്രധാന വിളയായ നെല്ല് പഞ്ചായത്തിന്റെ ഭക്ഷ്യ ആവശ്യത്തിന്റെ നാലിലൊന്നുപോലും നിറവേറ്റുന്നതിന് പര്യാപ്തമല്ല.

ആദ്യകാലങ്ങളിൽ പാടങ്ങളിലും കരഭൂമികളിൽ വിരിപ്പ് കൃഷിയായും നെല്ലുകൃഷി ചെയ്തിരുന്നു. മരക്കാടുകളിൽ ഏലവും മറ്റു സ്ഥലങ്ങളിൽ കപ്പ, ഇഞ്ചി, ഇഞ്ചിപ്പുല്ല് എന്നിവയും പ്രധാന കൃഷികളായിരുന്നു. മണ്ണിന്റെ ഫലഭൂയിഷ്ടതയിൽ വന്ന കുറവ്, കാലാവസ്ഥയിൽ വന്ന മാറ്റം എന്നിവമൂലം വേണ്ടത്ര വിളവ് ലഭിക്കാതായത് വിരിപ്പ് കൃഷിയെ നാമാവശേഷമാക്കിയെന്ന് പറയാം.

പിന്നീട് ഈ ഭൂമിയിൽ ഇഞ്ചി, കപ്പ എന്നിവയാണ് കൃഷി ചെയ്തുവന്നത്. ആദ്യകാലത്തെ പ്രധാന വരുമാനമാർഗങ്ങൾ പുൽത്തൈലം, ഇഞ്ചി എന്നിവയും ഭക്ഷ്യാവശ്യങ്ങൾ നെല്ല്, കപ്പ എന്നിവയും മൂലം നിറവേറ്റപ്പെട്ടു. 70 കളിലും 80 കളിലും കുരുമുളക് കൃഷിയിൽ ഒരു വൻ മുന്നേറ്റത്തിന്റെ കാലമായിരുന്നു. ഏലം, കപ്പ, ഇഞ്ചി, ഇഞ്ചിപ്പുല്ല് എന്നിവ കൃഷി ചെയ്തിരുന്ന ഭൂമികൾ കുരുമുളക് തോട്ടങ്ങളാക്കി മാറ്റപ്പെട്ടു. 80കളോടെ തുടക്കത്തിൽ കുരുമുളകിന് ഉയർന്ന വില ലഭിക്കാൻതുടങ്ങിയതും ഇഞ്ചിപ്പുല്ല് സംസ്കരിക്കുന്നതിനുള്ള വിറകിന്റെയും സൗകര്യങ്ങളുടേയും ദൗർലഭ്യവും അവസാനമായി ശേഷിച്ചിരുന്ന പുൽകൃഷിയും കുരുമുളക് തോട്ടങ്ങൾക്കുവേണ്ടി പരിവർത്തനം ചെയ്യപ്പെടുന്നതിന് കാരണമായി. അങ്ങനെ ഒരുകാലത്ത് നമ്മുടെ പഞ്ചായത്തിലെ പ്രധാന സുകന്ധവിളകളിലൊന്നും ഭൂരിഭാഗം ജനങ്ങളുടെ വരുമാന മാർഗവുമായിരുന്ന ഇഞ്ചിപ്പുൽ കൃഷി ഇന്ന് മറ്റ് കൃഷികൾ ചെയ്യാൻ സാധിക്കാത്ത ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ മാത്രമായി കൃഷിചെയ്യപ്പെടുന്ന വിളയായി മാറി. അതുപോലെ ഒരു കാലത്ത് പ്രധാന കൃഷിയായിരുന്ന ഇഞ്ചിയും, തോട്ടവിളയായ കുരുമുളകിലേക്കുള്ള പരിവർത്തനത്തിനിടയിൽ നാമമാത്രമാകപ്പെട്ടു. ചില കർഷകർ റബ്ബറും മറ്റുചിലർ നെൽപ്പാടങ്ങളിൽ ഏലവും പരീക്ഷിച്ചെങ്കിലും പരാചയപ്പെട്ടു.

നമ്മുടെ പഞ്ചായത്തിലെ കൃഷിയുടെ മറ്റൊരു പ്രത്യേകത കാപ്പി, കൊക്കോ, കമുക്, എന്നിവയൊക്കെ ഇടവിളകളായാണ് കൃഷിചെയ്യുന്നത്. പലപ്പോഴും ഇടവിളകൾ കൃഷിചെയ്യുമ്പോൾ

പാലിക്കേണ്ട അകലം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി കുരുമുളകിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളും കീടങ്ങളും മൂലം കൃഷി നാശത്തിന്റെ വക്കിലാണ്. അതിനാൽ ആദ്യകാലത്ത് കുരുമുളകും മറ്റും കൃഷിചെയ്തപ്പോൾ തനിവിളയായി കൃഷി ചെയ്തെങ്കിലും വളരെ പെട്ടന്നുതന്നെ ഇതിനിടയിൽ മറ്റുകൃഷികൾ നടത്തുവാൻ കർഷകർ നിർബന്ധിതരായി. ചെറുകിട കർഷകർ എല്ലാത്തരം കൃഷികളും തങ്ങളുടെ പരിമിത ഭൂമിയിൽ ചെയ്തുവരുന്നതായി കാണുന്നുണ്ട്. ഇത് ഒരു വിളയുടേയും ശരിയായ വരുമാനം ലഭിക്കുന്നതിന് ഇടയാക്കുന്നില്ല. ആകെ വരുമാനം കുറയുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. പൊതുവെ നമ്മുടെ പഞ്ചായത്തിലെ കിഴങ്ങ് വർഗകൃഷികൾ വേണ്ടത്രഫലപ്രദമല്ല. എതുപോലെ തെങ്ങ്, കമുക്, വാഴ, ഇഞ്ചി എന്നിവയും പച്ചക്കറികളും വേണ്ടത്ര ഫലപ്രദമല്ല. വാഴയിനങ്ങളായ ഞാലിപ്പൂവൻ, പാളയംകോടൻ, ഇംഗ്ലീഷ്പൂവൻ, റോബസ്റ്റ എന്നീയിനങ്ങൾ വീട്ടുവളപ്പിൽ അവിടവിടെയും, നേന്ത്രവാഴ തനിവിളയായും ചെറിയതോതിലും കൃഷിചെയ്ത് വരുന്നു.

കുരുമുളക് കൃഷി നാശത്തെ നേരിടുന്നു. അതുപോലെ ഏലം രൂക്ഷമായ കീടരോഗാക്രമങ്ങൾക്ക് വിധേയമാണ്. നെൽകൃഷിയും ഇതിൽനിന്നും മുക്തമല്ല. നെല്ല്, കിഴങ്ങ്വർഗ വിളകൾ എന്നിവ, ചാഴി, എലി, കാട്ടുപന്നി എന്നിവമൂലമുള്ള വിളനാശം നേരിടുന്നു. മഴയെ മാത്രം അടിസ്ഥാനമാക്കിയൊള്ള കൃഷിയായതിനാൽ ഇടക്കിടെയുള്ള വരൾച്ചയും വെള്ളപ്പൊക്കവും കാലവർഷക്കാലത്തെ ശക്തമായ കാറ്റും പലവിളകളുടേയും നാശത്തിന് ഇടവരുത്താറുണ്ട്.

ഭൂവിനിയോഗം.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 10237 ഏക്കറാണ്. ഇത് ഉയർന്ന കുന്നിൻപുറം, ചെരിവുപ്രദേശം, താഴ്വര, പാടങ്ങൾ എന്നിങ്ങനെ കാണുന്നു. ഉയർന്ന കുന്നിൻപുറങ്ങളും അതിനോട്ചേർന്ന ചരിവ് പ്രദേശങ്ങളും, പാറക്കെട്ടുകളും പുറമ്പോക്കും തരിശുമാണ്. ഇത് ഏകദേശം 1921 ഏക്കർവരും. കൃഷിക്കുപയുക്തമായ ഭൂമി ഏകദേശം 8316 ഏക്കർവരും. പൊതുവെ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളും ചുവന്നമണ്ണും കറുത്തമണ്ണും ഇടകലർന്ന് കാണപ്പെടുന്നു. കുന്നിൻപ്രദേശങ്ങൾ ചരൽകലർന്ന മണ്ണാണ്.

നിരന്തരമായ കൃഷികൾമൂലം മണ്ണിന്റെ ഫലഭൂയിഷ്ഠത അടുത്തകാലത്തായി വളരെ കുറഞ്ഞിട്ടുണ്ട്. കൃഷിഭൂമി കൂടുതലും ചരിവുപ്രദേശങ്ങളാകയാൽ മണ്ണൊലിപ്പ് സാരമായി ബാധിച്ചിട്ടുണ്ട്. ഏലത്തോട്ടങ്ങളിൽ മണ്ണൊലിപ്പ് താരതമ്യേന കുറവായിരുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലും കൃഷിപരിപാലനമുറകൾ ഇനിയും തുടങ്ങിയിട്ടില്ല. പഞ്ചായത്തിലെ മുഖ്യ കൃഷി കുരുമുളകാണ്. കുരുമുളകിന്റെ ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം കർഷകർക്കും പ്രയോജനപ്രദമായിരിക്കും. കുരുമുളകിനെ സംബന്ധിച്ച് മറ്റൊരു പ്രശ്നമുള്ളത് താങ്ങുകാലുകളുടെ കുറഞ്ഞ ആയുർദൈർഘ്യമാണ്. പഞ്ചായത്തിലെ കർഷകർ, രാജകുമാരി, രാജാക്കാട്, ചെമ്മണ്ണാർ എന്നീ കേന്ദ്രങ്ങളിലാണ് ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നത്.

പഞ്ചായത്തിലെ കർഷകരുടെ ഭൂസ്ഥിതി (ഭൂവിനിയോഗം) പട്ടിക 1

കർഷകരുടെ എണ്ണം	ഭൂവിസ്തൃതി
314	1-10 സെന്റ്
147	10 - 25 സെന്റ്
227	25 - 50 സെന്റ്
446	50 -100 സെന്റ്
514	1- 2 ഏക്കർ
594	2 - 5 ഏക്കർ
84	5 ഏക്കറിന് മുകളിൽ

രണ്ടാമത്തെ പ്രധാനവിളയായ ഏലം ഏതാണ്ട് മൂന്നിലൊരുഭാഗത്തോളം കൃഷിചെയ്യുന്നുണ്ട്. ഈ കൃഷിയിൽ വൻകിടക്കാർ കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ചെറുകിടകൃഷിക്കാരെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ഉൽപ്പാദനക്ഷമത കൈവരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ അധിവസിക്കുന്ന തമിഴ് വംശജരിലധികവും കർഷകത്തൊഴിലാളികളിൽ നല്ലൊരു ഭാഗവും ഈ വ്യവസായവുമായി ബന്ധപ്പെട്ടുപജീവനം നടത്തുന്നവരാണ്. ജലസേചനം മൂലം വിളവിൽ വർദ്ധനവുണ്ടാക്കാൻ കഴിയുമെങ്കിലും ചില വൻകിട എസ്റ്റേറ്റുകൾക്ക് മാത്രമെ

ഈ സൗകര്യം ലഭ്യമായിട്ടൊളളു. കീടരോഗനിയന്ത്രണവും, വർദ്ധിച്ച കൃഷിച്ചെലവുകളും ഈ കൃഷിയെ ചിലവേറിയതാക്കുന്നു. ഈ രംഗത്തെ ചെറുകിടക്കാർ ഉൽപ്പന്നവിപണിയിൽനേരിടുന്ന ചൂഷണം അവർണ്ണനീയമാണ്.

പഞ്ചായത്തിൽ കൃഷിചെയ്തുവരുന്ന പ്രധാന ഭക്ഷ്യവിളയാണ് നെല്ല്. 9 ഓളം വിവിധ പ്രദേശങ്ങളിലായി ഏറിയും കുറഞ്ഞുമുളള അളവിൽ സ്ഥിതിചെയ്യുന്നതിനാൽ വേണ്ടത്ര സംയോജിത കൃഷി നടക്കുന്നില്ല. കീടരോഗങ്ങൾ, എലി എന്നിവ ഈ കൃഷിക്ക് വലിയ നാശം വരുത്തുന്നുണ്ട്. നമ്മുടെ കൃഷിക്കാർ മണ്ണിന്റെ സ്വഭാവത്തിന്റെ അനുയോജ്യത നോക്കാതെ ലഭ്യമായ സ്ഥലത്ത് മിക്കവിളകളും കൃഷിചെയ്ത് വരുന്നു. തെങ്ങ്, ഇഞ്ചിപ്പുല്ല്, കൊക്കോ, തീറ്റപ്പുല്ല്, കാപ്പി, പച്ചക്കറി, കിഴങ്ങുകൾ എന്നിവ ഇനിയും വികസിപ്പിക്കുവാൻ സാധ്യതയുണ്ട്. ജനസംഖ്യയിലുണ്ടായ വർദ്ധനവും വിദ്യാഭ്യാസ രംഗത്തെ പുരോഗതിയും കാർഷികമേഖലയോടുളള സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. കൂടുതൽപേരും സേവനമേഖലയിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. കാർഷീക മേഖലയിൽ പരമ്പരാഗതമായി ജോലി ചെയ്തുവന്നിരുന്നവർക്ക് സ്ഥിരജോലിയോ ജീവിതച്ചെലവിനുതകുന്ന വേതനമോ ലഭിക്കാതിരുന്നത് മൃഗസംരക്ഷണം, പാലുൽപ്പാദനം, നിർമ്മാണമേഖലകൾ തുടങ്ങിയ ഇതരമേഖലകൾ തേടുന്നതിന് കാരണമായിട്ടുണ്ട്. ഇത് ഈ രംഗത്ത് തൊഴിൽ ശക്തിയിൽ കുറവു വരുത്തിയിട്ടുണ്ട്. ഈ കാരണത്താൽ കൃഷിഭൂമിയിൽ ചെലുത്തുന്ന മൊത്തം അധ്വാനത്തിൽ കുറവുവരുത്തുന്നതിനും, സമയാസമയങ്ങളിൽകൃഷിപ്പണികൾ തീർക്കാതിരിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്.

വിവിധ വിളകൾ കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തീതിയും ഉൽപ്പാദനക്ഷമതയും

(കൃഷിഭവൻ രേഖ)

പട്ടിക 2

വിള	വിസ്തൃതി (ഹെക്ടർ	ഉൽപ്പാദനം കിലോഗ്രാം	ഉൽപ്പാദനക്ഷമതയും (കിലോഗ്രാം/ഹെക്ടർ)
കുരുമുളക്	155.184	1007406	850
ഏലം	813.56	142373	175
നെല്ല്(1വിള)	150	600000	4000
നെല്ല്(2വിള)	90	315000	3500
ഇഞ്ചി	266.66	2133280	8000
തെങ്ങ്	148.148	271250(തേങ്ങ)	25 തെങ്ങ്
കാപ്പി	148.14	370370	2500
മരച്ചീനി	100	500000	5000
വാഴ	50	30000	6000
കൊക്കോ	25		
പച്ചക്കറി	5		

വിത്തും നടീൽവസ്തുക്കളും

നമ്മുടെ കർഷകർ മിക്കവിളകൾക്കും അതാതുകാലത്ത് ലഭ്യമായ വിത്തുകളും നടീൽ വസ്തുക്കളുമാണ്പയോഗിച്ചിരുന്നത്. ഗവേഷണ കേന്ദ്രങ്ങളിൽ പുറത്തിറക്കിയിരുന്ന അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ സമയാസമയങ്ങളിൽ ലഭ്യമല്ലായിരുന്നു. ലഭ്യമായവപോലും നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥക്കും ഭൂപ്രകൃതിക്കും പലപ്പോഴും അനുയോജ്യമായിരുന്നില്ല എന്ന അനുഭവവും കൃഷിക്കാർക്കുണ്ടായിട്ടുണ്ട്. ചില നെല്ലിനങ്ങൾ, പന്നിയൂർ 1 എന്ന കുരുമുളകിനം ഒക്കെ മറ്റു പല മേഖലകളിലും വിജയിച്ചെങ്കിലും നമ്മുടെ പഞ്ചായത്തിൽ വിജയമായിരുന്നില്ല.

വളം

ആദ്യകാലങ്ങളിൽ നാമമാത്രമായ ജൈവവളം മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. എഴിപതുകളിൽ രാസവളപ്രയോഗത്തിന് തുടക്കം കുറിച്ചു. ഇന്ന് വ്യാപകമായി രാസവളങ്ങളും ജൈവവളങ്ങളും ഉപയോഗിച്ച് വരുന്നുണ്ട്. എന്നാൽ ആവശ്യത്തിന് ജൈവവളം പഞ്ചായത്തിൽ ഉൽപ്പാദിക്കപ്പെടുന്നില്ല. രണ്ട് സ്വകാര്യ വളം കീടനാശിനി കടകളും ഒരു സഹകരണ സ്ഥാപനവും ആണ് വിപണനരംഗത്തുളളത്. ബാക്കി ആവശ്യങ്ങൾ ക്കെല്ലാം സമീപപഞ്ചായത്തുകളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. മണ്ണ് പരിശോധന നടത്തി വിളകളുടെ സ്വഭാവമനുസരിച്ച് കാര്യക്ഷമമായ വളപ്രയോഗം നടക്കുന്നില്ല.

കീടകുമിൾനാശിനികൾ

വിവിധ കൃഷികൾക്കായി കുമിൾ, കീടനാശിനികൾ പൊതുവെ ഉപയോഗിക്കുന്നുണ്ട്. ഏലംകൃഷിക്കാണ് ഏറ്റവും കൂടുതൽ കുമിൾ, കീടനാശിനികൾ പ്രയോഗിക്കുന്നത്. കുരുമുളക്, നെല്ല്, വാഴ എന്നിവക്കും കീടനാശിനി പ്രയോഗം നടത്തുന്നുണ്ട്. കൃഷിഭവനിൽനിന്ന് സമിതികൾ മുഖേനയും ചെറിയതോതിൽ സഹായം നൽകി

വരുന്നുണ്ട്. സാധാരണ കർഷകർ കീടനാശിനികൾ ഉപയോഗിക്കുന്നത് വേണ്ട അളവിലും, വേണ്ട സമയങ്ങളിലുമല്ല എന്ന പോരായ്മ നിലനിൽക്കുന്നു. ഇത് കൃഷിച്ചെലവ് വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല.

കാർഷീകോപകരണങ്ങൾ

കൃഷിഭവൻ, പാടശേഖരസമിതി മുഖേന നൽകിയ ഒരു പവർ ടില്ലർ, കുരുമുളക് സമിതികൾ മുഖേന നൽകിയ 54 റോക്ക് സ്പ്രെയറുകൾ എന്നിവയാണ് പൊതുവായി ലഭ്യമായ കാർഷീകോപകരണങ്ങൾ. ഇടത്തരം വൻകിട കൃഷിക്കാർക്ക് സ്വന്തമായി സ്പ്രെയറുകൾ ഉണ്ട്. സമിതികൾ സ്വന്തമായി വാങ്ങിയിട്ടുള്ള വലിയ. ബാരലുകൾ പൊതുവായി ലഭ്യമാക്കുന്നുണ്ട്. നെല്ലിന്റെ നിലമൊരുക്കൽ ജോലിക്ക് സഹകാര്യ വ്യക്തികളിലായി 3 ജോഡി ഉഴവുമൃഗങ്ങളുണ്ട്. പുറത്ത് നിന്നുവരുന്ന ടില്ലറുകളാണ് ജോലികൾ അധികവും ചെയ്യുന്നത്. കൃഷിഭവൻ മുഖേന നൽകിയ ടില്ലർ ഉപയോഗ ശൂന്യമായി. പഴയകാല കൃഷി സങ്കേതങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു എന്നു തന്നെ പറയാം.

സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കൃഷിക്കാരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിച്ച 6 കുരുമുളക് സംരക്ഷണ സമിതികളും, 3 പാടശേഖര സമിതികളും 1 കേരസമിതിയും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

പട്ടിക 3

കുരുമുളക് സംരക്ഷണ സമിതികൾ	
1	സേനാപതി
2	വട്ടപ്പാറ
3	മേലെ ചെമ്മണ്ണാർ
4	മാങ്ങാത്തൊട്ടി
5	മുക്കുടിൽ
6.	ആവണക്കുംചാൽ

പാടശേഖര സമിതികൾ	
1	അരിവിളംചാൽ
2	വട്ടപ്പാറ
3	സേനാപതി

മനുഷ്യാധ്വാനം

കൃഷിക്ക് ആവശ്യമായ മനുഷ്യാധ്വാന ലഭ്യത മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ മാറ്റം കാർഷീക വൃത്തിയോടുള്ള സമീപനം എന്നിവ ഇതരമേഖലകളിലേക്ക് കർഷകത്തൊഴിലാളികൾ പരിവർത്തനം ചെയ്യപ്പെടാൻ ഇടയായിട്ടുണ്ട്. ഏകദേശം 1025 കർഷകത്തൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ ഏകദേശം 600 ഓളം സ്ത്രീതൊഴിലാളികളും 425 ഓളം പുരുഷതൊഴിലാളികളുമാണുള്ളത്. ശരാശരി കുറഞ്ഞ കൂലി പുരുഷന് 55 രൂപയും സ്ത്രീ തൊഴിലാളിക്ക് 45 രൂപയും. കൂലി പ്രാദേശീകാടിസ്ഥാനത്തിൽ ഏറിയും കുറഞ്ഞും കാണപ്പെടുന്നുണ്ട്.

കാർഷികവായ്പ

കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിന് ഒരു പ്രാഥമിക സഹകരണ സംഘമാണ് പഞ്ചായത്തിലുള്ളത്. ഇതരപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഭൂപണയബാങ്ക്, ലിഡ് ബാങ്കായ യൂണിയൻ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ എന്നിവയും കാർഷികവായ്പകൾ നൽകി വരുന്നു. കൃഷിക്കാർക്ക് ആവശ്യത്തിന് വായ്പലഭ്യമല്ല.

പട്ടിക 4

ബാങ്ക്	പ്രവർത്തനപരിധി
സഹകരണ ബാങ്ക്	പഞ്ചായത്താകെ
ഭൂപണയബാങ്ക്	പഞ്ചായത്താകെ
രാജകുമാരി UBI	1,5,8 വാർഡുകൾ
രാജാക്കാട് UBI	6 ാം വാർഡ്
ശാന്തമ്പാറ UBI	2, 3 വാർഡുകൾ
ഉടുമ്പഞ്ചോല UBI	4, 7 വാർഡുകൾ

ജലസേചനം

നമ്മുടെ കൃഷിരീതി മഴയെ മാത്രം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ചില വൻകിട ഏലത്തോട്ടം എസ്റ്റേറ്റുകളിൽ മാത്രമാണ് ജലസേചനസൗകര്യം ഉള്ളത്. കുളക്കോഴിച്ചാൽ ഭാഗത്ത് പന്നിയാർ നിന്നുള്ള വെള്ളമുപയോഗിച്ച് കനാൽ വഴി കുളക്കോഴിച്ചാൽ പാടശേഖര

ങ്ങളിലേക്ക് വെള്ളം എടുക്കാൻ സംവിധാനം ഉണ്ടെങ്കിലും അത് ഇടിഞ്ഞ് കിടക്കുന്നതിനാൽ പ്രയോജനപ്പെടുന്നില്ല. മേലേചെമ്മണ്ണാർ പാടശേഖരത്തിന് ജലസേചനത്തിനുനേണ്ടി പണിതീർത്ത രണ്ട് ചെക്ക് ഡാമുകൾ ഷട്ടറും, കനാലുകളും അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ഉദ്ദേശിച്ച ഗുണം ചെയ്യുന്നില്ല. നെൽകർഷകരെ വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിക്കുന്നതിനായി തോടിന്റെ വീതികൂട്ടി സൈഡുകെട്ടി വാട്ടർ ഷെഡ് പദ്ധതിയിൽപ്പെടുത്തുകയും ചെയ്യണം.

പ്രധാനമായും രണ്ടുഘട്ടങ്ങളിലായി ലഭിക്കുന്ന മഴയാണ് കൃഷിക്കാശ്രയം. ജൂൺ മുതൽ ആഗസ്റ്റുവരെയുള്ള കാലവർഷവും, സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള തുലാവർഷവും. മഴയിലുണ്ടാകുന്ന കുറവ് ഗുരുതരമായ വരൾച്ചക്ക് കാരണമാകുന്നു. പഞ്ചായത്തിലെ നീരൊഴുക്ക് 28 കി. മി. വരുന്ന 6 വ്യത്യസ്ഥ തോടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. മിക്ക തോടുകളും പടിഞ്ഞാറേക്കൊഴുകി, പന്നിയാറ്റിലോ, ചെമ്മണ്ണാർ പുഴയിലോ ആണ് പതിക്കുന്നത്.

പട്ടിക 5

തോട്	നീളം കി. മി.
തലയൻകാവ് തോട്	5
വട്ടപ്പാറ തോട്	4½
മോളേക്കടിപ്പടി തോട്	3½
അരിവിളംചാൽ തോട്	8
മുക്കുടിൽ തോട്	4
7½ ഏക്കർ തോട്	3

മിക്ക തോടുകളിലെയും നീരൊഴുക്ക് വേനൽക്കാലത്ത് വറ്റിപ്പോവികുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം കൃഷിനാശത്തിനും ഇടവരാറുണ്ട്.

കുളങ്ങൾ കിണറുകൾ

ഒരു ചെറിയ വിഭാഗം കർഷകർക്ക് സ്വന്തമായി കിണറുകളും ജലസേചനസൗകര്യങ്ങളുമുണ്ട്. പഞ്ചായത്തിലെ 20 പൊതുക്കുളങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവ ഇപ്പോൾ പൊതുജനങ്ങൾക്ക് വേണ്ടത്ര ഉപയോഗപ്പെടുന്നില്ല.

പട്ടിക 6

വാർഡ്	കുളങ്ങൾ
1-ാം വാർഡ്	2
2-ാം വാർഡ്	3
3-ാം വാർഡ്	2
4-ാം വാർഡ്	3
5-ാം വാർഡ്	7
6ാം വാർഡ്	2
7-ാം വാർഡ്	1
8-ാം വാർഡ്	ഇല്ല

മണ്ണുസംരക്ഷണം

നമ്മുടെ കൃഷിഭൂമിയിൽ ചരിവു പ്രദേശങ്ങളും താഴ്വരകളുമായതിനാൽ മണ്ണൊലിപ്പ് ഒരു പ്രധാന പ്രശ്നമാണ്. മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ നാമമാത്രമായ തോതിൽ മാത്രമേ നടപ്പാക്കപ്രെട്ടിട്ടുള്ളൂ. ചില കർഷകർ മണ്ണുകയ്യാലകൾ നിർമ്മിക്കുകയും പുല്ല് വച്ച്പിടിപ്പിച്ച് സംരക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മഴ ലഭിക്കുന്ന കാലങ്ങളിൽ കുഴികൾ നിർമ്മിച്ച് മണ്ണും ജലവും സംരക്ഷിക്കുന്ന പ്രവർത്തനം നാമമാത്രമായേ നടക്കുന്നുള്ളൂ.

കൃഷിഭവൻ

1987 ലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. തികച്ചും കാർഷിക മേഘലയായ പഞ്ചായത്തിൽ വലിയ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവൻ പ്രവർത്തനം ഒരു പരിധിവരെ കൃഷിവികശനത്തിന് സഹായിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷം കൃഷിക്കാർക്കും ആധുനിക കൃഷിസങ്കേതങ്ങൾ ലഭ്യമാകുന്ന കാര്യത്തിൽ വളരെ പിന്നിലാണ്.

പ്രശ്നങ്ങൾ

- കുരുമുളകുകൃഷി നേരിടുന്ന രോഗങ്ങളും കൃഷിയുടെ തകർച്ചയും.
- ആധുനിക കൃഷിസങ്കേതങ്ങളും വിദഗ്ദ്ധോപദേശത്തിന്റേയും കുറവ്.
- മണ്ണൊലിപ്പ്.
- കാർഷിക ഉൽപന്നങ്ങളുടെ അടിസ്ഥാനവില ലഭ്യമല്ല.
- അത്യുൽപ്പാദന ശേഷിയുള്ളതും, ഈ പഞ്ചായത്തിൽ അനുയോജ്യമായതുമായ

ഇനങ്ങൾ ലഭ്യമല്ല.

- വർദ്ധിച്ച കൃഷിച്ചെലവ്.
- ജലസേചനത്തിന്റെ അഭാവം.
- മാർക്കറ്റിലെ ചൂഷണം.
- യന്ത്രോപകരണങ്ങളുടെ ഉപയോഗം കുറവ്.
- ഏകീകൃത കൃഷിരീതികളുടെ അപര്യാപ്തത.
- പഴയ കൃഷിസങ്കേതങ്ങൾ.
- എലി, ചാഴി, കാട്ടുപന്നി എന്നിവ വരുത്തുന്ന വിളനാശം.
- നടീൽ വസ്തുക്കളുടെ ദൗർലഭ്യം.

നിർദ്ദേശങ്ങൾ

മണ്ണിന്റെയും, ഭൂപ്രകൃതിയുടേയും പ്രദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരമാവധി 50 വീടുകൾക്ക് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി അതാതു പ്രദേശത്തെ മുഴുവൻ കൃഷിപ്പണികൾക്കും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക. ഏതാണ്ട് 3500 ൽ പരം കുടുംബങ്ങൾ പഞ്ചായത്തിൽ ഉള്ളതിനാൽ ഏകദേശം 70 കർഷക കമ്മിറ്റികൾക്ക് രൂപം കൊടുക്കണം. ഈ കമ്മിറ്റികൾക്ക് ക്ലാസ്സുകൾ എടുക്കുന്നതിനുവേണ്ടി കുറഞ്ഞത് 70 പേർക്ക് പരിശീലനം കൊടുക്കണം. പഞ്ചായത്തിലോ അതിനുപുറത്തോ ഇവർക്കുള്ള പരിശീലനം കൊടുക്കുകയും, പരിശീലകർക്ക് സ്റ്റൈപ്പെൻഡ്റ്റ് കൊടുക്കണം. ഇവരെ ഉപയോഗിച്ചും, കൃഷിശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചും പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ആധുനിക കൃഷിസങ്കേതങ്ങളിൽ ബോധവാന്മാരാക്കണം. മണ്ണിന്റെ ഘടനയ്ക്കും, കാലാവസ്ഥയ്ക്കും യോജിക്കുന്ന വിള കൃഷി ചെയ്യുന്നതിനും നിലവിലുള്ള വിളയുടെ ആകെ പുനരുദ്ധാരണത്തിനും ചെയ്യേണ്ട ശാസ്ത്രീയ കൃഷിസങ്കേതങ്ങളിൽ മുഴുവൻ കുടുംബങ്ങൾക്കും പരിശീലനം കെടുക്കണം. ഈ പദ്ധതിയിൽ, മുഴുവൻ സന്നദ്ധസംഘടനാപ്രവർത്തകർക്കും, വർഗ്ഗ ബഹുജന സംഘടനാപ്രവർത്തകർക്കും പങ്കാളിത്തമുണ്ടാകണം. നിരന്തരമായ പ്രവർത്തനം ശാസ്ത്രീയ സങ്കേതങ്ങൾ കൃഷിക്കാർ സ്വായത്തമാക്കുന്നതുവരെ ഈ പ്രവർത്തനം തുടരേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ കൃഷിയിൽ പൊതുവെ നേരിട്ടിരിക്കുന്ന മുരടിപ്പിന്റെ സ്ഥാനത്ത് വൻ മുന്നേറ്റം നടത്തുവാൻ കഴിയും.

കേരളത്തിലെ പ്രധാന കുരുമുളകുത്പാദന മേഖലയാണ് ഇടുക്കി. ജില്ലയിലെ ഉൽപ്പാദനത്തിൽ ഗണ്യമായ ഒരു പങ്ക് സേനാപതി പഞ്ചായത്തിനുണ്ട്. എന്നാൽ നമ്മുടെ ഗവേക്ഷണ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത് വടക്കൻ ജില്ലകളിലാണ്. ഈ ജില്ലയിലെ മണ്ണിന്റെ ഘടനയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും കുരുമുളക് കൃഷിയുടെ വികസനത്തിനുതകുന്ന തരത്തിൽ ഒരു കുരുമുളക് ഗവേഷണകേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തിലെ വളരെയേറെ ഭൂമിക്ക് പട്ടയം ലഭിക്കാനുണ്ട്. വർഷങ്ങളായി കൈവശംവച്ച് കൃഷിചെയ്തു വരുന്ന കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ ബഹു. സർക്കാർ ഭാഗത്തുനിന്നുമുണ്ടാകണം. പട്ടയത്തിനുള്ള നിയമതടസം നീങ്ങുന്നതുവരെ മുഴുവൻ കർഷകർക്കും കൈവശരേഖ നൽകുക.

കൈവശരേഖയുടെ ഈടിൻമേൽ കൃഷിവികസനത്തിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

- കുരുമുളകു വികസന പദ്ധതിയിൽപ്പെടുത്തി ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സസ്യ സംരക്ഷണ ഉപാധികൾ വളരെ അപര്യാപ്തമാണ്. ഇതു പരിഹരിക്കുന്നതിന് കർഷകർക്ക് ആവശ്യമായത്ര അളവിൽ സസ്യ സംരക്ഷണ ഉപാധികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ.
- ചെറുകിട ഏലം കർഷകർക്ക് കീടനാശിനികൾ, വളം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ.
- ചെറുകിട ഏലം കർഷകർക്ക് കീടനാശിനികൾ, വളം ചെറുകിട ഏലം കർഷകർക്ക് കീടനാശിനികൾ, വളം എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
- കൃഷിഭവന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും കൃഷിവികസന സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യണം.
- അത്യുൽപ്പാദനശേഷിയുള്ള കുരുമുളകു വള്ളികൾ വിതരണം ചെയ്യുകയും ആവർത്തന കൃഷിക്കുള്ള സഹായപരിധി വർദ്ധിപ്പിക്കുകയും ചെയ്യുക.
- നിലവിലുള്ള ജലസേചന ഉപാധികളുടെ അറ്റകുറ്റപണികൾ തീർക്കുകയും പുതിയവ

തയ്യാറാക്കുകയും ചെയ്യുക.

- മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കണം.
- ഗ്രൂപ്പ് ഫാമിംഗ് ഫലപ്രദമാക്കണം.
- കൃഷിക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.
- പൊതുമാർക്കറ്റ് രൂപീകരിച്ച് ശക്തിപ്പെടുത്തണം. മാർക്കറ്റിനെ ലക്ഷ്യമാക്കി കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുക.
- വേനൽക്കാല പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവയുടെ കൃഷി രണ്ടാം വിളവ് തരിശിടുന്ന നെൽപ്പാടങ്ങളിൽ ആരംഭിക്കുക.
- ജൈവവളം ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. രാസവള പ്രയോഗം ശാസ്ത്രീയമാകണം.
- നേഴ്സറി നടത്തുവാൻ പരിശീലനവും, സഹായവും നൽകിക്കൊണ്ട് നടീൽ വസ്തുക്കൾ ആവശ്യത്തിന് ലഭ്യമാക്കണം.
- കർഷകരുടെ ആവശ്യത്തിന് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം.
- ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള സംസ്കരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.
- കർഷികാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുക
- സർക്കാർ നടപ്പിലാക്കുന്ന കർഷക സഹായ പദ്ധതികൾ അർഹരായ കൃഷിക്കാർക്ക് ലഭ്യമാക്കുക.
- പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന നൽകുക. വനവൽക്കരണം നടപ്പിലാക്കുക.
- തരിശുഭൂമിയിൽ ചെയ്യാവുന്ന കൃഷികൾ വികസിപ്പിക്കുക.
- ഒരു കാലത്തെ പ്രധാന വിളയായിരുന്ന ഇഞ്ചിപ്പുല്ലിന്റെ ഏറ്റവും പുതിയ ഇനങ്ങൾ ഉപയോഗിച്ച് കൃഷി പുനരുദ്ധരിക്കുക.
- കൃഷിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്ന തിനുള്ള നടപടികൾ
- ഏറ്റവും നല്ല കൃഷിക്കാരന് അവാർഡ് ഏർപ്പെടുത്തുക.
- ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സമിതിക്ക് അവാർഡ് നൽകുക.
- തോടുകളും പുറമ്പോക്കുകളും സംരക്ഷിക്കപ്പെടണം
- അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, ഊർജ്ജം എന്നീ രംഗങ്ങളിലെ വർദ്ധനവ് കാർഷീകമേഖലയുടെ പുരോഗതിക്ക് ആവശ്യമായതിനാൽ ഈ മേഖലയ്ക്ക് പ്രാധാന്യം നൽകുക.

കുന്നിൻ പ്രദേശങ്ങളും പുൽമേടുകളും തേയിലകൃഷിക്ക് അനുയോജ്യമായതിനാൽ, കൃഷി ആരംഭിക്കുന്നതിനുള്ള സാമ്പത്തീക സഹായവും വിദഗ്ദ ഉപദേശവും ലഭ്യമാക്കിയാൽ, 200 ഹെക്ടറിൽ കുറയാത്ത ഭൂമി കൃഷിയോഗ്യമാക്കുവാൻ കഴിയും. ഇതുമൂലം ആയിരത്തോളം ആളുകൾക്ക് പ്രത്യക്ഷമായും, പരോക്ഷമായും തൊഴിൽ ലഭിക്കുവാൻ ഇടയാകും. കൂടാതെ സാമ്പത്തീക ഉയർച്ച കൈവരിക്കുവാനും കഴിയും.

നമ്മുടെ പഞ്ചായത്തിലെ കൃഷിയുടെ സമഗ്ര വികസനത്തിന് ഒട്ടനവധി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത് പദ്ധതിയാക്കി മാറ്റി ഈ പഞ്ചായത്തിന്റെ വികസനം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് യോജിച്ച് പ്രവർത്തിക്കാം

6 - 2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെപേര്	ആയക്കെട്ട് വിസ്തീർണ്ണം	പണിആരംഭിച്ച പൂർത്തിയായവർഷം	എസ്റ്റിമേറ്റ് ആയിട്ടിണ്ട് എങ്കിൽ അടക്കേണ്ട തുക	ലക്ഷ്യം.
1.	I.H.D.P (T.S.P)	15	10-2-94 - 16-3-96	387923/-	ജലസേചനം
2.	കുളവും അനുബന്ധജോലികളും.	15	19-3-96 - 2-9-96	197128/-	"
3.	കുളവും അനുബന്ധജോലികളും. SOY 86/141 Ward III	15	5-2-96 - 3-10-96	195699/-	"
4.	സംരക്ഷണ ഭിത്തി	15	11-1-95 - 31-1-95	148460/-	മണ്ണുസംരക്ഷണം.
5.	കുളവും അനുബന്ധ ജോലികളും. SP - 1 171/1-2	15	17-10-95 - 23-3-96	191517/-	ജലസേചനം
6.	കുളവും അനുബന്ധ ജോലികളും. 171/1 SP v	15	ആരംഭിക്കാത്തവ		
7.	കുളവും അനുബന്ധ ജോലികളും.	15	ആരംഭിക്കാത്തവ		
	നടന്നുകൊണ്ടിരിക്കുന്നവ				
1.	കുളവും അനുബന്ധ ജോലികളും. S.P III	15	2-9-96 -	194767/-	ജലസേചനം
2.	കുളവും അനുബന്ധ ജോലികളും. S.P V	15	15-9-95 -	248827/-	ജലസേചനം
3.	ജലസേചനത്തെയുദ്ദരിച്ച് ജലവിതരണം.	15	25-9-96 -	195787/-	ജലസേചനം
4.	കുളവും അനുബന്ധ ജോലികളും. SOY No. 142/124/1	15	22-10-96 -	199045/-	ജലസേചനം

5-2 മൃഗസംരക്ഷണവും മത്സ്യകൃഷിയും.

മൃഗസംരക്ഷണം

കാർഷികമേഖലയായ ഈ പഞ്ചായത്തിലെ കർഷകരുടെ പ്രധാന ഉപതൊഴിലാണ് കന്നുകാലിവളർത്തൽ. പശു, ആട്, പന്നി എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൾ പ്രധാനം കോഴിയാണ്. ഇപ്പോൾ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതും, കാലിത്തീറ്റയുടെ വർദ്ധിച്ച വിലയും, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു. പഞ്ചായത്തിലെ പാൽ ശേഖരിക്കുന്നതിന് ഒരു കേന്ദ്രം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഈ കേന്ദ്രത്തിന്റെ പ്രവർത്തനം ഭൂരിഭാഗം പാലുൽപ്പാദകർക്കും പ്രയോജനപ്പടുന്നില്ല. വളരെയധികം കർഷകർ സമീപ പഞ്ചായത്തുകളിലാണ് വിപണനം ചെയ്യുന്നത്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് വളരെ കുറച്ച് പേർക്കു മാത്രമേ പ്രയോജനപ്പടുന്നുള്ളൂ. ഡോക്ടറുടെ സേവനം ലഭ്യമല്ല. സങ്കരയിനം പശുക്കളെയാണ് കൂടുതലും വളർത്തുന്നത്. കാലികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ കുളമ്പുരോഗം, ഉദരരോഗം, വന്ധ്യത, മുടന്തൻപനി, അകിടുവീക്കം എന്നിവയാണ്. രോഗപ്രതിരോഗ നടപടികളെക്കുറിച്ചും ശുചിത്വത്തെ സംബന്ധിച്ചും ഉൽപാദകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ ആരംഭത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസമായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് സബ്സിഡികൾ അനുവദിക്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ ഫലപ്രദമായി ജനങ്ങളിൽ എത്തിയിട്ടില്ല. ആട്, പന്നി, മുയൽ എന്നിവയെ നാമമാത്രമായി മാത്രമേ വളർത്തുന്നുള്ളൂ. കൂടുതൽ കൃഷിക്കാരും മറ്റു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതും, ഈ രംഗത്തെ വരുമാനത്തെക്കുറിച്ചുള്ള അജ്ഞതയും ഈ കൃഷിയിൽ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

പ്രധാന പ്രശ്നങ്ങൾ

1. അത്യുൽപ്പാദന ശേഷിയുള്ള കറവമാടുകളുടെ അഭാവം ഉൽപ്പാദന ക്ഷമതയിൽ വർദ്ധനവുനേടുന്നതിന് തടസ്സമായി നിൽക്കുന്നു.
2. പഞ്ചായത്തിലുള്ള ഏക മൃഗാശുപത്രിയുടെ പ്രയോജനം വളരെക്കുറച്ചു കർഷകർക്കേ ലഭിക്കുന്നുള്ളൂ. അതിനാൽ രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ സമയത്തു ലഭിക്കുന്നില്ല.
3. അടിയന്തിര സന്ദർഭങ്ങളിൽ സ്വകാര്യ മൃഗഡോക്ടറെ വിളിക്കേണ്ടിവരുന്നതിനാൽ ചികിത്സാചെലവ് വളരെ കൂടുന്നു.
4. കാലിത്തീറ്റയുടെ വിലവർദ്ധന.
5. നല്ല തൊഴുത്തുകളുടെ അഭാവം.
6. പാൽ സംഭരണ വിതരണ സംവിധാനങ്ങളുടെ കുറവ്.
7. പാലിന് ന്യായവില ലഭ്യമല്ല.
8. പഞ്ചായത്തിൽ കന്നുകാലിചന്തകളോ, ശാസ്ത്രീയ സംവിധാനങ്ങളോടെയുള്ള അറവുശാലകളോ ഇല്ല.

സാദ്ധ്യതകൾ

1. അത്യുൽപ്പാദന ശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കുക.
2. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ആവശ്യങ്ങളും കണക്കിലെടുത്ത് മൃഗാശുപത്രികളും സബ്സെന്ററുകളും കൂടുതൽ അനുവദിക്കുക.
3. കാലിവളർത്തലിന് സബ്സിഡിയോടെയുള്ള

വായ്പാസൗകര്യം ലഭ്യമാക്കണം.

6. ആടുവളർത്തലിന് പഞ്ചായത്തിൽ ധാരാളം സാധ്യതകളുണ്ട്. ഉൽപ്പാദനക്ഷമത കൂടിയ ഇനം ആടുകളെ ലഭ്യമാക്കേണ്ടതുണ്ട്.

7. നല്ലവിപണന സാധ്യതകളുള്ള ഇറച്ചി ക്കോഴികളെ വളർത്തുന്നതിന് ആവശ്യമായ സാമ്പത്തിക, സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

8. പന്നി, മുയൽ, എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

❑



കച്ചിറപ്പാലം (പന്നിയാർ)

5-3 വ്യവസായം

സേനാപതി പഞ്ചായത്തിൽ പറയത്തക്ക വ്യവസായ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. സിമന്റിഷ്ടിക, കൈവരി എന്നിവയുണ്ടാക്കുന്ന ഒരു സ്വകാര്യ സ്ഥാപനം സേനാപതിയിൽ പ്രവർത്തിക്കുന്നുണ്ട്. സേനാപതി പഞ്ചായത്തിലെ അടിസ്ഥാനസൗകര്യങ്ങളുടെ പിന്നോക്കാവസ്ഥ, ആവശ്യത്തിനുള്ള വൈദ്യുതിയുടെ ദൗർലഭ്യം, റോഡ്, വാർത്താവിനിമയ രംഗങ്ങളിലെ പിന്നോക്കാവസ്ഥ എന്നിവയെല്ലാം മൂലം ഈ പഞ്ചായത്തിൽ വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ പ്രധാന കാർഷിക ഉൽപന്നങ്ങൾ, ഏലം, കുരുമുളക്, കാപ്പി, ഇഞ്ചി എന്നിവയാണ്. ഈ ഉൽപന്നങ്ങൾ സംസ്കരണ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. മാങ്ങ, ചക്ക, ചക്കക്കുരു, നെല്ലിക്ക എന്നിവ അതാതിന്റെ സമയങ്ങളിൽ വളരെ വിലക്കുറവിൽ ലഭ്യമാണ്. ഇവയെഅടിസ്ഥാനപ്പെടുത്തിയ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും സാധ്യയുണ്ട്. ലഭ്യമായ മറ്റു പ്രകൃതിവിഭവം കരിങ്കല്ലാണ്. മെത്താപ്പ്, വട്ടപ്പാറ, അഞ്ചുമുക്ക്, ആവണക്കുംചാൽ, മാങ്ങാത്തൊട്ടി, ചെമ്മണ്ണാർ എന്നീ ഭാഗങ്ങളിൽ കാണപ്പെടുന്നുണ്ട്. തടികുറെയൊക്കെ ലഭ്യമാണ്. ഇത്തരത്തിൽ ലഭ്യമായ വിവിധ വിവഭങ്ങൾ ഉപയോഗപ്പെടുത്തിയാൽ നമ്മുടെ പഞ്ചായത്തിന് അന്യമായ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. സാധ്യതയുള്ള മറ്റൊരു മേഖല ക്ഷീരോൽപ്പന്നങ്ങളാണ്. മുള അടിസ്ഥാനമാക്കിയുള്ള ചെറുകിട, കരകൗശല വ്യവസായത്തിനും സാധ്യതയുണ്ട്.

പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയുടെ അപര്യാപ്തതയും സാമ്പത്തിക സാങ്കേതിക വൈദഗ്ദ്യമുള്ളവരുടെ അഭാവം എന്നീ കാരണങ്ങളാൽ, പുറത്തുനിന്നും, പഞ്ചായത്തിനുള്ളിലും ഉള്ളവർക്ക് വ്യവസായം തുടങ്ങാൻ താൽപ്പര്യമില്ല.
2. അടുത്തകാലത്ത് ആരംഭിച്ച പട്ടുനൂൽപ്പുഴു വളർത്തലും വേണ്ടത്ര ഫലപ്രദമായീട്ടില്ല. സിൽക്ക് ബോർഡ് ഈ വ്യവസായത്തിനായി കൊടുത്തുകൊണ്ടിരിക്കുന്ന തുകകൾപോലും കർഷകർ ദുരുപയോഗം ചെയ്യുകയാണ്.
3. മാർക്കറ്റ്, സാങ്കേതികസഹായം എന്നിവയുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
2. ഗതാഗത സൗകര്യങ്ങൾ വ്യവസായ വികസനത്തിന് അത്യാവശ്യമായതിനാൽ ഉയർന്ന പരിഗണനകൾ നൽകി ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. ഭക്ഷ്യസംസ്കരണ മേഖലയിൽ വ്യവസായം തുടങ്ങുവാൻ താൽപര്യമുള്ള സംരഭകർക്ക് പരിശീലനവും, സാമ്പത്തിക സഹായവും ലഭ്യമാക്കിയാൽ ഇന്ന് പാഴായിപ്പോകുകയോ, താരതമ്യേന കുറഞ്ഞ വില ലഭിക്കുന്നതോ ആയ മാങ്ങ, ചക്ക, നെല്ലിക്ക, നാരങ്ങ എന്നിവ അടിസ്ഥാനമാക്കിയ വ്യവസായങ്ങൾക്ക് വലിയ സാധ്യതയുണ്ട്.
4. പ്രധാന കാർഷികവിളകളായ കുരുമുളക്, ഏലം, കാപ്പി, ഇഞ്ചി തുടങ്ങിയവ അടിസ്ഥാനമാക്കിയ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.
5. ചെറുകിടവ്യവസായങ്ങൾ എന്ന നിലയിൽ കോഴി, പന്നി, മുയൽ, കാട, എന്നിവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തു

ന്നതിന് സാധ്യതയുണ്ട്.

6. അച്ചാർ നിർമ്മാണം, തേനീച്ചവളർത്തൽ, മെഴുകുതിരി നിർമ്മാണം, കാപ്പിപ്പൊടി, പ്ലാസ്റ്റിക് ബാഗുകൾ കൂടകൾ അലങ്കാര വസ്തുക്കൾ എന്നിവയുടെ നിർമ്മാണം എന്നിവ സ്ത്രീകൾക്കോ, അവരുടെ സഹകരണസംഘങ്ങൾക്കോ തുടങ്ങുവാൻ പറ്റിയവയാണ്.
7. തടിയും, മുളയും അടിസ്ഥാനമാക്കിയുള്ള ഫർണീച്ചർ, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.
8. കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ് എന്നിവയും, അധികമായുൽപ്പാദിപ്പിക്കുന്ന തീറ്റപ്പുല്ലുകൾ സംഭരിച്ച് സൈലേജാക്കി മാറ്റുന്ന വ്യവ സായങ്ങൾക്കും സാധ്യതയുണ്ട്.
9. ടെയിലറിങ്ങ്, റെഡിമെയിഡ് യൂണിറ്റുകൾ എന്നിവക്കും സാധ്യതയുണ്ട്.
10. കരിങ്കല്ല്, പാറപ്പൊടികൾ എന്നീ വ്യവസായങ്ങൾക്കും സാധ്യതയുണ്ട്.
11. പഞ്ചായത്തിൾ ലഭ്യമായ ക്ഷീരോൽപന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.

തികച്ചും കാർഷിക മേഖലയായ സേനാപതി പഞ്ചായത്തിനെ, കാർഷികാ ധിഷ്ഠിതമായ നിരവധി വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ, കാർഷിക, വ്യാവസായിക അടിസ്ഥാന പഞ്ചായത്താക്കി മാറ്റുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല നിർദ്ദേശങ്ങളും സ്വകാര്യ സംരഭകർക്കും, സഹകരണ സ്ഥാപനങ്ങൾക്കും, വനിതാ സഹകരണസ്ഥാപനങ്ങൾക്കും, വനിതകൾക്കും അനുയോജ്യമായവയാണ്. ഇവയെല്ലാം പ്രാവർത്തികമാക്കി മാറ്റുന്നതിന് വേണ്ട പദ്ധതികൾ നമുക്ക് രൂപപ്പെടുത്തുവാൻ കഴിയും.

*



(നവമ്പർ 1) പുനരർപ്പണ ദിനത്തിൽ പ്രസിഡന്റ്. ശ്രീ. കെ. കെ. സുകുമാരൻ റോഡ് പണി ഉത്ഘാടനം ചെയ്യുന്നു

5-4 വിദ്യാഭ്യാസം

സേനാപതി പഞ്ചായത്ത്, ചതുരംഗപ്പാറ, കാന്തിപ്പാറ, ഉടുമ്പൻചോല എന്നീ മൂന്നു വില്ലെജുകളുടെ ഭാഗങ്ങൾ കൂടിചേർന്നകാണ്. ഈപഞ്ചായത്ത്കുടിയേറ്റ കാർഷിക മേഖല യാണ്. മലയാളം, തമിഴ് എന്നീ ഭാഷകൾ മാത്ര ഭാഷകളായിട്ടിള്ളുവരാണ് ഇവിടുത്തെ നിവാസികൾ.

1950 കാലഘട്ടങ്ങളിൽ ഇവിടുത്തെ നിവാസികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ പോലും ഉണ്ടായി രുന്നില്ല.ഇന്നത്തെ രീതിയിലുള്ള ബാലവാടി കളോ, പഴയരീതിയിലുള്ള ആശാൻകളരി പോലും അന്നുണ്ടായിരുന്നില്ല. നിരന്തരമായ നഴയ്ു അതിശൈത്യവും കുട്ടികളെ വീടുകളി ൽനിന്നും വെളിയിൽ വിടുന്നതിന് കഴിയാത്ത ഭീകരാവസ്ഥ സൃഷ്ടിക്കുകയും ചെയ്തിരുന്നു.

ഈ പഞ്ചായത്തിലെ ആദ്യവിജ്യാഭ്യാസ സഥാപനം ആരംഭിച്ചത് ഗവ ട്രൈബൽ അരിവിളംചാൽ ആണ്. എന്നാൽ ഏലത്തോട്ട ങ്ങലീൽകൂടി കുന്നും, മലയും കയറിയിറങ്ങി വളരെ കിലോമീറ്ററുകൾ സഞ്ചരിച്ചുനേണം കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചഅരുവാൻ. യാതൊരു യാത്രാസൗകര്യങ്ങളും ഇല്ലാത്ത ഈ സ്ഥലത്തു വന്ന് ജോലി നോക്കിവാൻ നാട്ടിൻ പുറങ്ങളിൽ നിന്നുമുള്ള അദ്ധ്യാപകർ തയ്യാറാ കാത്തതിനാൽ ആദ്യകാലങ്ങളീൽ ഈ സ്കൂളിൽ അദ്ധ്യാപകരും കിറവായിരുന്നു. ഉ പഞ്ചായത്തിൽ ഇന്നും സ്കൂൾ ഒന്നുമാത്രമേ യുള്ളൂ. അത് ഇന്നും സ്കുളായിത്തന്നെ നില നിൽക്കുന്നു.

ഈ പഞ്ചായത്തിൽ പിന്നീട് തുടങ്ങിയ സ്കൂൾ മലങ്കരയാക്കോബായ സഭയുടെ തൊട്ടിക്കാനംപള്ളിവകയായി സേനാപതിയിൽ തുടങ്ങിയ സ്കൂളാണ്. അത് ഹൈസ്കൂളായി അപ് ഗ്രേഡ്ചെയ്യുകയും നല്ലനിലയിൽ പ്രവർ ത്തിച്ചുവരികയും ചെയ്തിരുന്നു. എന്നാൽ ഉടക്കാലം കൊണ്ട് സ്കൂളിലെ പഠന നിലവാരം താഴുകയും അതേകുടർന്ന് നാട്ടുകാരുടേയും സ്കൂൾ മാനേജ്മെന്റിന്റേയും ശ്രമഫലമായി സ്കൂളിന്റെ നിലവാരതകർച്ചക്ക് പരിഹാരം കാണുവാൻ ശ്രമീക്കുകയും ചെയ്തു.

ഈ പഞ്ചായത്തിലുള്ള മറ്റൊരു സ്കൂളാണ് കോതമംഗലം രൂപതയുടെ കീഴിലുള്ള കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ. ഇവിടെയും മുതൽ വരെയുള്ള ക്ലാസുകളാണ് ഉള്ളത്. ഇത് നല്ലനിലയിൽ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ മുകളിൽ പറഞ്ഞ 3 സ്കൂളുകളും, 4 അംഗൻവാടികളുമാണ ഇപ്പോ ഴുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ. ഇവയെല്ലാം മലയാളം മാധ്യമത്തിലുള്ള വിദ്യാലയങ്ങളാണ്. തമീഴ് മാതൃഭാഷയായിട്ടുള്ള ധാരാളം ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി യാതൊന്നും ചെയ്യുവാൻ ഈ പഞ്ചായത്തിന് കഴഅഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിൽ സാങ്കേതിക വീദ്യാഭ്യാസസ്ഥാപനങ്ങളോ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കതിക വിദ്യ പഠിക്കുന്ന തിന് ഉന്നതവിജ്യാഭ്യാസത്തിനും ഈ പഞ്ചായ ത്തിൽ നിന്നും ദൂരെ സ്ഥലങ്ങളിൽ പോകണം. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും റോഡുകളു ടെയും, വാഹനങ്ങളുടെയും അപര്യാപ്തതയും ഥൂരസ്ഥലങ്ങളിൽ പോയിയുള്ള പഠനം അസാദ്ധ്യമാക്കുന്നു. രക്ഷിതാക്കളിൽ ഭൂരിഭാ ഗവും തോഴിലാളികളും ചോറുകിട കർഷ കരുമായതിനാൽ കുട്ടികളെ നാട്ടിൻപുറങ്ങളിൽ അയച്ച് പഠിപ്പിക്കുവാൻ കഴിയാതെവരുന്നു. സാഹചര്യത്തിന്റെ സമ്മർദ്ദവും സ്കൂളുകളിൽ എത്തിച്ചേരുവാനുള്ള ദൂരക്കൂടുതലും ധാരാളം

കുട്ടികളെ സ്കൂളിൽ അയച്ച് പിഠിപ്പിക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ പ്രതികൂല സാഹകര്യങ്ങലെയെല്ലാം അതിജീവിച്ച് ബിരുദവും ബരുദാന്തരബിരുദവും നേടിയവരും വൈദ്യ ശാസ്ത്രത്തിൽ ബരുദം നേടിയവരും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ കേരള ത്തിന്റെ നറ്റു ഭാഗങ്ങളെ വെച്ചു നോക്കിമ്പോൾ നമ്മുടെ പഞ്ചായത്ത് വിഭ്യാസപരമായ ബാലപീഢകൾ പിന്നിട്ടിട്ടില്ല എന്നുതന്നെ പറയാം.

വിദ്യാഭ്യാസപരമായി നമ്മുടെ പഞ്ചായത്ത് ഇനിയും വളരെ ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. കേരളത്തിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് അതിശൈത്യമായ കാലാവസ്ഥയും, കുന്നും, മലഞ്ചെരുവുകളും, ഏലക്കാടുകളുമായ ഭൂപ്രകൃതി കൊച്ചുകുട്ടികൾക്ക് ദൂരസഞ്ചാരത്തിന് യോജിച്ചതല്ല. ആയതിനാൽ ഏതോരു കുട്ടിക്കും ഏറ്റവും കൂടിയത് 1 ½ ദൂരം സഞ്ചരിക്കുമ്പോൾ എത്താൻ കഴിയുന്ന തരത്തിൽ സ്കൂളുകൾ തുടങ്ഹി പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഓരോ കുട്ടിക്കും ഉറപ്പുവരുത്തുക.

സ്കൂളിൽ എത്താൻ പരമാവധി 2 ഉം ഹൈസ്കൂളിൽ എത്താൻ പരമാവധി 4 ഉം മാത്രമേ ദൂരമാകാവൂ. തമിഴ് സംസാരിക്കുന്നവർക്കു വേണ്ടി കമിഴ് മാധ്യമത്തിലുള്ള ക്ലാസ്സുകൾ ആവശ്യമുള്ള എല്ലാ സ്കൂളുകളിലും തുടങ്ങണം.

സ്കൂളുകളുടെ വിദ്യാഭ്യാസഗുണ നിലവാരം ഉയർത്തുവാൻ പഞ്ചായത്ത്തലങ്ങളിൽ ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യണം. ഗുണപ്രദവും, ഫലപ്രദവുമായി പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലുംഉണ്ടായിരിക്കണം. കുട്ടികളുടേയും, അദ്യാപകരു ടെയും, രക്ഷിതാക്കളുടെയും യോജിച്ച പ്രവർത്തനം ഉറപ്പാക്കണം. മാതൃ സംഗമം ഫലപ്രദ മായി പ്രവ്യത്തിപ്പിക്കണം.

പാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കത്തക്കരീതിയിൽ കഴിവുള്ള കലാകായിക അദ്യാപകരെ ഓരോ സ്കൂളിലും നിർബന്ധമായും നിയമിക്കണം. ഓരോ വിദ്യാലയത്തിലും കാലാകാലങ്ങളിൽ പരിശോധനകൾ മേലധികാരികൾ നടത്തണം. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കായിക അദ്യാപകരെ നിയമിച്ചും ഇതിനാവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിച്ചും തുടർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കണം.

സേനാപതി ഗ്രാമപഞ്ചായത്ത് വിദ്യാലയവിവരങ്ങൾ

പട്ടിക 1

ക്രമ സ്കൂളിന്റെ നമ്പർ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം	അദ്യാപകരുടെ എണ്ണം.			അദ്യാപക പരിശീലന യോഗ്യത
			M	F	Total	
1. സെന്റ് സെബാസ്റ്റ്യൻസ് H.S കാന്തിപ്പാറ	എയ്ഡഡ്	227	8	7	15	
2. ബേസിൽ ഹൈസ്കൂൾ സേനാപതി	എയ്ഡഡ്	241	7	6	13	
3. ഗവ. ട്രൈബൽ അരിവിളംചാൽ	സർക്കാർ	117	4	Nil	4	

പട്ടിക 2

ആനുകൂല്യം സംബന്ധിച്ച വിവരം.

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

മെറിറ്റ് സ്കോളർഷിപ്പ്	ലപ്സം ഗ്രാൻഡ് S.C S.T	മിസ്സീപെൺ കുട്ടികളുടെ എണ്ണം .	വികലാംഗ സ്കോളർഷിപ്പ്	തോട്ടംതൊഴിലാളികളുടെ കുട്ടികൾക്ക് ആനുകൂല്യം	ഉയർന്നമാർക്കുള്ള S.T കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള സഹായധനംനൽകിയത	ആകെ
അരിവിളംചാൽ	6 31	-	-	-	10%	59
കാന്തിപ്പാറ സൈന്റ് സെബാസ്റ്റ്യൻസ് 8 പേർക്ക്	16	-	-	-	-	24
സേനാപതി മാർബേസിൽ	60		-	10	ഇല്ല	71

പട്ടിക 3

സേനാപതി ഗ്രാമപഞ്ചായത്ത് വിദ്യാലയസൗകര്യങ്ങൾ

സ്കൂളിന്റെപേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ
ഗവ.അരിവിളംചാൽ	5ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
മാർബേസിൽ സേനാപതി	4ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സൈന്റ് സെബാസ്റ്റ്യൻസ് കാന്തിപ്പാറ	3ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

പട്ടിക 4

ഗവ. ട്രൈബൽ L. P സ്കൂൾ, .അരിവിളംചാൽ

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

STD	ആകെ കുട്ടികൾ			S.C			S.T			പഠനം നിറുത്തിയവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	18	18	36	1	-	1	4	6	10	1		1
II	16	14	30		1	1	5	2	7	1		1
III	13	12	25		2	2	4	4	8	1	1	2
IV	15	11	26	2		2	3	3	6	2	1	3
	62	55	117	3	3	6	16	15	31	5	2	7

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികംസ്വാധീനം ചെലുത്തുന്ന ഘടകങ്ങളിലൊന്നാണ് ശുദ്ധമായ കുടിവെള്ളം. പഞ്ചായത്തിലെ മുഴുവനാളുകളും കുടിവെള്ളത്തിനായി കിണറുകൾ, ഓലി(നീരുറവക്കുഴി)കൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. തുലാവർഷത്തിനുശേഷം ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ 70% കുടിവെള്ള ശ്രോതസുകളും വറ്റിപോകുന്നു. ഇതുമൂലം ശുദ്ധജല ആവശ്യത്തിനായി ജനങ്ങൾ നെട്ടോട്ടമോടുന്ന അവസ്ഥയാണുള്ളത്. വറ്റാത്ത ജലശ്രോതസ്സുകൾ പഞ്ചായത്തിൽ പല ഭാഗത്തും ലഭ്യമാണെങ്കിലും ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പഞ്ചായത്തിന് സാമ്പത്തിക പരാധീനതകൾ ഏറെയാണ്. എങ്കിലും പഞ്ചായത്തിന്റെ, തനതായ പദ്ധതികളിലും ഗവൺമെന്റിന്റെ വിവിധ ഏജൻസികളിൽകൂടിയും കിണറുകൾ കുളങ്ങൾ മുതലായവ നാമമാത്രമായി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ കയിഞ്ഞിട്ടിട്ടുണ്ട്.

പട്ടിക 1

വാർഡ്	കുളങ്ങൾ	കിണറുകൾ
I		1
II		1
III	1	1
IV	2	
V	2	1
VI	2	2
VII		1
VIII		2

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ

കുളങ്ങൾ	പുഴകൾ	തോടുകൾ
ആകെ 14 എണ്ണം	1. പന്നിയാർ പുഴ 2. ചെമ്മണ്ണാർ പുഴ	1.തലയങ്കാവ് തോട് 2. വട്ടപ്പാറ " 3. സേനാപതി " 4. മോളെക്കുടിപ്പടി " 5. അരിവിളംചാൽ " 6. മുക്കുടീൽ " 7. 7½ ഏക്കർ "

പഞ്ചായത്തിൽ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

1. മാങ്ങാത്തൊട്ടി പ്രദേശം
2. സേനാപതി പ്രദേശം
3. മുക്കുടീൽ പ്രദേശം
4. മാവാസിറ്റി പ്രദേശം
5. വട്ടപ്പാറ പ്രദേശം
6. അരിവിളംചാൽ പ്രദേശം
7. മെത്താപ്പ് പ്രദേശം
8. കാറ്റൂതി പ്രദേശം
9. ചെമ്മണ്ണാർ പ്രദേശം
10. പ്രതാപ് മേട് കോളനി പ്രദേശം
11. ആവണക്കുംചാൽലക്ഷംവീട് കോളനി പ്രദേശം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ മേഖലകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനായി സർക്കാർ തല ശുദ്ധജലവിതരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.
3. പഞ്ചായത്തിലെ മിക്ക ജലസ്രോതസ്സുകളും

വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്.

4. പ്രകൃതിദത്തമായി ലഭിക്കുന്ന മഴവെള്ളം തടഞ്ഞുനിറുത്തുന്നതിനും പുഴകളിലും തോടുകളിലും ഒഴുകുന്ന ജലം സംഭരിച്ച് ശുദ്ധീകരിച്ച് വിതരണം നടത്തുന്ന പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തത്,

പരിഹാരനിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ വടക്കെ അതിരിലൂടെ ഒഴുകുന്ന പന്നിയാർ പുഴയിൽനിന്നും വെള്ളം പമ്പുചെയ്ത് സേനാപതിയിലും മങ്ങാത്തൊട്ടിയിലും ടാങ്കുകൾ നിർമ്മിച്ച് പൈപ്പിട്ട് വിതരണം ചെയ്യുന്ന സ്കീം നടപ്പാക്കുന്നതോടുകൂടി 1, 2, 5, 8 വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് കുറെ പരിഹാരം കാണുവാൻ കഴിയും.

മുക്കടീൽ 6 ാം വാർഡിൽ രാശിഎസ്റ്റേറ്റ് ഭാഗത്തുള്ള പഞ്ചായത്തുകുളം അറ്റകുറ്റപണികൾതീർത്തും അതിനോടനുബന്ധിച്ച് ടാങ്കുകൾ നിർമ്മിച്ച് പൈപ്പുവഴി വെള്ളം വിതരണം ചെയ്യുന്നതോടുകൂടി ഈ പ്രദേശത്തു 150 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

ഗാന്ധിപ്പാറ എസ്റ്റേറ്റിലുള്ള പഞ്ചായത്തുകുളം വിപുലീകരിച്ചും അറ്റകുറ്റപ്പണികൾ തീർത്തും പൈപ്പുവഴി വെള്ളം വിതരണം നടത്തിയാൽ ഗാന്ധിപ്പാറ ഹരിജൻ കോളനിവാസികളുടെ കുടിവെള്ളലക്ഷാമം പരിഹരിക്കാം.

കുത്തുങ്കൽ പ്രദേശത്ത് പഞ്ചായത്തുവക സ്ഥലത്ത് ഒരു വാട്ടർടാങ്ക് തീർത്ത് പൈപ്പ് വഴി വിതരണം നടത്തിയാൽ 100 ഓളം കുടുംബങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

പ്രതാപ് കോളനി (ഗിന്ധിപ്പാറ I.H.D.P കോളനി) കുളംനിർമ്മിച്ച് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പുചെയ്ത് ശേഖരിച്ച് വിതരണം ചെയ്താൽ ഈ പ്രദേശത്തെ മുഴുവനാളുകൾക്കും പരിസരപ്രദേശമായ ചെമ്മണ്ണാർ, ഏഴരയേക്കർ എന്നീ പ്രദേശങ്ങളിലെ ഏഴാം വാർഡിലുള്ള 200 ഓളം കുടുംബങ്ങൾക്കു പ്രയോജനപ്പടും.

പഞ്ചായത്തിലെ ഒട്ടാത്തിയിൽ പഞ്ചായത്തുകുളം വിപുലീകരിച്ച് മോട്ടോർ ഉപയോഗിച്ച് സമീപത്തുള്ള ടാങ്കിൽ വെള്ളം ശേഖരിച്ച് വിതരണം നടത്തിയാൽ ഉദ്ദേശം 250 ഓളം കുടുംബങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

ചെമ്മണ്ണാർ പ്രദേശത്തെ മഞ്ഞിളപ്പടിയിൽ ഒരു കുളം നിർമ്മിച്ച് പൈപ്പിട്ട് വെള്ളം വിതരണം ചെയ്താൽ ഈ പ്രദേശത്തെ ഹരിജനങ്ങൾക്കും മറ്റുവിഭാഗക്കാർക്കും വളരെ പ്രയോജനകരമാണ്.

പഞ്ചായത്തിലെ ഉയർന്നപ്രദേശമായ സ്വർഗ്ഗം മേട്ടിൽ സുഗമായി ലഭിക്കുന്ന നീരൊഴുക്കിനെ തടഞ്ഞു നിർത്തി അവിടെനിന്നും പൈപ്പുവഴി വെള്ളം വിതരണം ചെയ്യുന്നതിലൂടെ തദ്ദേശവാസികളായ നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കും

വട്ടപ്പാറ വടക്കേക്കുളത്തിൽ (പൊതു) നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പുചെയ്ത്വട്ടപ്പാറയിലുള്ള ടാങ്കിൽ ശേഖരിച്ച് പൈപ്പുവഴി വിതരണം നടത്തിയാൽ തദ്ദേശവാസികളായ നൂറോളം കുടുംബങ്ങൾക്ക് പ്രയോജനംചെയ്യും.

പഞ്ചായത്തിന്റെ കിഴക്കേഅതിർത്തിപ്രദേശമായ നെട്ടുകുത്താൻമലയിൽ നിന്നും ഉത്ഭവിക്കുന്ന തോട്ടിൽ തടയണനീർമ്മിച്ച് ജലം സംഭരിച്ച് പൈപ്പുവഴി വിതരണം ചെയ്യുകവഴി വട്ടപ്പാറ, മെത്താപ്പ്, കലയൻകാവ്, മേലെ ചെമ്മണ്ണാർ തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിനും ഉപയോഗിക്കാൻ പര്യാപ്തമായ ഒരു പ്രധാനപ്പെട്ട പദ്ധതിയായിരിക്കും.

ആവണക്കുംചാൽ 4 സെന്റ് കോളനി പ്രദേശത്തിനു സമീപമുള്ള പന്നിയാറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച്, ടാങ്കുനിർമ്മിച്ച്, വെള്ളംശേഖരിച്ച് വിതരണംചെയ്താൽ ആവണക്കുംചാൽ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

പഞ്ചായത്തിലെ ബാക്കിപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കിണറുകളും കുളങ്ങളും വർഷാവർഷം അറ്റകുറ്റപ്പണികൾ ചെയ്തും ശുദ്ധീകരിച്ചും ഉപയോഗിക്കുകവഴി പരിഹരിക്കുവാൻ കഴിയുന്നതാണ്.

ആരോഗ്യം

ആരോഗ്യമുള്ള ഒരു ജനതയാണല്ലോ ഏതൊരു നാടിന്റെയും ഏറ്റവും വലിയ സമ്പത്ത്. ശാരീരികവും മാനസികവും സാമൂഹ്യവുമായ

സമ്പൂർണ്ണ സുസ്ഥിതി എന്നാണ് ലോകാരോഗ്യസംഘടന ആരോഗ്യത്തെ നിർവചിക്കുന്നത്കുന്നത്. ഈ സുസ്ഥിതി പോഷകാഹാരങ്ങൾ കഴിക്കുന്ന തിലൂടെയും,വ്യക്തി പരിസര ശുചിത്വത്തിലൂടെയും നല്ല കുടുംബസാമൂഹിക ബന്ധങ്ങളിലൂടെയും അതിലുപരി ശരിയായ ആരോഗ്യവിദ്യാഭ്യാസ ത്തിലൂടെയും മാത്രമേ സാധിക്കുകയുള്ളൂ. ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് പലപ്പോഴും എല്ലാജനങ്ങളിലും ഈ ആരോഗ്യ അവബോധം വളർത്തിയെടുക്കുക എന്നുള്ളത് ദുഷ്കരമാണ്. അതുകൊണ്ടുതന്നെ ഈ ഭരണസമിതി അധികാരത്തിൽ വന്നതിനു ശേഷം ഏറ്റവുമധികം ഊന്നൽ നൽകിവരുന്നത് താഴെ തട്ടിലുള്ള ജനങ്ങൾക്ക് അവരുടെ അടിസ്ഥാനആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവരിൽ അവബോധം വളർത്തിയെടുക്കന്നതിനുമായി ആരോഗ്യ ചർച്ചാക്ലാസ്സുകളും സെമിനാറുകളും രോഗപ്രതിരോഗകുത്തിവയ്പ്പുകളും സംഘടിപ്പിക്കുക എന്നുള്ളതാണ്.

ഏതൊരു പ്രദേശത്തെയും ആരോഗ്യപ്രശ്നങ്ങളെ ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവയെ ആധാരമാക്കിയാണ് വിലയിരുത്തുന്നത്. ഈ പഞ്ചായത്തിലെ മരണ നിരക്ക് 5.5 ആണ്. ജനന നിരക്ക് 17.5 ആണ്. ജനന മരണ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലം ജനസംഖ്യ വർദ്ധിക്കുന്നു. ശിശുമരണ നിരക്കും മാതൃമരണനിരക്കും താരതമ്യേന വളരെ കുറവാണ്.

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം
1993-94	218	61
1994-95	209	69
1995-96	196	53

ഒരു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 259 ആയിട്ടുണ്ട്. അതിൽ 211 എണ്ണത്തിന് പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയിട്ടുണ്ട് കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരപ്പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പ്രായം	നോർമൽ		1ാംഗ്രേഡ്		2ാംഗ്രേഡ്		3ാംഗ്രേഡ്		ആകെ
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	
1വയസ്സിനു താഴെ	88	82	28	35	12	14	...	...	259
1-3 വയസ്സ്	118	122	78	81	37	39	4	6	485
3-6 വയസ്സ്	101	109	97	99	48	51	7	9	521

1-ാംഗ്രേഡ് ലഘുവായ പോഷണകുറവുള്ളവർ

2-ാംഗ്രേഡ് മിതമായ പോഷണകുറവുള്ളവർ

3-ാംഗ്രേഡ് ഗുരുതരമായ പോഷണകുറവുള്ളവർ

അംഗവൈകല്യ നിരക്ക് 1.5 ആണ്

മന്ദബുദ്ധികളുടെ എണ്ണം

പ്രായം	എണ്ണം
0-5	3
6-10	6
11-15	11
16ന് മേൽ	21
ആകെ	41

ക്ഷയരോഗികൾ 13 എണ്ണം ഉണ്ട്. കുഷ്ഠരോഗികൾ റിപ്പോർട്ട് ചെയ്തിട്ടില്ല. മലമ്പനി രോഗം ഉണ്ടായവരെ ഇവിടെ ചികിത്സിച്ചിട്ടില്ല. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ പനിയായി വന്ന് മലമ്പനി രോഗിയായി ചികിത്സിച്ചവർ 5 പേരാണ്. ഇപ്പോഴത്തെ മാരക രോഗമായ എയിഡ്സ് ആരിലും ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

പ്രായ അടിസ്ഥാനത്തിൽ ദമ്പതികളുടെ കണക്ക് താഴെ കൊടുക്കുന്നു.

	സ്ത്രീയുടെ പ്രായം	എണ്ണം
1	15-19	55
2	20-24	279
3	25-29	386
4	30-34	366
5	35-39	266
6	40-44	200
	ആകെ	1552

അമ്മമാരുടെ എണ്ണം (കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം
1 കുട്ടി	367
2 കുട്ടി	470
2 ൽ കൂടുതൽ	715
ആകെ	1552

കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ

കുട്ടികളുടെ എണ്ണം	അമ്മമാർ
1 കുട്ടി	185
1 കുട്ടി	341
2 ൽ കൂടുതൽ	644
ആകെ	1170

സ്ഥായിയായി രോഗബാധിതർ 211 ആണ്.

ഈ പഞ്ചായത്താൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഒരു ആയുർവ്വേദ ആശുപത്രിയും മാത്രമാണുള്ളത്. ഭൂമിശാസ്ത്രപരമായി വളരെ വിസ്തൃതമായി കിടക്കുന്ന ഈ പഞ്ചായത്തിൽ ഈ രണ്ടു സ്ഥാപനങ്ങൾ തീരെ അപര്യാപ്തമാണ്.

ക്രമം.	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ചവർഷം	പ്രശ്നങ്ങൾ
	പ്രൈമറി ഹെൽത്ത്സെന്റർ അരുവിളംതാൽ(ഇതിന്റെ കീഴിൽ നാലു സബ്സെന്ററുകളുണ്ട്)	അലോപ്പതി	വാടക	16	1991	ഡിസ്പെൻസറി കെട്ടിടത്തിന്റെ ഗുണനിലവാരം കുറവ്
	ഗവ. ആയുർവ്വേദ ഡിസ്പെൻസറി	ആയുർവേദം	സ്വന്തം	3	1973	

സ്ഥാപനപരമായ പ്രശ്നങ്ങൾ

1. പി. എച്ച്. സി. അരുവിളംചാൽ

ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത് പഞ്ചായത്തിന്റെ ഹൃദയഭാഗമായ അരുവിളംചാലിൽ ആണ് എങ്കിലും യാതൊരു വിധ വാഹന സൗകര്യങ്ങളും ഇല്ലാത്തതിനാൽ, പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഈ സ്ഥാപനം കൊണ്ട് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. കാരണം പഞ്ചായത്തിലെ സേനാപതി, വട്ടപ്പാറ, മേലേചെമ്മണ്ണാർ, തലയംകാവ്, മാവറസിറ്റി, കുത്തുങ്കൽ, മുക്കുടിൽ എന്നീ സ്ഥലങ്ങളിൽനിന്നും കിലോമീറ്ററുകളോളം നടന്നുവന്നാൽ മാത്രമേ ഈ സ്ഥാപനത്തിൽ നിന്നും മരുന്നുവാങ്ങിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇതിന്റെ കീഴിൽ തന്നെ പഞ്ചായത്തിന്റെ വിദൂരസ്ഥലങ്ങളിൽ ഓരോ മിനി പി. എച്ച്. സെന്ററുകൾ കൂടി സ്ഥാപിച്ച് ഡോക്ടേഴ്സിനെ നിയമിച്ചാൽ മാത്രമേ ഈ മേഖലയിലെ ആരോഗ്യപ്രശ്നത്തിന് പരിഹാരമാവുകയുള്ളൂ.

ഈ സെന്റർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഒ.പി. വിഭാഗം മാത്രമേയുള്ളൂ. ജനങ്ങളെ കിടത്തിചികിത്സിക്കാനുള്ള സൗകര്യം നിലവിൽ ഇല്ല. ഫീൽഡ് സ്റ്റാഫിന് ഇരിക്കുവാനോ കോൺഫ്രൻസ് കൂടുവാനോ സൗകര്യമില്ല. ഓരോ ഹെൽത്ത് ഇൻസ്പെക്ടറുടെയും ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെയും ഒഴിവുണ്ട്. ഇതിന്റെ കീഴിൽ വരുന്ന സബ്സെന്ററുകൾ 4 എണ്ണം ആണ്. 1. മാങ്ങാത്തൊട്ടി സബ്സെന്റർ 2. മുക്കുടിൻ സബ്സെന്റർ 3. സേനാപതി • സബ്സെന്റർ4. വട്ടപ്പാറ സബ്സെന്റർ. ഇതിൽ സേനാപതി സബ്സെന്ററും മുക്കുടിൻ സബ്സെന്ററും ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വട്ടപ്പാറ മാങ്ങാത്തൊട്ടി എന്നിവിടങ്ങളിൽ സ്വന്തമായ കെട്ടിടമാണ് ഉള്ളത് എങ്കിലും വെള്ളം, ഇലക്ട്രിസിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അവയും പ്രവർത്തനയോഗ്യമല്ല.

2. ഗവ. അയുർവ്വേദ ഡിസ്പെൻസറി

ഉടുമ്പൻചോല പഞ്ചായത്തിന്റെ അതിർത്തിയായ ചെമ്മണ്ണാറിൽ സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് ഈ പഞ്ചായത്തിലെ വളരെ കുറച്ചുപേർക്കെ ഈ ഡിസ്പെൻസറികൊണ്ട് പ്രയോജനമുള്ളൂ. ഉദ്ദേശം 10 സെന്റുസ്ഥലത്താണ് ഈ ആശപത്രി സ്ഥിതിചെയ്യുന്നത്. ചുറ്റുമതിലുകൾ വേണം. മെയിന്റനൻസ് നടത്തണം. വൈദ്യുതി വെള്ളം മുതലായവ എത്തിക്കണം. ആവശ്യത്തിനു പാത്രങ്ങളൊ രജിസ്റ്ററുകളൊ ഇല്ല. സ്റ്റാഫുകളും കുറവാണ്.

ആരോഗ്യമേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. വാഹനസൗകര്യങ്ങളുടെ അപര്യാപ്തത മൂലം ആശുപത്രിയുടെ സേവനം മുഴുവൻ ആളുകളിലും ലഭിക്കുന്നില്ല. 10 മുതൽ 15 കി.മി. വരെ കാൽനടയായിവന്നാലേ ആശുപത്രി യിലെത്തിച്ചേരൂ. അതുകൊണ്ട് ഒരു വിഭാഗം ജനങ്ങൾക്കേ പ്രയോജനം ലഭിക്കുന്നുള്ളൂ.
2. സ്ഥിരമായി പി. എച്ച്. സെന്ററിൽ ഡോക്ടറില്ല.
3. ആവശ്യത്തിനു മരുന്നില്ല.
4. സെന്ററിന് സ്വന്തമായി കെട്ടിടമില്ല.
5. ശുദ്ധജലവിതരണ പദ്ധതികൾ ഇല്ലാത്തതിനാൽ പല ഹോട്ടലുകളും വേണ്ടത്ര ശുചിത്വം പാലിക്കാത്തതിനാൽ ജലത്തിലൂടെ പകരുന്ന മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയ രോഗങ്ങൾ പകർന്നു പിടിക്കുവാൻ ഇടവരുന്നു.
6. പലവീടുകളിലും കക്കൂസുകൾ ഇല്ലാത്തതിനാൽ കുട്ടികളിൽ കൂടുതലായി വയറിളക്കവും വിരശല്യവും കാണപ്പെടുന്നു.
7. ശരിയായ രീതിയിൽ മലിന ജലം ഓഴുക്കികളയുവാനുള്ള ഓടയോ ചപ്പുചവറുകൾ നീക്കിക്കളയുവാനുള്ള സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഈച്ച, കൊതുക് വഴി പകരുന്നുന്ന സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള പി. എച്ച്. സെന്ററിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്വന്തമായ കെട്ടിടം പണിയുകയും അതിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള 10 ബെഡ്ഡോടുകൂടിയ സൗകര്യം ഉണ്ടാക്കുക.

2. പഞ്ചായത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് പഞ്ചായത്തിലെ മുക്കുടിൽ, വട്ടപ്പാറ എന്നിവടങ്ങളിൽ കൂടി ഓരോ ഡോക്ടറുടെ സേവനം കൂടി ലഭ്യമാകത്തക്കവിധം മിനി പി. എച്ച്. സെന്ററുകൾ കൂടി നിർമ്മിക്കുക.
3. നിലവിലുള്ള അയുർവ്വേദ ഡിസ്പെൻസറിയുടെ പ്രയോജനം എല്ലാ വിഭാഗങ്ങൾക്കും ലഭ്യമല്ലാത്തതിനാൽ ഒരു ഡിസ്പെൻസറി കൂടി സ്ഥാപിക്കണം.
4. ആശുപത്രികളിൽ ആവശ്യത്തിന് സ്റ്റാഫുകളെ നിയമിക്കണം. അത്യാവശ്യ മരുന്നുകളും എത്തിക്കണം.
5. സ്ഥിരം ഡോക്ടറെ നിയമിക്കണം. ഡോക്ടറുടെ സേവനം നിർബന്ധമാക്കണം.
6. സബ് സെന്ററുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എല്ലാ സെന്ററിലും സ്റ്റാഫിനെ നിയമിക്കണം. ഗർഭിണികളുടെയും കൊച്ചുകുട്ടികളുടെയും രക്ഷ ഉറപ്പുവരുത്തുന്നതിന് അവർക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.
7. സേനാപതി, മുക്കുടിൽ എന്നീ സബ്സെന്ററുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുക.
8. അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിലെ എല്ലാ റോഡുകളിലും ശുദ്ധജലവിതരണ പദ്ധതി എത്തിക്കുക. അതുവഴി പല പകർച്ച വ്യാധികളും തടയുവാൻ സാധിക്കും.
9. ഹോട്ടലുകളിലെ ശുചിത്വം കർശനമാക്കുക. കുറ്റകരമായ അനാസ്ഥ കാണിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.
10. എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുവാൻ പ്രോത്സാഹനവും സഹായവും ചെയ്യുക.
11. മലിനജലം ഓഴുക്കികളയുവാനും ചപ്പുചവറുകൾ നീക്കം ചെയ്യുവാനും സംവിധാനം ഉണ്ടാക്കുക.
12. രോഗപ്രധിരോധ നടപടികൾ ഊർജ്ജിതമാക്കുക.
13. പന്നിയാർ പുഴയിൽ, സേനാപതി, ഇല്ലിപ്പാലം, മാനിക്കാട്ടുകുടിപടി, കുളക്കോഴിച്ചാൽ ഇഞ്ചപ്ലാക്കൽപടി, നടമറ്റം തോപ്പിൽപടി, കച്ചിറപ്പാലത്തിനുസമീപം, മുക്കുടിൽ ഇല്ലിപ്പാലത്തിന് സമീപം തുടങ്ങിയിടങ്ങളിൽ കുളിക്കടവുകൾ നിർമ്മിക്കുക.

പ്രതിരോധമാണ് ചികിത്സയേക്കാൾ മെച്ചം (PREVEN TION IS BETTER THAN CURE) എന്നു പറയുന്നതുപോലെ നാം രോഗം വന്നു ചികിത്സിക്കാൻ കാത്തുനിൽക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് രോഗം വരാതെ സൂക്ഷിക്കുക എന്നുള്ളത്. അതിന് നാം ചെയ്യേണ്ടത് നല്ല ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കുക എന്നുള്ളതാണ്. നല്ല പോഷകാഹാരങ്ങൾ കഴിക്കുന്നതിലൂടെയും വ്യക്തിശുചിത്വം പാലിക്കുന്നതിലൂടെയും നമ്മുടെ പരിസരശുചിത്വത്തിലൂടെയും ഫലപ്രദമായ രോഗപ്രതിരോധ നടപടികളിലൂടെയും അനാരോഗ്യകരമായ ദുശ്ശീലങ്ങൾ ഓഴിവാക്കുന്നതുവഴിയും നമുക്ക് നല്ല ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുവാൻ സാധിക്കും. അതുവഴി രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം സാക്ഷാത്കരിക്കപ്പെടും.

ഇന്ന് മാനവരാശി നേരിടുന്ന ഏറ്റവും വലിയ ആരോഗ്യപ്രശ്നമാണ് എയ്ഡ്സ് രോഗം. നമ്മുടെ കോച്ചു കേരളവും ഇന്ന് എയ്ഡ്സ് രോഗഭീഷണിയെ നേരിടുകയാണ്. കേരളത്തിൽ 200 ൽ ഓരാൾ ഇന്ന് രോഗാണുവാഹകരാണ്. ഫലപ്രദമായ പ്രധിരോധ നടപടികൾ സ്വീകരിച്ചിലയെങ്കിൽ എയ്ഡ്സ് ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ ആരോഗ്യപ്രശ്നമായി മാറും. അറിവ് നേടുക എന്നുള്ളതുമത്രമാണ് ഇന്ന് എയ്ഡ്സിനെതിരെയുള്ള ഫലപ്രദമായ പ്രതിരോഗ ചികിത്സ്.

5-6 ഊർജ്ജം, ഗതാഗതം

ഊർജ്ജം

പഞ്ചായത്തിന്റെ ഊർജ്ജ ആവശ്യത്തിന്റെ മുഖ്യ പങ്കും നിർവഹിക്കുന്നത് വിറകാണ്. പഞ്ചായത്തിൽ ആകെയുള്ള 3485 വീടുകളിൽ 881 എണ്ണത്തിൽ മാത്രമേ വൈദ്യുതി എത്തിക്കുവാൻസാധിച്ചിട്ടുള്ളു. ഉള്ള വീടുകളിൽ തന്നെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വെളിച്ചത്തിന്റെ ആവശ്യം നിറവേറ്റുന്നത് പ്രധാനമായും മണ്ണെണ്ണയാണ്. ഇത് ആവശ്യത്തിന് ലഭിക്കുന്നില്ല. പാചകാവശ്യത്തിന് മണ്ണെണ്ണ സ്റ്റൗ, ഗോബർ ഗ്യാസ്, L.P.G എന്നിവ നാമമാത്രമായി ഉപയോഗിക്കുന്നുണ്ട്. വിറകടുപ്പുകൾ ഏതാണ്ട് മിക്കതും ക്ഷമത കുറഞ്ഞ നാടൻ അടുപ്പുകളാണ്. അടുത്തകാലത്തായി വിറക് ദുർലഭമായിക്കൊണ്ടിരിക്കുന്നു. ഇത് ക്ഷമത കൂടിയ വിറകടുപ്പുകൾ വ്യാപകമാക്കേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു. ക്ഷമതകൂടിയതും പുകയില്ലാത്തതുമായ അടുപ്പുകൾ പഞ്ചായത്തിന്റെ അങ്ങിങ്ങായി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വീട്ടിലെ അംഗങ്ങളുടെയും മറ്റും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വലിപ്പത്തിൽ ലഭിക്കുന്നില്ല. തന്നെയുമല്ല ചുരുങ്ങിയകാലംകൊണ്ടുതന്നെ ആളുകൾ സാധാരണ അടുപ്പുകളിലേയ്ക്ക് തിരിച്ചു പോകുന്നസ്ഥിതിയുമുണ്ട്. നിലവാരം കുറഞ്ഞ സാധനസാമഗ്രികൾ ഉപയോഗിക്കുന്നതും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ലഭ്യമല്ലാത്തതും ഇതിനൊരു കാരണമാണ്. ഇക്കാരണങ്ങൾകൊണ്ട് പുതുതായി ഇത്തരം അടുപ്പുകൾ ഉണ്ടാക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച കർഷകർക്കും വേണ്ടത്ര പ്രയോജനം ഇതുകൊണ്ട് ലഭിക്കുന്നില്ല. ചുരുങ്ങിയകാലം കൊണ്ടുതന്നെ വേണ്ടത്ര ഇന്ധനം ലഭിയ്ക്കാതാകുന്നത് ഇതിനോടുള്ള താൽപ്പര്യം കുറയാൻ ഇടയാക്കിയിട്ടുണ്ട്. സേനാപതി പഞ്ചായത്തതിർത്തിയിൽ ഒരു സോഡിയംവേപ്പർ ലാമ്പും നാലു ബൾബുകളുമാണ് തെരുവുവിളക്കുകളായിട്ടുള്ളത്.

പ്രശ്നങ്ങൾ

1. വേണ്ടത്ര വൈദ്യുതി ലഭിയ്ക്കുന്നില്ല.
2. വേണ്ടത്ര വോൾട്ടേജില്ല, വേനൽക്കാലത്ത് പ്രത്യേകിച്ചും.
3. വിറകിന്റെ ദൗർലഭ്യവും, അധികവിലയും.
4. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും പ്രവർത്തനത്തെ സംബന്ധിച്ചു വേണ്ടത്ര അറിവില്ലാത്തതിനാലും കർഷകർക്ക് ഇതിനോടുള്ള താൽപ്പര്യം കുറഞ്ഞിട്ടുണ്ട്.
5. മണ്ണെണ്ണ ആവശ്യത്തിന് ലഭിയ്ക്കുന്നില്ല.
6. പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങളുടെ അഭാവം.
7. സ്ട്രീറ്റ് ലൈറ്റുകൾ വേണ്ടത്ര ഇല്ല.

നിർദ്ദേശങ്ങൾ

1. മുഴുവൻ വീടുകൾക്കും വൈദ്യുതി ലഭ്യമാക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും, വീടുകൾക്കും ചെറുകിട വ്യവസായ സംരംഭകർക്കും വൈദ്യുതി ലഭിയ്ക്കുന്നതിനും സേനാപതി പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ പണിയുകയും ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിയ്ക്കുകയും ചെയ്യുക.
3. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിയ്ക്കാൻ സാധിക്കുന്ന ധാരാളം വീടുകൾ പഞ്ചായത്തിലുണ്ട്. ഇതിനുള്ള സബ്സിഡി പരിധി ഉയർത്തുകയും, വീട്ടിലെ ഊർജ്ജ ആവശ്യവും, ചാണകലഭ്യതയും അനുസരിച്ച് യോജിച്ച വലിപ്പത്തിലുള്ളവ സ്ഥാപിയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് കാലാകാലങ്ങളിൽ വേണ്ട വിദഗ്ദ്ധ ഉപദേശം ലഭ്യമാക്കുകയും വേണം. ഇതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം കൊടുക്കണം.

4. ആവശ്യമുള്ള എല്ലാ വീടുകളിലും പുകയില്ലാത്തതും ഇന്ധനക്ഷമതയുള്ളതുമായ വിറകടുപ്പുകൾ സ്ഥാപിക്കുക. ഇതിന്റെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി കുറഞ്ഞത് ഒരു വാർഡിൽ ഒരാൾക്കെങ്കിലും പരിശീലനം കൊടുക്കണം.
5. 6 മാസത്തോളം സുലഭമായി ലഭിയ്ക്കുന്ന സൗരോർജ്ജം വിളക്കുകൾ തെളിയ്ക്കുന്നതിനും പാചക ആവശ്യത്തിനും ഉപയോഗപ്പെടുത്തിയാൽ വേനൽക്കാലത്തുണ്ടാകുന്ന വോൾട്ടേജ് ക്ഷാമത്തിനും ഊർജ്ജ ആവശ്യത്തിനും ഉതകും. ഇതിനായി വരുന്ന ചെലവിന്റെ ഒരു ഭാഗം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ സാധിക്കും.
6. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തിന് കാറ്റുതി, സ്വർഗ്ഗംമേട് എന്നീ പ്രദേശങ്ങളിൽ സാധ്യതയുണ്ട്.
7. വിറകിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വനവൽക്കരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക. പുറമ്പോക്ക്, തരിശ് ഭൂപ്രദേശങ്ങൾ ഇതിനുവേണ്ടി ഉപയോഗിക്കാം.
8. ക്ഷമതകൂടിയ വൈദ്യുതി വിളക്കുകൾ (C.F.L.) സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾക്ക് സബ്സിഡി നൽകുക.
9. ആവശ്യമായ മേഖലകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

ഗതാഗതം

റോഡുകളുടെ ബൃഹത്തായ ഒരു ശൃംഖലയാണ് സേനാപതി പഞ്ചായത്തിലുള്ളത്. കുടിയേറ്റകാലങ്ങളിൽ രാജാക്കാട്, രാജകുമാരി, ഉടുമ്പൻചോല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള ഒറ്റയടിപ്പാതകളാണ് കുടിയേറ്റകർഷകർ ഉപയോഗിച്ചിരുന്നത്. ഉടുമ്പൻചോല പഞ്ചായത്തിന്റെ 3-ാം വാർഡിന്റേയും 11-ാം വാർഡിന്റേയും 12-ാം വാർഡിന്റേയും ഭാഗങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തെയാണ് സേനാപതി പഞ്ചായത്തായി വേർതിരിച്ചത്. കുടിയേറ്റത്തിനുശേഷമുള്ള വളരെ നാളുകൾ കാർഷികോല്പന്നങ്ങൾ തലച്ചുമടായി ഉദ്ദേശം 25 കി.മീ. അകലെയുള്ള സ്ഥലങ്ങളിൽ വിറ്റഴിക്കുകയും തിരിച്ച് നിത്യോപയോഗ സാധനങ്ങൾ കൊണ്ടുവരികയും ചെയ്തിരുന്നു.

കാർഷികോല്പന്നങ്ങളുടെ വർദ്ധനവിനനുസരിച്ചും ജനങ്ങളുടെ റോഡിന്റെ ആവശ്യകത വർദ്ധിച്ചപ്പോഴും തദ്ദേശ വാസികളുടെ കൂട്ടായ പ്രവർത്തനവും സഹായങ്ങളും ചേർന്ന് വെട്ടുവഴികൾ ഉണ്ടായി. ഇപ്രകാരം രൂപംപ്രാപിച്ച വെട്ടുവഴികൾ പിൽക്കാലത്ത് പഞ്ചായത്തുകൾ ഏറ്റെടുക്കുകയും പഞ്ചായത്തുറോഡുകൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഇങ്ങനെ പഞ്ചായത്തിൽ 70 കി.മീ. പഞ്ചായത്തുറോഡുകൾ ഉണ്ട്. ഇവ ചെമ്മൺ റോഡുകളാണ്. മഴക്കാലമാകുന്നതോടെ റോഡുകളെല്ലാം മഴവെള്ളപ്പാച്ചിലിൽ കുത്തിയൊലിച്ചുപോകുന്നു. പഞ്ചായത്തിലൂടെ ആകെ രണ്ട് P.W.D. റോഡുകളാണ് കടന്നു പോകുന്നത്. ഇതിൽ ശാന്തൻപാറ പൊട്ടൻകാട് റോഡ് P.W.D. ഏറ്റെടുത്തിട്ട് 40 വർഷത്തിലേറെയായി. സമീപകാലത്തായി പഞ്ചായത്തിൽ ആകെയുള്ള 7കി.മീ. ദൂരത്തിൽ, റോഡിന്റെ രണ്ടറ്റത്തും കൂടി ഒന്നര കി.മീ. ആണ് ടാർചെയ്തത്. ബാക്കിഭാഗം ഇപ്പോഴും ചെമ്മൺപാതയായി അവശേഷിക്കുന്നു. ടി, പി.ഡബ്ല്യു.ഡി. റോഡിൽകൂടി പഞ്ചായത്താസ്ഥാനമായ സേനാപതിയിലേക്ക് 20 ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. വാണിജ്യകേന്ദ്രമായ രാജകുമാരിയുമായി ബന്ധിപ്പിക്കുന്ന ഈ റോഡിന്റെ പഞ്ചായത്തിലെ ബാക്കി ഭാഗങ്ങൾ പണിപൂർത്തിയായാൽ ആവണക്കിൻചാൽ, കൊളക്കോഴിച്ചാൽ, സേനാപതി, വട്ടപ്പാറ, തലയൻകാവ്, കാറ്റുതി തുടങ്ങിയ പ്രദേശങ്ങളിലെ താമസക്കാരായ ആളുകളുടെ യാത്രാസൗകര്യങ്ങൾ നിറവേറ്റപ്പെടുകയും കാർഷികവ്യവസായ മേഖലകൾക്ക് അഭിവൃദ്ധിയുണ്ടാകുകയും ചെയ്യും.

1982ൽ എം.എൽ.എ. ആയിരുന്ന ശ്രീ. എം. ജിനദേവന്റെ നിർദ്ദേശപ്രകാരം ചാക്കുളത്തിമെട്ട് രാജാക്കാട് റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തു. ടി റോഡ് ഈ പഞ്ചായത്തിലെ ചെമ്മണ്ണാർ, വെങ്കലപ്പാറ, ഒട്ടാത്തി, അരിവിളംചാൽ, മാങ്ങാത്തൊട്ടി, കനകപ്പുഴ മുതലായ പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്നതാണ്. ഏകദേശം 9 കി. മീ. നീളം വരുന്ന ഈ റോഡ് ഇതുവരേയും ഗതാഗതത്തിന് യോഗ്യമായിട്ടില്ല. ഈ റോഡിന്റെ പണി ഉടുമ്പൻചോല പഞ്ചായത്തിലെ ചെമ്മണ്ണാർ വരെ ആദ്യഘട്ടമായി പണിതീർത്തിട്ടുണ്ട്. 1992 ൽ മാത്രമാണ് 9 കി. മീ. നീളമുള്ള ഈ റോഡിന്റെ രണ്ടര കി. മീ. പണി പൂർത്തിയാക്കാൻ കഴിഞ്ഞത് 1991 ൽ

എം.എൽ.എ. ആയിരുന്ന ശ്രീ. ഇ. എം. ആഗസ്തി രാജകുമാരി മാങ്ങാത്തൊട്ടി റോഡ് ന്യൂ എം.എൽ.എ. റോഡ് സ്കീമിൽ ഉൾപ്പെടുത്തി. രാജകുമാരി പാലം മുതൽ അരിവിളംചാൽ വരെ രണ്ടു കിലോമീറ്റർ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ റോഡ് ശാന്തൻപാറ പൊട്ടൻകാട് റോഡിനെ രാജകുമാരി പാലത്തിങ്കൽവച്ചും രാജാക്കാട് ചാക്കുളത്തിമെട്ട് റോഡിനെ അരിവിളംചാലിൽ വച്ചും സന്ധിക്കുന്നു. സേനാപതിയിൽ നിന്നും വട്ടപ്പാറ വഴി വെങ്കലപ്പാറക്കുള്ള റോഡ് ഉദ്ദേശം 5 കി.മീ. നീളമുള്ളതാണ്. മൂന്നു കി.മീ മാത്രമേ പണി പൂർത്തിയായിട്ടുള്ളു. ഈ റോഡ് രാജാക്കാട് ചാക്കുളത്തിമെട്ട് റോഡുമായും ശാന്തൻപാറ പൊട്ടൻകാട് റോഡുമായും സന്ധിക്കുന്നു.

രാജാക്കാട് ചാക്കുളത്തിമെട്ട് പി.ഡബ്ല്യു.ഡി. റോഡും ചെമ്മണ്ണാറിൽ നിന്നും പാമ്പുപാറ മാവറ സിറ്റി കുത്തുങ്കൻ വഴി രാജാക്കാടിനുള്ള റോഡും പണി പൂർത്തിയാകുന്നതോടുകൂടി രാജാക്കാട്, സേനാപതി, ഉടുമ്പൻചോല എന്നീ പഞ്ചായത്തുകളിലെ പതിനായിരക്കണക്കിന് ആളുകൾക്ക് നെടുങ്കണ്ടം താലൂക്കാസ്ഥാനത്ത് എത്തിച്ചേരുന്നതിന് ഇന്നുള്ളതിൽ നിന്നും 20 കി.മീ. യാത്രാദൂരം കുറയുന്നതിനിടയാക്കും.

പഞ്ചായത്തിന്റെ പടിഞ്ഞാറതിർത്തി പ്രദേശമായ കുത്തുങ്കൽ നിന്നും പഞ്ചായത്താസ്ഥാനമായ സേനാപതിയിലേയ്ക്ക് മുക്കുടിൽ, കാന്തിപ്പാറ, ഒട്ടാത്തി, അരിവിളംചാൽ എന്നീ പ്രദേശങ്ങളിലൂടെ കടന്നു പോരുന്നതും 6, 7, 2, 5, 1 എന്നീ വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ഈ റോഡിന്റെ മുക്കുടിൽ മുതൽ കാന്തിപ്പാറ വരെയുള്ള രണ്ടര കി. മീ. മാത്രമാണ് വീതികൂട്ടി മെറ്റലിംഗ് നടത്തിയിട്ടുള്ളത്. ബാക്കിവരുന്ന ഉദ്ദേശം 6.5 കി.മീ. ഭാഗം അടിയന്തിര പ്രാധാന്യത്തോടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ തോട്ടം തൊഴിൽ മേഖലകളായ വട്ടപ്പാറനിന്നും തലയൻകാവിലേയ്ക്കും ഒട്ടാത്തിയിൽ നിന്നും മുക്കുടിലിൽ നിന്നും നിലവിലുള്ള ചെമ്മൺ പാതകൾ മഴക്കാലങ്ങളിൽ മഴവെള്ളം കുത്തിയൊഴുകി റോഡിൽ തോടുകൾ ഉണ്ടാകുന്നതുമൂലം വാഹനഗതാഗതത്തിന് പര്യാപ്തമല്ലാതാകുന്നു. ഈ റോഡുകൾ ആയിരക്കണക്കിന് ജനങ്ങൾ ഉപയോഗിക്കുന്നവയാണ്. മുക്കുടിൽ നിന്നും രാജാക്കാട്ടിലേയ്ക്ക് ഇല്ലിപ്പാലം വഴിയുള്ള റോഡ് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ റോഡുകളെയെല്ലാം പരസ്പരം ബന്ധിപ്പിക്കുന്ന പഞ്ചായത്ത്റോഡുകളും നിരവധിയുണ്ട്. അങ്ങനെ ബൃഹത്തായ ഒരു റോഡ് ശൃംഖലതന്നെയാണ് ഈ പഞ്ചായത്തിനുള്ളത്. പല റോഡും വർഷാവർഷം പണി ചെയ്യാത്തതിനാൽ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല.

പഞ്ചായത്തിന്റെ മൂന്നുവശവും പുഴകളാലും തോടുകളാലും ചുറ്റപ്പെട്ടുകിടക്കുന്നതിനാലും പഞ്ചായത്തിൽ നിന്നും പുറംലോകവുമായി ബന്ധപ്പെടുന്നതിന് കലുങ്കുകളും പാലങ്ങളും നിർമ്മിയ്ക്കേണ്ടതുണ്ട്. ചെമ്മണ്ണാർ പാലം, കനകപ്പുഴപ്പാലം (കച്ചിറപ്പാലം), കുത്തുങ്കൽപ്പാലം, വാക്കേസിറ്റിപ്പാലം, രാജകുമാരിപാലം തുടങ്ങിയവ പ്രാധാന്യമർഹിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ വാർഡുകളിൽ പഞ്ചായത്തേറ്റെടുത്തവയും ഏറ്റെടുക്കാത്തവയുമായി പ്രാദേശിക പ്രാധാന്യമുള്ള ഒട്ടുവളരെ റോഡുകളുമുണ്ട്.

<u>പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും</u>

വാർഡ് 1. വാർഡിൽ 10 കി.മീ. റോഡുകൾ ഉണ്ട്. ഗതാഗത സൗകര്യം വളരെ കുറവാണ്. റോഡുകളെല്ലാം തകർന്ന നിലയിലാണ്.

വാർഡിൽകൂടി കടന്നു പോകുന്ന റോഡ് P.W.D. ഏറ്റെടുത്തുവെങ്കിലും രണ്ടറ്റങ്ങളിലുമായി 1 കി.മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളു. ഇനിയും 4 കി.മീ. ടാറിംഗ് നടത്താനുണ്ട്. ഇത് എത്രയും വേഗം ചെയ്യണം. അമ്പലപ്പടി രാജകുമാരി പാലം റോഡ് എത്രയും വേഗം പുനരുദ്ധരിക്കണം. കൂടാതെ രാജകുമാരി എൻ. എസ്. എസ്. കോളേജും സേനാപതി മാർ ബേസിൽ ഹൈസ്കൂളും തമ്മിൽ ഏറ്റവും കുറഞ്ഞ ദൂരത്തിൽ പന്നിയാർ പുഴയ്ക്കു കുറുകെ ഒരു പാലം നിർമ്മിയ്ക്കണം.

ശാന്തമ്പാറ പൊട്ടൻകാട് P.W.D. റോഡ് പഞ്ചായത്തിന്റെ ഒന്നും രണ്ടും അഞ്ചും എട്ടും വാർഡുകളിലൂടെ കടന്നുപോകുന്നതുകൊണ്ട് പഞ്ചായത്തിന്റെ ഏറ്റവും പ്രാധാന്യമുള്ള റോഡാകയാൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

പോസ്റ്റോഫീസ്പടി പന്നിയാർപുഴ റോഡ് വീതികൂട്ടി പണിയുക. സേനാപതി പള്ളിക്കുന്ന് റോഡും വീതികൂട്ടി പണിത് ഗതാഗതയോഗ്യമാക്കണം. ശാന്തൻപാറ പൊട്ടൻകാട് റോഡിന്റെ സൈഡിൽ സേനാപതി ഭാഗത്തുള്ള റവന്യൂ ഭൂമി ഏറ്റെടുത്ത്

ബസ്സ് സ്റ്റാൻറും വെയിറ്റിംഗ് ഷെഡും നിർമ്മിക്കുക.

വാർഡ് 2.

15 കി.മീ. റോഡുകൾ ഉള്ളതിൽ 13കി.മീ. ചെമ്മൺ റോഡുകളാണ്. ഇവ ഗതാഗതയോഗ്യമല്ല. അഞ്ചുമുക്ക് മുതൽ മാങ്ങാത്തൊട്ടി വരെയുള്ള റോഡ് പൂർത്തീകരിക്കുക. വാർഡിൽ അഞ്ചുമുക്ക് ഒട്ടാത്തിക്കാനം റോഡും അടിയന്തിരമായി പണി തീർക്കേണ്ടതാണ്. വട്ടപ്പാറ സേനാപതി മധ്യഭാഗത്തായി 300 മീ. റോഡ് പൂർത്തിയാക്കേണ്ടതാണ്. വട്ടപ്പാറ സേനാപതി മധ്യഭാഗത്തായിട്ടുള്ള ഈ റോഡിന്റെ ടാറിംഗ് എത്രയും വേഗം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം.

ചാക്കുളത്തിമെട്ട് രാജാക്കാട് P.W.D. റോഡിന്റെ ഭാഗമായ വെങ്കലപ്പാറമുതൽ മാങ്ങാത്തൊട്ടിവരെയുള്ള ഭാഗം എത്രയും പെട്ടെന്ന് പണിതീർത്ത് ഗതാഗതയോഗ്യമാക്കുക.

ശാന്തൻപാറ പൊട്ടൻകാട് P.W.D. റോഡ് സേനാപതി മുതൽ ആവണക്കിൻചാൽ വരെയുള്ള ഭാഗം പണിതീർത്ത് ഗതാഗതയോഗ്യമാക്കുക. സേനാപതി കുത്തുങ്കൽ റോഡിന്റെ വാളായിചിറപ്പടി മുതൽ ഒട്ടാത്തിക്കാനം വരെ പണിതീർത്ത് ഗതാഗതയോഗ്യമാക്കുക. വട്ടപ്പാറ എസ്റ്റേറ്റ് ഒട്ടാത്തിക്കാനം റോഡ് ഗതാഗതയോഗ്യമാക്കുക.

വട്ടപ്പാറ കരികുളത്തിൽപ്പടിമുതൽ നെല്ലിപ്പുഴ കുന്നേൽപ്പടി റോഡ് ഏറ്റെടുത്ത് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക. വട്ടപ്പാറ ആനച്ചാൽ റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് 3.

വാർഡിലുള്ള ഒരു റോഡും ഗതാഗതയോഗ്യമല്ല. പുതിയ റോഡുകൾ അത്യാവശ്യമാണ്. 14 കി.മീ. റോഡുണ്ട്. എങ്കിലും ജീപ്പുപോലും ഉപയോഗിക്കുവാൻ ബുദ്ധിമുട്ടാണ്. വട്ടപ്പാറ തലയൻകാവ് റോഡ് 4 കി.മീ. ടാർ ചെയ്യണം. വട്ടപ്പാറ കാറ്റൂതി ഉപ്പാർഫുൽ റോഡ് 6 കി.മീ. ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. മെത്താപ്പ് ദളവപ്പാറ റോഡ് 2 കി.മീ. അഞ്ചുമുക്ക് വട്ടപ്പാറ പതിനഞ്ചേക്കർ 2 മീറ്റർ റോഡും വീതികൂട്ടി നിർമ്മിക്കുക. അഞ്ചുമുക്ക് മണിതൂക്കാം മേട് റോഡ് ഗതാഗതയോഗ്യമാക്കണം. വട്ടപ്പാറ ചൂരംപ്ലാക്കൽപടി കടവുങ്കൽപ്പടി റോഡ്(അഞ്ചൽറോഡ്) വീതികൂട്ടി പണിതീർത്ത് ഗതാഗതയോഗ്യമാക്കുക.

വാർഡ് 4.

വാർഡിന്റെ പടിഞ്ഞാറെ അതിരിലൂടെ പോകുന്ന റോഡ് നാമമാത്രമായി ഗതാഗതയോഗ്യമാണ്. ഈ വാർഡിൽ 10 കി.മീ. മാത്രമേ റോഡുള്ളു. ഇത് ഗതാഗതയോഗ്യമല്ല. വട്ടപ്പാറ മേലെചെമ്മണ്ണാർ അഞ്ചൽറോഡ്, ആയൂർവേദപ്പടി തലയൻകാവ് റോഡ്, മേലെചെമ്മണ്ണാർ മെത്താപ്പ് റോഡ് (പാറമട വഴി) വട്ടപ്പാറ മാടപ്പാട്ടുപടി റോഡും പാലവും മർമ്മാണിപ്പടി മേലെചെമ്മണ്ണാർ എന്നീ റോഡുകൾ അടിയന്തിരമായി പണിതീർത്ത് ഗതാഗതയോഗ്യമാക്കണം.

വാർഡ് 5.

വാർഡിലുള്ള 7.5 കി.മീ. റോഡ് ഗതാഗതയോഗ്യമല്ല. ആനച്ചാൽ രാജാക്കാട് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. മാങ്ങാത്തൊട്ടി കാന്തിപ്പാറ റോഡ് ടാർ ചെയ്യുക. അംബികാവിലാസം ഒട്ടാത്തി റോഡ് വീതികൂട്ടി പണിത് ടാർ ചെയ്യുക. അരിവിളംചാൽ പ്ലെയിൻപാറ റോഡ് വെട്ടുക. വേങ്ങച്ചുവട് കാന്തിപ്പാറ റോഡ് വീതികൂട്ടി നിർമ്മിച്ച് ടാർ ചെയ്യുക. അറക്കക്കവല പുത്തൻപുരപ്പടി റോഡ് ടാർ ചെയ്യുക. അറക്കക്കവല അംബികാവിലാസം റോഡ്ഗതാഗതയോഗ്യമാക്കുക.

വാർഡ് 6.

വാർഡിലുള്ള 15.5 കി.മീ. റോഡുകളിൽ പഞ്ചായത്ത് മൺറോഡുകളാണ് അധികവും. കുത്തുങ്കൽ പള്ളിക്കുന്ന് റോഡ് ടാർ ചെയ്യുക, ഇല്ലിപ്പാലം കാന്തിപ്പാറ റോഡിന്റെ ബാക്കിഭാഗം പണിതീർത്ത് ഗതാഗതയോഗ്യമാക്കുക, ഇല്ലിപ്പാലം മാവറസിറ്റി റോഡ് ഗതാഗതയോഗ്യമാക്കുക, മുക്കുടിൽ ചെമ്മണ്ണാർ റോഡ് പള്ളിക്കുന്ന് പാലം മുതൽ കാപ്പിക്കാട് വഴിയുള്ള റോഡ്, മുക്കുടിൽ മാവറസിറ്റി റോഡ് (ഹരിജൻ കോളനി വഴി) ഗതാഗതയോഗ്യമാക്കുക. മുക്കുടിൽ മാവറസിറ്റി റോഡ് , വേൾഡ്വിഷൻ കുത്തുങ്കൽ റോഡ് (മൂലംകുഴിപ്പടി) ഗതാഗതയോഗ്യമാക്കുക. ഏർത്തേൽക്കടവ് പാലം പണിയുക. മുക്കുടിൽ മാവറ സിറ്റി (എരുമേലിപ്പടി റോഡ്) ഉടുമ്പൻചോല മൂന്നാം വാർഡ് സേനാപതി ആറാം വാർഡുകളെ ബന്ധിപ്പിക്കുന്ന ഈ പാലം പണിയുക. വാക്കാസിറ്റി മുക്കുടിൽ വട്ടപ്പാറ റോഡ് ടാർ ചെയ്യുക.

വാർഡ് 7.

വാർഡിലുള്ള 10 കി.മീ. നീളമുള്ള റോഡുകളുണ്ട്. രാജാക്കാട് ചാക്കുളത്തിമെട്ട് റോഡ് പണിപൂർത്തിയാക്കുക.മുക്കുടിൽ ഒട്ടാത്തിക്കാനം റോഡ് ടാർ ചെയ്യുക. ഏഴരയേക്കർ വഴി ചെമ്മണ്ണാർ റോഡ് മെയിന്റൻസ് ചെയ്യുക. ഇല്ലിപ്പാലം കാന്തിപ്പാറ റോഡിന്റെ ബാക്കിഭാഗം പണിതീർത്ത് ഗതാഗതയോഗ്യമാക്കുക, കച്ചിറപ്പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുക. ആത്മാവ് സിറ്റി, മുക്കുടിൽ റോഡ് വീതികൂട്ടി പണിയുക. ഗാന്ധിപ്പാറ വില്ലേജ് ഓഫീസ്പടി ജയ്നിലാവ് എസ്റ്റേറ്റുവരെയുള്ള റോഡ് വീതികൂട്ടി പണിയുക. ആത്മാവ് സിറ്റി കാന്തിപ്പാറ റോഡ് വീതികൂട്ടി പണിയുക. വെട്ടിക്കാട്ടുപടി കാന്തിപ്പാറ ഒട്ടത്തി റോഡ് വീതികൂട്ടി പണിയുക. വെട്ടിയ്ക്കാട്ടു പടിയ്ക്കൽ കലുങ്കു നിർമ്മിക്കുക, കനകപ്പുഴ ഉപ്പുംതോടുംപടി റോഡ്, അമ്പലപ്പടി ഉപ്പുംതോടുംപടി റോഡ് വീതികൂട്ടി പണിത് ഗതാഗതയോഗ്യമാക്കുക. ഉപ്പുംതോടുംപടി കലുങ്ക് നിർമ്മിയ്ക്കുക. ആയുർവേദപ്പടി പ്രതാപ് ഹരിജൻകോളനി റോഡ് (I.H.D.P. കാന്തിപ്പാറക്കോളനി) ആയുർവേദപ്പടി ഏഴര ഏക്കർ റോഡ് പണിയുക.

വാർഡ് 8.

വാർഡിലെ റോഡ് ആകെ 15 കി. മീ. ആണ്. ഇത് തികച്ചും സഞ്ചാരയോഗ്യമല്ല. രാജാക്കാട് ചാക്കുളത്തിമെട്ട് റോഡ് എത്രയും വേഗം പണിപൂർത്തിയാക്കുക. ആത്മാവ്സിറ്റി കച്ചിറപ്പാലം റോഡ് വീതികൂട്ടി പണിയുകയും കച്ചിറപ്പാലത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുക. രാജകുമാരി ആവണക്കുംചാൽ പാലം മാങ്ങാത്തൊട്ടി തോപ്പിൻപടി പാലം എന്നിവ വീതികൂട്ടി പണിയുക. മാങ്ങാത്തൊട്ടി തോപ്പിൽപടി റോഡ് പൂർത്തിയാക്കുക. മാങ്ങാത്തൊട്ടി എൻ. ആർ. സിറ്റി റോഡ് വീതികൂട്ടി പണിയുക. എൻ. ആർ. സിറ്റിപാലം പുതുക്കിപണിത് ഗതാഗതയോഗ്യമാക്കുക. മാങ്ങാത്തൊട്ടി അമ്പലംപടി ആത്മാവ്സിറ്റി റോഡ്, പുത്തേട്ട്പടി എൻ. ആർ. സിറ്റിപാലം റോഡ്, മേലെപ്പുരപ്പടി എൻ. ആർ. സിറ്റി റോഡ്, കുരിശുംപടി മാങ്ങാത്തൊട്ടി റോഡ്, ചെറുകണ്ടംപടി പന്നിയാർ റോഡ് എന്നിവ വീതികൂട്ടി പണിയുക. മാങ്ങാത്തൊട്ടി എൻ. ആർ. സിറ്റി റോഡിൽ വടക്കേക്കുടിപടിയിൽ അടിയന്തിരമായി കലുങ്കു നിർമ്മിക്കുക.

പഞ്ചായത്തിലെ റോഡുകൾ

നമ്പർ	PWD റോഡുകൾ	നീളം	പഞ്ചായത്ത്റോഡുകൾ	നീളം
1	ചാക്കുളത്തിമെട്ട് രാജാക്കാട് റോഡ്	ആകെ 20 കി.മി	ഏറ്റെടുത്തതും ഏറ്റെടുക്കാത്തവയുമായ ആകെ റോഡുകൾ	70 കി.മി.
2	ശാന്തമ്പാറ പൊട്ടൻകാട് റോഡ്			
3	രാജകുമാരി മാങ്ങാത്തൊട്ടി റോഡ്			

മേൽ വിവരിച്ചിരിക്കുന്ന പരിഹാരനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടെ ഇന്ന് ഗതാഗതസൗകര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിലൊന്നായ നമ്മുടെ പഞ്ചായത്തിനെ ഒമ്പതാം പദ്ധതി അവസാനം ആകുമ്പോഴേയ്ക്കും മുന്നിലെത്തിക്കാൻ കഴിയും. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നമുക്കു യോജിച്ച് പ്രവർത്തിക്കാം.

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും ഇടത്തരം നിലവാരത്തിൽ നിൽക്കുന്ന ഈ പഞ്ചായത്ത് ചതുരംഗപ്പാറ, ഉടുമ്പൻചോല, കാന്തിപ്പാറ എന്നീ വില്ലേജുകൾ ചേർന്നതാണ്. പഞ്ചായത്തിലെ 50% ത്തോളം വരുന്ന ഇടത്തരം ചെറുകിട കൃഷിക്കാർ കാർഷിക വൃത്തിയിൽ ഉപജീവനം നടത്തുന്നവരും ബാക്കിയുള്ളവരിൽ 10% ജനങ്ങൾ പരിമിത കൃഷിക്കാരും 10% ജനങ്ങൾ തോട്ടം ഉടമകളും 20% ജനങ്ങൾ കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ്. കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിലെ ഭൂരിപക്ഷവും. ഇതിൽ കൂടുതൽ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ താമസിക്കുന്ന രണ്ട്, മൂന്ന്, ഏഴ് എന്നീ വാർഡുകളിലാണ്.

വീടിന്റെ പട്ടിക ചുവടെ ചേർക്കുന്നു

കുടിലുകൾ-ഇടത്തരം-ഭേദപ്പെട്ടവ

കുടിലുകൾ	ഇടത്തരംവീടുകൾ	ഭേദപ്പെട്ടവീടുകൾ	ആകെ
1184	2062	239	3485

പഞ്ചായത്തിൽ സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 121 ഓളം വീടുകൾ മാത്രമേ പണിതീർത്തിട്ടുള്ളു. പാർപ്പിട പ്രശ്നം ഇവിടെ രൂക്ഷമാണ്. ഈ രംഗത്തെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗിക സംവിധാനങ്ങൾക്ക് ആവില്ല എന്നത് വളരെ വ്യക്തമാണ്. ഇതിനായി കൂടുതൽ ഫലപ്രദമായ ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്. ഭൂരഹിതരുടെയും സ്വന്തമായി വീടില്ലാത്തവരുടെയും പ്രശ്നപരിഹാരത്തിനായി ലക്ഷം വീടു പാർപ്പിട പദ്ധതിയനുസരിച്ച് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി താഴെ പട്ടികയിൽ വിവരിക്കുന്ന കോളനി പ്രദേശങ്ങളുണ്ട്.

ലക്ഷംവീട് കോളനികൾ പട്ടിക 2

വാർഡ്	സ്ഥലം
1	ആവണക്കിൻചാൽ
2	അഞ്ചുമുക്ക്
3	വട്ടപ്പാറ
6	മുക്കുടിൽ
8	മാങ്ങാത്തൊട്ടി

ഇതിൽ മാങ്ങാത്തൊട്ടി കോളനിയിൽ മാത്രമാണ് വീടുവച്ചുകൊടുത്തിട്ടുള്ളത്. ബാക്കി കോളനി പ്രദേശങ്ങളിൽ വീടുകൾ പണിതു കൊടുക്കേണ്ടതുണ്ട്. സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബലവിഭാഗക്കാർക്ക് മാത്രമായും അത് വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. ദുർബല ജനവിഭാഗത്തിന് വീടുവയ്ക്കുന്നതിനും, ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപ്പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കാത്തത് ഈ വിഭാഗക്കാർക്ക് പൊതുവേ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണുന്നു.

ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുമായി നാടിന്റെ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ഥജനവിഭാഗങ്ങളേയും സജീവമാക്കാൻകഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഭവനരഹിതർക്കും സാധാരണ ഇടത്തരം കൃഷിക്കാർക്കിടയിലും ഭവന നിർമ്മാണത്തിനായി പഞ്ചായത്ത് മുഖേനയും വിവിധ ഗവൺമെന്റ് ഏജൻസി മുഖേനയും നൽകുന്ന R.L.E.G.P., N.R.E.P., I.A.Y., J.R.Y., M.W.S., എന്നീ

പദ്ധതികളാണ്. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ പരിധി വർദ്ധിപ്പിക്കുവാനും വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്.

റവന്യൂ വകുപ്പ് വഴി പ്രകൃതി ക്ഷോഭത്താൽ വീടുനഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ പരിമിതമായ കണക്കുകളാണ് ഈ പഞ്ചായത്തിലുള്ളത്. നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കുവാനോ നന്നാക്കുവാനോ ഈ സഹായം കൊണ്ട് കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ മുക്കുടിൽ, കാന്തിപ്പാറ, മെത്താപ്പ് എന്നീ ഹരിജൻ കോളനികളിലെയും അരിവിളംചാൽ, കാറ്റൂതി എന്നീ പ്രദേശങ്ങളിലെ ഗിരിജൻ കോളനികളിലേയും ജനവിഭാഗങ്ങൾക്ക് വേണ്ടിയാണ് പഞ്ചായത്തിലൂടെ നടപ്പാക്കികൊണ്ടിരിക്കുന്ന I.A.Y., J.R.Y., M.W.S. എന്നീ പദ്ധതികളുടെ 80% വും വിനിയോഗിക്കുന്നത്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുവാനും ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകുവാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹായങ്ങൾകൊണ്ടും കാര്യമായി കഴിയുകയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡുതലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്ക് ഇത് മാറ്റിയെടുക്കുവാൻ കഴിയുന്നതാണ്. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളുടേയും യോഗം വിളിച്ചുചേർത്ത് എത്ര രൂപ സമാഹരിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമേ സാധനങ്ങളും അധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണേണ്ടതാണ്. പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിയ്ക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേയ്ക്ക് കൊണ്ടുവരുന്ന ഏജൻസിയായി (സന്നദ്ധസംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.
2) കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസുകൾ ഇടപെടുക (സിമന്റ്, കമ്പി മുതലായവയുടെ).
3) നിർമ്മാണ ചെലവ് 2,00,000 രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
4) സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
5) അപേക്ഷകൾ ഗ്രാമ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.
6) രജിസ്റ്റർ ആഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.
7) സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
8) സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.
9) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കുക.
10) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26,4000 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിയ്ക്കുവാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി. ഇതിനെ രണ്ടായി തിരിക്കാം. ഈ പദ്ധതികൾക്കു പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിൽ ദാരിദ്രനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലല്ലെ

ങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുണ്ടാകാവുന്ന സാങ്കേതികനൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടവതന്നെയാണ്. തൊഴിലാളി, തൊഴിലുടമസഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനങ്ങൾതന്നെ കാര്യമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, ഏലത്തോട്ടം തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നതിനും, ഇവരുടെ ക്ഷേമപ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഇടപെട്ടു പ്രവർത്തിക്കുവാൻ ആഫിസുകളിലേയ്ക്ക് എത്തുവാനുള്ള ദൂരം ഒരു പ്രശ്നമായ്തുനിലനിൽക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫിസുകൾ വഴിയാണ്. നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായ വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആകെയുള്ള കുടുംബങ്ങളിൽ ഒരു നല്ല ശതമാനം ദാരിദ്രരേഖയ്ക്കു താഴെയുള്ളവരാണ്. ഇതിൽ ഭൂരിപക്ഷവും മുന്നോക്കജാതിവിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് നിരവധി സാമൂഹ്യക്ഷേമപരിപാടികൾ നടത്തുന്നുണ്ട്. എന്നാൽ മുന്നോക്കജാതിയിൽപ്പെട്ട പാവപ്പെട്ടവർക്ക് ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളുടെ ഗുണം വളരെ കുറച്ചു മാത്രമേ ലഭിക്കുന്നുള്ളു. ഇടത്തരം പരിമിത കൃഷിക്കാരും തൊഴിലാളികളും ധാരാളമുള്ള ഈ പ്രദേശത്ത് ക്ഷേമ പ്രവർത്തന പദ്ധതികൾ പൊതുവെ അപര്യാപ്തമാണ്. കാർഷികരംഗത്തെ തകർച്ചയാണ് ഇതിന് പ്രധാന കാരണം.

I.R.D.P. സർവ്വെ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

പട്ടിക

സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബാഗങ്ങൾ	അവശേഷിക്കുന്നവർ
1252	486	186	766

സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ സംയോജിത ശിശുപരിപാലന ലക്ഷ്യത്തോടുകൂടി പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 14 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 5 അംഗൻവാടികൾക്കുമാത്രമേ സ്വന്തമായി കെട്ടിടമുള്ളു. ബാക്കി 9 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യക്ഷേമത്തെ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് പോരായ്മകൾ ഏറെയുണ്ട്. അംഗൻവാടികളിൽ സ്വന്തമായി കെട്ടിടവും കക്കൂസും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കേണ്ടതുണ്ട്.

കുട്ടികളുടെ മാനസികോല്ലാസത്തിനുവേണ്ടിയുള്ള കളിക്കോപ്പുകളും പരിസര ശുചീകരണങ്ങളും ആകർഷണീയമായ പൂന്തോട്ടങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ആവശ്യമായ കക്കൂസുകൾ നിർമ്മിക്കുകയും ചെയ്യണം.

അംഗൻവാടികളുടെ സുഗമമായ നടത്തിപ്പിന് ലോക്കൽ കമ്മറ്റികളും വെൽഫെയർ. കമ്മറ്റികളും സജീവപങ്കു വഹിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ അടിയന്തരശ്രദ്ധ പതിയണം. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം പുരോഗമിപ്പിച്ചും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ അനുവദിച്ചും ഈ രംഗത്തെ പരിപോഷിപ്പിക്കാവുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയുടെ പ്രയോജനം ലഭിക്കാത്ത അർഹരായ എല്ലാവർക്കും ലഭിക്കത്തക്കവിധത്തിൽ പദ്ധതി നടപ്പിലാക്കുക. തൊഴിലാളികളുടെ ക്ഷേമ

ത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യങ്ങൾ എല്ലാ വിഭാഗം തൊഴിലാളികൾക്കും ലഭ്യമാക്കുക. സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്ന ഭവനനിർമ്മാണ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭ്യമാക്കണം. ജനപങ്കാളിത്തത്തോടെ ഈ പദ്ധതിയുടെ പരിപൂർണ്ണ വിജയം നമ്മുടെ പഞ്ചായത്തിൽ സുനിശ്ചിതമാക്കണം.

5-8 സംസ്കാരം

രണ്ടാം ലോകമഹായുദ്ധത്തിന്റെ അനന്തരഫലമായി നാട്ടിലെമ്പാടും അനുഭവപ്പെട്ട അതിരൂക്ഷമായ പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും ഫലമായി ഒരു നേരത്തെ ഭക്ഷണത്തിനും ഒരു തുണ്ട് ഭൂമിയ്ക്കും വേണ്ടി ഇടുക്കി ജില്ലയിലേയ്ക്ക് കുടിയേറിയ കർഷകരിൽ ഒരു വിഭാഗം എത്തപ്പെട്ട സേനാപതി പഞ്ചായത്തിലെ സാംസ്ക്കാരിക നില കേരളത്തിൽ രൂപം കൊണ്ടിട്ടുള്ള മറ്റേതൊരു സംസ്ക്കാരത്തിൽ നിന്നും ഒട്ടും പിന്നിലല്ല.'

കുടിയേറ്റത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ അനുഭവപ്പെട്ട പട്ടിണിരോഗം വന്യമൃഗശല്യം പ്രകൃതിക്ഷോഭം എന്നിവയിൽ നിന്നും രക്ഷനേടുന്നതിനു വേണ്ടി കുടിയേറ്റക്കാരുടെ ഇടയിൽ ഉണ്ടായിരുന്ന ഒത്തൊരുമ പഞ്ചായത്തിലെ സാംസ്ക്കാരിക ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. എന്നാൽ ഇന്നതിനു വളരെ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. സ്വന്തം കാലിൽ നിൽക്കുവാനുള്ള പ്രാപ്തിയും ആധുനിക സംസ്ക്കാരത്തിന്റെ ആഗമനവും ഈ ഒത്തൊരുമയ്ക്ക് കോട്ടം തട്ടുവാൻ കാരണമായി.

രാജഭരണത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചയുടേയും ഫ്യൂഡൽ സർവ്വാധിപത്യത്തിന്റെയും നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങളുമായി വിവിധ ദേശങ്ങളിൽ നിന്നും കുടിയേറിയ ഈ പഞ്ചായത്തിലെ ജനങ്ങൾ മതനിരപേക്ഷതയുടെയും സാമൂഹ്യമൈത്രിയുടെയും ഉന്നത സംസ്കാരം നിലനിർത്തുന്നതിന് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്.

സാംസ്കാരികപരമായി പിന്നിലല്ലെങ്കിൽ തന്നെ പറയാം കഴിഞ്ഞ ഇരുപതു വർഷങ്ങൾക്കുള്ളിൽ പഞ്ചായത്തിൽ രണ്ട് എയിഡഡ് ഹൈസ്ക്കൂളുകളും ഇതിനുമുമ്പ് ഒരു സർക്കാർ ട്രൈബൽ എൽ.പി. സ്കൂളും സ്ഥാപിതമായിട്ടുണ്ട്. എങ്കിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇന്നോളം പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

സംയോജിത ശിശു പരിപാലന പരിപാടിയുടെ കീഴിൽ പഞ്ചായത്തിൽ രണ്ടു മൂന്നു വർഷങ്ങൾക്കുള്ളിൽ പതിനാല് അംഗൻവാടികൾ ആരംഭിച്ചിട്ടുണ്ട്.

മലനാട് ലൈബ്രറി എന്ന പേരിൽ ആരംഭിച്ച വായനശാലയാണ് പഞ്ചായത്ത് ലൈബ്രറിയായി രൂപാന്തരപ്പെട്ടത്. ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ലൈബ്രറികളുടെയും ക്ലബുകളുടെയും വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

സാംസാകാരിക നവോദ്ധാനത്തിന് വഴിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് സമ്മുടെ പഞ്ചായത്തിലെ ക്ലബുകളും വായനശാലകളും. 1974 ൽ കൈരളി ആർട്ട്സ് ക്ലബ് ജന്മം കൊണ്ടതോടെ നമ്മുടെ സംസ്കാരത്തിന് വ്യതിയാനം കണ്ടെത്തിയെങ്കിലും ഈ ക്ലബ് അകാല മൃത്യു വരിക്കുകയാണുണ്ടായത്. നമ്മുടെ പഞ്ചായത്തിൽ കലാ സാംസ്കാരിക സംഘടനയുടെ ഉന്നമനത്തിനായി സെന്റർ ഫോർ ആർട്ട്സ് ആൻഡ് കൾച്ചറൽ അസോസിയേഷൻസ് എന്ന സംഘടനയ്ക്ക് രൂപം കൊടുക്കേണ്ടതുമാണ്. സാമൂഹിക മുന്നേറ്റം ഉന്നമനമാക്കി സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

C.A.C.A യുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

1) അജ്ഞതയും അന്ധവിശ്വാസും വച്ചുപുലർത്തുന്ന സമൂഹത്തിൽ മതേതരത്വത്തിൽ വിശ്വസിക്കുന്ന പുത്തൻജനതയെ ഉണർത്തി പുരോഗമന ചിന്താഗതിയിൽ എത്തിക്കുവാൻ ഈ പഞ്ചായത്തിലെ കലാ സാംസ്ക്കാരിക

സംഘങ്ങളെ വളർത്തിയെടുക്കുക.

2) സാഹിത്യ സാംസ്ക്കാരിക പുരോഗതി ലക്ഷ്യമാക്കി സാംസ്ക്കാരിക സംഘങ്ങളിലെ പ്രവർത്തകരുടെ കാര്യക്ഷമത വളർത്തിയെടുക്കുവാൻ പ്രോത്സാഹിപ്പിക്കുക.

3) C.A.C.A യുടെ കീഴിലുള്ള സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി വർഷം തോറും ഏറ്റവും നല്ല സംഘടനയ്ക്ക് അവാർഡ് നൽകുക.

4) അംഗസംഘടനയ്ക്ക് ദിനപത്രങ്ങൾ മറ്റു ആനുകാലിക പ്രസദ്ധീകരണങ്ങൾ വരുത്തുന്നതിന് സാമ്പത്തിക സഹായം ചെയ്യുന്നതിന് ധനസമിതിയോട് ശുപാർശ ചെയ്യുക.

5) ഓണാഘോഷം, കേരളോൽസവം എന്നിവ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ രൂപം കൊടുക്കുക.

6) സ്ത്രീകളുടെയും ദുർബലജനവിഭാഗങ്ങളുടെയും സാമൂഹിക പുരോഗതിയ്ക്ക് ആവശ്യമായ പ്രവർത്തനം സംഘടിപ്പിക്കുക.

കായികരംഗം

കായികരംഗത്ത് ദേശീയതലത്തിൽ വരെ എത്തിച്ചേർന്നിട്ടുള്ള നിരവധി പ്രതിഭകളെ നമ്മുടെ പഞ്ചായത്ത് സഭാവന ചെയ്തിട്ടുണ്ട് എന്നുള്ളത് അഭിമാനിക്കാവുന്ന കാര്യമാണ്. കായികരംഗത്ത് പുതിയ തലമുറയെ വാർത്തെടുക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികളെ കായികമായി പരിശീലിപ്പിക്കുവാൻ സ്ക്കൂൾ തലത്തിൽ വേണ്ടത്ര പദ്ധതികൾ നടപ്പിലാക്കി പുത്തൻതലമുറയെ വാർത്തെടുക്കുക. ഈ മേഖലകളിൽ പിന്നോക്കം നേരിടുന്നതിന്റെ പ്രശ്നം ഈ രംഗത്തുപ്രവർത്തിക്കുന്നവരുടെ താൽപ്പര്യമില്ലായ്മയും ബന്ധപ്പെട്ടവരുടെ സ്വജനപക്ഷപാതവുമാണെന്ന് അഭിമാനിയ്ക്കാം. ഈ രംഗത്തെ മുരടിപ്പിനെമാറ്റി നേട്ടങ്ങൾ കൊയ്യുവാൻ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമിയ്ക്കുക.

2) C.A.C.A യുടെയും മറ്റും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ നടത്തുക.

3 ചുരുങ്ങിയത് 200 മീറ്ററെങ്കിലും ട്രാക്കിടാവുന്ന സ്റ്റേഡിയം നിർമ്മിയ്ക്കുക.

4) കായിക മേഖലയെ വളർത്തിയെടുക്കുന്നതിന് കായികസംഘങ്ങൾക്ക് സാമ്പത്തിക സഹായവും മറ്റും അനുവദിക്കുക.

പ്രശ്നങ്ങൾ

1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ കായിക സാംസ്ക്കാരിക സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

2) സാക്ഷരതാപ്രവർത്തനം നിർജീവമാണ്.

3) കലാ സാഹിത്യ കായിക അഭിരുചിയുള്ളയാളുകളുടെയിടയിൽ വിവിധങ്ങളായ കാരണത്താൽ ഉന്നതങ്ങളിലേയ്ക്കുള്ള മാർഗ്ഗം അടഞ്ഞുകിടക്കുന്നു. ഇവർക്കുവേണ്ടത്ര വിധം പ്രോത്സാഹനം ലഭിക്കുന്നില്ല.

4) ഇന്നു വിദ്യാലയങ്ങളിൽ വായനശാലകൾ കാര്യക്ഷമമല്ല.

പരിഹാരമാർഗ്ഗവും നിർദ്ദേശങ്ങളും

1) പഞ്ചായത്ത് ആസ്ഥാനത്തുള്ള ലൈബ്രറി ആധുനീകരിച്ച് കൂടുതൽ പുസ്തകം എത്തിക്കുക.

2) വായനശാലകളുടെയും ക്ലബുകളുടെയും പ്രവർത്തനം പുനരുദ്ധരിക്കുക. ഈ സംഘങ്ങൾ ഇല്ലാത്ത മേഖലയിൽ പുതിയവ ആരംഭിയ്ക്കുകയും അതിലൂടെ വായനാശീലം വളർത്തിയെടുക്കുവാൻ വായനശാലകളും ക്ലബുകളും യത്നിക്കേണ്ടതുമാണ്.

3) എല്ലാ ഗ്രന്ഥശാലകൾക്കും മൂന്നു വർത്തമാന പത്രങ്ങൾ എങ്കിലും അനുവദിയ്ക്കുക.

4) സാക്ഷരതാ പ്രവർത്തനം പുനരാരംഭിയ്ക്കുവാൻ എത്രയും വേഗം നടപടി സ്വീകരിയ്ക്കുക.

തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്കാരത്തെ കരകയറ്റി വിവിധ തുറകളിൽ ആകർഷകമായ മാറ്റം വരുത്തുവാൻ ഒമ്പതാം ജനകീയ പദ്ധതിയിലൂടെ നമുക്ക് നേടിയെടുക്കുവാൻ സാധിയ്ക്കുമെന്നുള്ള ആത്മവിശ്വാസത്തോടെ നമുക്ക് ഒന്നിച്ച് അണിചേരാം. ഇതാണ് നമ്മുടെ ചരിത്രപരമായ കടമ.

(സാംസ്ക്കാരിക സംഘടനകൾ)

ക്രമ നമ്പർ	വാർഡ്,പേര്,വിലാസം	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	കെട്ടിടം സ്വന്തം ഉള്ളത്	ധനസഹായം	അഫിലിയേഷൻ ഏതുസംഘടനയോട്	പ്രവർത്തന രീതി, മേഖല
1	നവധാര, ആർട്ട്സ് സ്പോർട്ട്സ് ക്ലബ്, മുക്കുടിൽ	1990	130	ഉണ്ട്	ഇല്ല	N.Y.K തൊടുപുഴ	കലാകായികരംഗം.
2	സൗപർണിക സോഷ്യൽ, കൾച്ചറൽ ആർട്ട്സ് സ്പോർട്ട്സ് ക്ലബ്, മുക്കുടിൽ.	1993	40	ഇല്ല	ഇല്ല	ജില്ലാ യൂത്ത് ക്ലബ് യൂണിയൻ, തൊടുപുഴ	സാമൂഹ്യ സാംസ്കാരിക കലാകായിക സന്നദ്ധ പ്രവർത്തനം.
3	ജനകീയ ഗ്രന്ഥശാല, മുക്കുടിൽ	1989	290	ഉണ്ട്	ഇല്ല	N.Y,K, തൊടുപുഴ	കലാകായിക രംഗം ഗ്രന്ഥശാല.
4	മുക്കുടിൽ ഗ്രാമവികസന സമിതി, മുക്കുടിൽ	1991	250	ഉണ്ട്	ഇല്ല	തൊടുപുഴ	ഗ്രാമവികസനം.
5	എയ്ഞ്ചൽ ചിൽഡ്രൻസ് ലൈബ്രറി മുക്കുടിൽ	1993	140	ഇല്ല	ഇല്ല	ഇല്ല	കുട്ടികളുടെ കലാകായിക രംഗം, വായനശീലം.
6	കൈരളി മഹിളാസമാജം മുക്കുടിൽ	1992	240	ഇല്ല	ഇല്ല	N.Y.K തൊടുപുഴ	വനിതാക്ഷേമം.
7	കസ്തൂർബാ മഹിളാസമാജം, മാവറ സിറ്റി	1990	ഇല്ല	ഇല്ല	ഇല്ല		വനിതാക്ഷേമം.
8	ന്യൂധാരാ ആർട്ട്സ് ക്ലബ്, മാവറസിറ്റി	996	ഇല്ല	ഇല്ല	ഇല്ല		കലാകായിക രംഗം.
9	ഭഗവതി വിലാസം വായനശാല, കുത്തുങ്കൽ	1985	ഉണ്ട്	ഇല്ല	ഇല്ല		പ്രവർത്തനമില്ല.

9	ഭഗവതി വിലാസം വായനശാല,	1985	ഉണ്ട്	ഇല്ല	ഇല്ല		പ്രവർത്തനമില്ല.
10	സുവർണ്ണ ആർട്ട്സ് സ്പോർട്ട്സ് ക്ലബ് ആൽമാവുസിറ്റി	1975	160	ഉണ്ട്	ഇല്ല	N.Y.K തൊടുപുഴ	കലാകായികരംഗം.
11	സ്നേഹാ ആർട്ട്സ് സ്പോർട്ട്സ് ക്ലബ്, മാങ്ങാത്തൊട്ടി	1989	136	ഇല്ല	ഇല്ല	N.Y.K തൊടുപുഴ	കലാകായികരംഗം.
12	അഞ്ജലി മഹിളാസമാജം, മാങ്ങാത്തൊട്ടി	1995	150	ഇല്ല	ഇല്ല	N.Y.K തൊടുപുഴ	വനിതാക്ഷേമം.
13	ശാസ്ത്രി മെമ്മോറിയൽ ആർട്ട്സ് ക്ലബ് റീഡിംഗ്റൂം, ആവണക്കുംചാൽ	1983	ഉണ്ട്	ഇല്ല		ഇല്ല	കലാകായികരംഗം.
15	പബ്ലിക് ലൈബ്രറി വട്ടപ്പാറ	1990	80	ഇല്ല	ഇല്ല	ഇല്ല	കലാകായികരംഗം, ലൈബ്രറി.
16	പുലരി മഹിളാസമാജം, ഏഴരയേക്കർ	1996	60	ഇല്ല	ഇല്ല	ഇല്ല	വനിതാക്ഷേമം.
17	കൈരളി മഹിളാസമാജം മെത്താപ്പ്, വട്ടപ്പാറ	1990	78	ഇല്ല	ഇല്ല	ഇല്ല	വനിതാക്ഷേമം.
18	നവജീവൻ ആർട്ട്സ് & സ്പോർട്സ് ക്ലബ്	1985	ഇല്ല	ഇല്ല	ഇല്ല		കായിക രംഗം.
19	കൈരളി കൾച്ചറൽ സൊസൈറ്റി, സേനാപതി	1996	100	ഇല്ല	ഇല്ല	ഇല്ല	സാംസ്കാരിക, കലാ, കായിക രംഗങ്ങൾ, ലൈബ്രറി.
20	യുവശക്തി ആർട്ട്സ് സ്പോർട്ട്സ് ക്ലബ് ലൈബ്രറി, ഓട്ടത്തിക്കാനം	1989		ഉണ്ട്	ഇല്ല	ഇല്ല	പ്രവർത്തനമില്ല.

5-9 വനിതക്ഷേമം

സേനാപതി പഞ്ചായത്ത് ഭരണ സമിതിയിൽ 8 അംഗങ്ങളുള്ളതിൽ പുതിയ പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് 3 അംഗങ്ങൾ വനിതകളാണ്. ഇത് പഞ്ചായത്തിന്റെ ആകെ സീറ്റുകളുടെ അനുപാതം വച്ചുനോക്കുമ്പോൾ മൂന്നിലൊന്നു സംവരണ തത്വത്തെക്കാൾ കൂടുതലാണ്. പക്ഷേ അതിന് ആനുപാതികമായ സ്ത്രീപങ്കാളിത്തം മറ്റു മേഖലകളിലേയ്ക്ക് വ്യാപിപിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 49 ശതമാനം സ്ത്രീകളാണ്. സ്ത്രീകളുടെ ക്ഷേമത്തിനായി നാമമാത്രമായ സംഘടനകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മഹിളാ സമാജങ്ങൾ സേനാപതി, മാങ്ങാത്തൊട്ടി, മാവറസിറ്റി തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമേയുള്ളു. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഭൂരിഭാഗം സ്ത്രീകളും ഗൃഹജോലിയിലും സ്വന്തം കൃഷിയിടങ്ങളിലും ജോലിചെയ്യുന്നവരാണ്. കൂലിവേല ചെയ്ത് കുടുംബം പോറ്റുന്നവരും കുറവല്ല. സർക്കാർ ജോലി ചെയ്യുന്നവർ വളരെക്കുറച്ചുമാത്രമാണ് മിക്ക ഇടത്തരം കുടുംബങ്ങളിലും വീട്ടുജോലികൾക്കുപുറമെ കറവപ്പശുക്കളെ വളർത്തുന്ന തൊഴിൽ സ്ത്രീകളാണ് ചെയ്യുന്നത്.

സ്ത്രീകളിൽ 40 വയസ്സിൽ താഴെയുള്ളവരിൽ നല്ലൊരുഭാഗം പ്രാഥമികവിദ്യാസം നേടിയവരാണെങ്കിലും ഇവർ സാമൂഹ്യസാംസ്ക്കാരിക മേഖലകളുമായി ബന്ധമുള്ളവരല്ല. ഇവരെ സാമൂഹ്യ സാംസ്ക്കാരിക മേഖലകളുമായി ബന്ധപ്പെടുത്തുകയോ പ്രചോദനം നൽകുകയോ ചെയ്യുവാൻ തക്കതായ നേതൃത്വം ഇല്ലാത്തതാണ് ഇതിനു കാരണമായി പറയുന്നത്. ചില സാമൂഹിക മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം സ്ത്രീകളുടെ ക്ഷേമത്തിനായി വേണ്ടത്ര ഉതകുന്നില്ല. സമീപകാലങ്ങളിൽ അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാസംഘങ്ങൾ രൂപീകരിച്ച് സ്ത്രീകൾക്ക് സംഘടിക്കുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടില്ല. വേണ്ടത്ര ബോധവൽക്കരണവും നേതൃത്വമില്ലായ്മയും കാരണം വിവിധ രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. ആവശ്യമായ പ്രോത്സാഹനം ലഭിക്കാത്തതും സാമൂഹ്യനീതി ലഭിക്കായ്കയും ഇതിനു കാരണമാകാം. ഈ രംഗത്തുള്ള സ്ത്രീകളുടെ ബുദ്ധിമുട്ട് പരിഹരിച്ചാൽ നല്ലൊരു ഭാഗംസ്ത്രീകളേയും സമൂഹത്തിന്റെ മുഖ്യധാരയുമായി ബന്ധപ്പെടുത്തുവാൻ സാധിക്കും.

പൊതുവെ സ്വന്തമായി വരുമാനമില്ലാത്ത ഇവർ പുരുഷന്മാരുടെ ആശ്രയത്തിൽ ആജീവനാന്തം കഴിയുവാൻ വിധിക്കപ്പെട്ടവരാണ്. സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടായാൽ ഈ കുറവു പരിഹരിക്കാനാവും. പഞ്ചായത്തിലെ കുടുംബങ്ങളിൽ ഏകദേശം 500 ഓളം എണ്ണങ്ങളിൽ സ്ത്രീകളാണ് കുടുംബം പോറ്റുന്നത്. പഞ്ചായത്തിൽ വിധവാ പെൻഷൻ മേടിക്കുന്നവർ 11 പേരാണ്. ഈ പദ്ധതിയുടെ ആനുകൂല്യം അർഹതയുള്ളവർക്കെല്ലാം ലഭ്യമല്ല.

പഞ്ചായത്തിൽ തമിഴ് സംസാരിക്കുന്ന സ്ത്രീകളിൽ നല്ലൊരുഭാഗം കൂലിപ്പണിയ്ക്ക് പോകുന്നവരാണ്. ഈ പ്രദേശങ്ങളെ കേന്ദ്രീകരിച്ച്, വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാമൂഹികബോധവൽക്കരണ മാധ്യമങ്ങളോ പ്രവർത്തിക്കുന്നില്ല. ഇവർക്കായി മാനസ്സിക ഉല്ലാസങ്ങൾക്കുള്ള വിനോദങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം പോലും ലഭ്യമല്ല എന്നുള്ളത് ഇവരുടെ സാമൂഹ്യ ബന്ധം എത്രത്തോളം വേരറ്റുപോകുവാൻ കാരണമായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. കൂലിവേല കഴിഞ്ഞ് വീട്ടുജോലിചെയ്യ് സമയം തള്ളിനീക്കുന്നവരാണ് ഇവരിൽ അധികവും. ഇവരുടെ പെൺക്കുട്ടികളെ വിദ്യാഭ്യാസത്തിനയക്കുന്നില്ല. പ്രായപൂർത്തിയാകുന്നതിനു മുമ്പ് തന്നെ തോട്ടങ്ങളിൽ പറഞ്ഞയക്കുകയോ വിവാഹം ചെയ്തയക്കുകയോ ചെയ്യുന്നതിനാൽ തക്ക സമയങ്ങളിൽ വേണ്ടത്ര വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഇത് അവരുടെ സാമൂഹ്യ ബോധത്തെ സാരമായി ബാധിക്കുന്നുണ്ട്.

ആദിവാസി സ്ത്രീകളുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. ആദ്യകാലങ്ങളിൽ ഇവർ അന്യ ആളുകളുകളുമായി മുഖാമുഖം നിൽക്കുകയോ സംസാരിക്കുകയോ ചെയ്തിരുന്നില്ല. സ്വന്തം കുടിലുകളിൽ ഭക്ഷണം പാകം ചെയ്തും കുട്ടികളെ വളർത്തിയും കഴിഞ്ഞിരുന്ന ഇവർക്ക് പുറംലോകവുമായി യാതൊരു ബന്ധവുമില്ലായിരുന്നു. എന്നാൽ കുടിയേറ്റക്കാർ വന്നതോടുകൂടി ഈ സ്ഥിതിയ്ക്ക് മാറ്റം വന്നു തുടങ്ങി. കുടിയേറ്റക്കാരുമായുള്ള സാമിപ്യം ആദിവാസികളുടെ സംസ്ക്കാരത്തിലും മാറ്റം വരുത്തുന്നതിനിടയാക്കി. ഇത് അവരുടെ സ്ത്രീകളിലും വ്യതിയാനം ഉണ്ടാക്കി. സമീപ കാലങ്ങളിൽ അവർ വീടു വിട്ട് തൊഴിൽ തേടിയും കടകമ്പോളങ്ങളിൽ പോയി സാധനസാമഗ്രികൾ വാങ്ങിയും ഇടവേളകളിൽ മാനസികോല്ലാസങ്ങൾ പകരുവാൻ വിനോദങ്ങളിലും സിനിമ, നാടകം തുടങ്ങിയ കലാപരിപാടികൾ ദർശിക്കുന്നതിനും കൂട്ടായി പോകാറുണ്ട്. കൂടാതെ ഇവരുടെ ക്ഷേമത്തിനും ബോധവൽക്കരണത്തിനുമായി ഗവൺമെന്റ് പ്രത്യേക പദ്ധതികൾ തയാറാക്കിയിട്ടുള്ളതിനാൽ ഇവയുടെ പ്രയോജനം വളരെ കുറച്ചെങ്കിലും ലഭിച്ചിട്ടുണ്ട്. ഇന്ന് ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ കൂലിപ്പണി ചെയ്യുന്നതിനായി മറ്റു സ്ഥലങ്ങളിൽ പോവുകയും അതിൽ നിന്നുള്ള വരുമാനം കുടുംബം പുലർത്തുന്നതിന് വിനിയോഗിക്കുകയും ചെയ്യുന്നു. ഇവർ പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കാറില്ല. സ്കൂളുകളുടെ അപര്യാപ്തതയും സൗകര്യക്കുറവും ഇവരുടെ പ്രാകൃത സംസ്ക്കാരവും ആയിരിക്കാം ഇതിനു കാരണം. വിദ്യാഭ്യസം നേടിയവരുടെ തോഴിലില്ലായ്മയും ഇതിനു കാരണമായേക്കാം. അരിവിളംചാൽ, കാറ്റൂതി എന്നീ മേഖലകളിലാണ് ആദിവാസി കോളനികൾ സ്ഥിതി ചെയ്യുന്നത്. ഇതിൽ കാറ്റൂതി ആദിവാസി കോളനിയിൽ യാതൊരുവിധ പ്രാഥമിക സൗകര്യങ്ങൾ പോലും ഇതുവരെ എത്തിയിട്ടില്ല. ഇവിടെ നിന്നും കുട്ടികൾ പഠനത്തിനായി 7 ഉം 8 ഉം കിലോമീറ്റർ ദൂരെയുള്ള ഗാന്ധിപ്പാറയിലോ, സേനാപതിയിലോ, ചെമ്മണ്ണാറിലോ പോകേണ്ടി വരുന്നതും ഇവർ വിദ്യഭ്യാസത്തിൽ പിന്നോക്കം നിൽക്കുവാൻ കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് പകുതിയോളംവരുന്ന സ്ത്രീകളുടെ പങ്കാളിത്തം മറ്റുമേഖലകളിൽക്കൂടി ഉറപ്പു വരുത്തിയെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ സമഗ്രമായ വികസനം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ഒൻപതാം പദ്ധതി പ്രാവർത്തികമാകുമ്പോൾ തൊഴിൽ രംഗത്തും സാമൂഹിക സാംസ്ക്കാരിക രംഗത്തും സ്ത്രീകൾക്കായി വൈവിധ്യമാർന്ന പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുമ്പോൾ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് നമ്മുടെ പഞ്ചായത്തിലും പ്രാവർത്തികമാവും.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

1. വിദ്യഭ്യാസ പിന്നോക്കാവസ്ഥ
2. ആവശ്യമായി അർഹതയ്ക്കനുസരിച്ച് തൊഴിൽ ലഭിക്കാത്തത്.
3. സ്വന്തമായ വരുമാനം ഇല്ലാത്തത്.
4. ക്ഷേമപ്രവർത്തനങ്ങളുടെ അപര്യാപ്തത.
5. പൊതുരംഗത്തെ പങ്കാളിത്തകുറവ്.
6. നേതൃത്വത്തിന്റെ അഭാവം.
7. സ്ത്രീകൾക്കുമാത്രമായി വിനോദങ്ങളുടെ അഭാവം.
8. സാമൂഹ്യസുരക്ഷിതത്വക്കുറവ്
9. എല്ലാ രംഗങ്ങളിലും ജനസംഖ്യാനുപാതികമായ പ്രാധിനിത്യമില്ലായ്മ.
10. പോഷകാഹാരത്തിന്റെ കുറവ്

പരിഹാര മാർഗ്ഗങ്ങൾ.

1. നിർബന്ധമായും, സാർവ്വത്രികവുമായ വിദ്യഭ്യാസം സൗജന്യമായി നടപ്പിലാക്കണം.
2. വനിതകൾക്ക് മാത്രമായി തൊഴിലധിഷ്ഠിത വിദ്യാഭ്യസം സൗകര്യങ്ങൾ നടപ്പിലാക്കണം.
3. വനിതകൾക്കായി പ്രത്യേകം തൊഴിൽ അവസരങ്ങൾ സംവരണം ചെയ്യുക.
4. ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന്, പരിശീലനം, സാങ്കേതിക സഹായം, ധനസഹായം എന്നിവ ലഭ്യമാക്കുക.
5. വീട്ടുവളപ്പിലെ, പച്ചക്കറി കൃഷി, കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവ നടപ്പിലാക്കുക.
6. വനിതാസഹകരണസംഘങ്ങൾ സ്ഥാപിച്ച്, വേണ്ടത്ര ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
7. സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ വനിതാക്ഷേമസെല്ലുകൾ പ്രാവർത്തികമാക്കുക.

5-10 സഹകരണമേഖല

സഹകരണം

കാർഷിക സാമ്പത്തിക മേഖലയിലെ അതിപ്രധാന ഘടകമായി നിലകൊള്ളുന്ന സേനാപതി സർവ്വീസ് സഹകരണ ബാങ്ക് പഞ്ചായത്തിലെ കാർഷികമേഖലയിൽ സുപ്രധാനമായ മാറ്റങ്ങൾ വരുത്തുവാൻ സഹായിച്ചിട്ടുണ്ട്. അമിത പലിശയ്ക്ക് കടം വാങ്ങി കൃഷി നടത്തിവന്ന കർഷകർ തങ്ങളുത്പാദിപ്പിക്കുന്ന വിളകളുടെ വരുമാനം കൊണ്ട് പലിശ പോലും കൊടുക്കാൻ തികയാതെ ബുദ്ധിമുട്ടനുഭവിച്ചിരുന്ന പഞ്ചായത്തിലെ കൃഷിക്കാർക്ക് ഒട്ടാശ്വാസവുമായാണ് ഈ ബാങ്കിന്റെ രൂപീകരണം.

1973 ൽ ശ്രീ. എം. എൻ. ശ്രീധരൻ നായർ പ്രസിഡന്റായും റ്റി. യു. വർക്കി, കെ. കെ. നീലകണ്ഠൻ, എ. പി. നാണുക്കുട്ടൻ നായർ, കെ. എൻ. ഗോവിന്ദൻ നായർ, സി. എൻ. കരുണാകരൻ, എൻ. കെ. രാജൻ എന്നിവരാണ് ബാങ്കിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്തത്. ഈ കാലയളവിൽ വെങ്കലപ്പാറയിൽ വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച് നല്ല നിലയിൽ നടന്ന ബാങ്ക് സഹകാരികളുടെ കൂട്ടായ അഭിപ്രായത്തെ മാനിച്ച് 1975 ൽ അരിവിളംചാൽ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

സഹകാരികളുടെ അജ്ഞതകൊണ്ടും അധികാരികളുടെ ചൂഷണമനോഭാവം കൊണ്ടും ബാങ്കിന്റെ പ്രവർത്തനത്തിൽ കാര്യമായ വീഴ്ച വരികയും ചെയ്തു. ചൂഷണത്തിലൂടെ കബളിക്കപ്പെട്ട് വായ്പ എടുക്കാത്ത സഹകാരികളും ജപ്തി നടപടികൾക്കും മറ്റും വിധേയരായപ്പോൾ കർഷകരുടെ ഭീതിമൂലം ബാങ്കിൽ നിന്നും വായ്പ എടുക്കാതിരിക്കുകയും അടുത്ത വായ്പ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്തതിനാൽ ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും സാമ്പത്തിക സഹായം ലഭിയ്ക്കാതിരിയ്ക്കയാൽ ബാങ്കിന്റെ പ്രവർത്തനം പ്രതിസന്ധിയിലായി.

ചുരുങ്ങിയ കാലത്തെ പ്രവർത്തനമാന്ദ്യത്തിനുശേഷം 1982 തുടങ്ങി കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പിലൂടെ വന്നിട്ടുള്ള ഭരണസമിതികളുടെ നിരന്തര പരിശ്രമ സമ്മർദ്ദങ്ങളുടെ ഫലമായി വീണ്ടും 1988 ൽ ഇടുക്കി ജില്ലാ സഹകരണ ബാങ്ക് സേനാപതി ബാങ്കിന് പുനരുദ്ധാരണ സ്കീമിൽപെടുത്തി ധനസഹായം ചെയ്യുകയുണ്ടായി. ഈ കാലയളവിൽ അരിവിളംചാലിൽ നിന്നും മാങ്ങാത്തൊട്ടി എന്ന സ്ഥലത്തേയ്ക്ക് ബാങ്ക് മാറ്റി സ്ഥാപിയ്ക്കുകയും ചെയ്തു.

1990 ൽ കേന്ദ്ര ഗവൺമെന്റിന്റെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയതുമൂലം കടക്കെണിയിൽപ്പെട്ട കർഷകർക്ക് ഒട്ടേറെ ആശ്വാസമായി. പിന്നീട് 1990 91 ൽ വിവിധയിനം കാർഷിക വായ്പകൾ കർഷകർക്ക് വിതരണം ചെയ്യുകയും കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ബാങ്കിന് കഴിഞ്ഞപ്പോൾ മുമ്പ് സഹകാരികൾക്കുണ്ടായിരുന്ന ഭീതി മാറുകയും ബാങ്കുമായി സഹകരിക്കുവാൻ തുടങ്ങുകയും ചെയ്തു. വായ്പകൾക്കു പുറമേ വിവിധയിനം നിക്ഷേപ പദ്ധതികൾ ആരംഭിച്ചത് എടുത്തു പറയാവുന്ന നേട്ടമാണ്. സഹകാരികൾക്ക് പ്രയോജനപ്രദമായ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ടെന്നുള്ളത് എടുത്തു പറയാവുന്ന മറ്റൊരു നേട്ടമാണ്.

1) മരണാനന്തര സഹായനിധി
2) ദുർബ്ബല വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം
3) പഞ്ചായത്ത് അതിർത്തിയിലുള്ള ഹൈസ്ക്കൂളുകളിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉയർന്ന മാർക്കു വാങ്ങുന്ന കുട്ടികൾക്കുള്ള ക്യാഷ് അവാർഡ് തുടങ്ങിയവയും ഓണോത്സവ കാലങ്ങളിൽ പൊതുമാർക്കറ്റിലുണ്ടാകുന്ന വിലവർദ്ധനവിനെ നേരിടാൻ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഓണച്ചന്തകൾ നടത്തുന്ന പതിവുണ്ട്.

കൂടാതെ സേനാപതിയിൽ ഒരു വളം, കീടനാശിനി ചില്ലറ വിൽപ്പനശാല തുറന്ന് പ്രവർത്തി

ച്ചുവരുന്നു. ബാങ്കിന് വ്യാപാര ശാലകളും ശാഖകളും തുടങ്ങുന്നതിന് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്തിന്റെ പല ഭാഗത്തും ഭൂമി വാങ്ങിയിട്ടുണ്ട്. ബാങ്ക് സ്ഥിതിചെയ്യുന്ന മാങ്ങാത്തൊട്ടിയിൽ സ്വന്തം ഭൂമിയിൽ കെട്ടിടം പണിത് വരുന്നതും എടുത്തു പറയാവുന്നതാണ്. ബാങ്കിന്റെ ഇപ്പോഴത്തെ സ്ഥിതിവിവര പട്ടിക താഴെ കൊടുക്കുന്നു.

ക്ഷീര സഹകരണ സംഘം

നമ്മുടെ സാമൂഹ്യ സാമ്പത്തിക മേഖലകളള പശുക്കൾക്ക് അതിപ്രധാനമായ സ്ഥാനം നൽകിവരുന്നു. പഞ്ചായത്തിൽ കാലി വളർത്തലിൽ പശുക്കളെ പാലുത്പാദനത്തിനും കാളകളെ നിലം ഉഴുന്നതിനും, ചക്കുവലിപ്പിക്കുന്നതിനും വേണ്ടി വളർത്തിയിരുന്നു. പാലുത്പാദനം ഇന്ന് കർഷകരുടെ ഒരു പ്രധാന വരുമാനമാർഗ്ഗമാണ്. പാൽ വിപണന രംഗത്ത് പ്രവർത്തിക്കുന്നത് ഒരു സഹകരണസംഘം മാത്രമാണ്. ഇത് 1974ൽ മാങ്ങാത്തൊട്ടിയിൽ പ്രവർത്തനം ആരംഭിച്ച് സേനാപതി പഞ്ചായത്ത് മുഴുവനും പ്രവർത്തന മേഖലയാക്കി രജിസ്റ്റർ ചെയ്തെങ്കിലും മാങ്ങാത്തോട്ടി ഒഴികെ മറ്റു പ്രദേശങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ സംഘത്തിന് കഴിഞ്ഞില്ല. ഇതു മൂലം മറ്റു മേഖലകളിൽ ക്ഷീരകർഷകർക്ക് സ്വകാര്യ വ്യക്തികളേയും പഞ്ചായത്തിന് പുറത്തുള്ള വിപണന കേന്ദ്രങ്ങളേയും ആശ്രയിക്കേണ്ടി വന്നു. തൻമൂലം ഈ രംഗത്ത് വേണ്ടത്ര പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല.

1974ൽ ക്ഷീരോത്പാദന സഹകരണ സംഘം കെ. 16 (D) എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചെങ്കിലും 3 വർഷക്കാലത്തെ പ്രവർത്തനത്തിൽ മാനേജ്മെന്റിന്റേയും ജീവനക്കാരുടെയും കാര്യക്ഷമതയില്ലായ്മ മൂലം 1977ൽ പ്രവർത്തനം നിലച്ചു.

പിന്നീടുള്ള 17 വർഷക്കാലം ഈ സംഘത്തിൽ പ്രവർത്തനം ഒന്നും തന്നെ നടന്നിട്ടില്ല. 1994ൽ

പട്ടിക 1

സംഘത്തിന്റെ പേര്	സേനാപതി സർവ്വീസ് സഹകര ണ ബാങ്ക്
പ്രവർത്തനം ആരംഭിച്ച വർഷം	1973
പ്രവർത്തന പരിധി	സേനാപതി പഞ്ചായത്ത്
വ്യക്തി അംഗത്വം	4033
ഓഹരി മൂലധനം	1148260
കടം	11148000
നിക്ഷേപം	1632000
വായ്പകൾ	
കാർഷികം	7955000
കാർഷികേതരം	2144000
പ്രവർത്തന മൂലധനം	13983260
ലാഭമോ നഷ്ടമോ	
ലാഭം	ഇല്ല
നഷ്ടം	1128000
ജീവനക്കാർ	
സ്ഥിരം	2 (പുരുഷൻമാർ)
മറ്റുള്ളവർ	1 (സ്ത്രീ)

അഡ്മിനിസ്ട്രേറ്റർ ഭരണം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ മാങ്ങാത്തൊട്ടി മേഖലയിൽ ഈ സംഘം പ്രവർത്തിച്ചു വരുന്നു.

സ്ഥിതി വിവരക്കണക്ക് ചുവടെ ചേർക്കുന്നു.

പൂർണ്ണമല്ല പട്ടിക 2

സേനാപതി ഗ്രാമപഞ്ചായത്ത്
ക്ഷീരസഹകരണസംഘം
(ആപ്കോസ് ഉൾപ്പെടെ)

മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് ലിറ്റർ	പുറത്തേയ്ക്ക് അയയ്ക്കുന്നത് ലിറ്റർ
1 ദിവസം 472	375	434.5
N.R. City 130		130
602		564.5 ലിറ്റർ

പഞ്ചായത്തിൽ 4 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും മേൽ വിവരിച്ചിരിക്കുന്ന 2 സംഘങ്ങൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. വനിതകളുടെ ഉന്നമനത്തിനുവേണ്ടി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി സേനാപതി പഞ്ചായത്ത് വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ ഗിരിജനങ്ങളുടെ ക്ഷേമം മുൻനിർത്തിയും സമൂഹത്തിലെ ഉന്നതനിലയിൽ ഈ ജനവിഭാഗങ്ങളെ എത്തിയ്ക്കുന്നതിനും ഇവരുടെ സാമ്പത്തിക ഭദ്രതയും കണക്കിലെടുത്ത് ഗിരിജൻ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.

ഈ 2 സഹകരണ സംഘത്തിന്റേയും സ്ഥിതി വിവരക്കണക്കുകളും ലഭ്യമല്ല. ഇല്ലായ്മയുടെ ദുരിതഫലമനുഭവിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയുമാണ് വേണ്ടത്.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

1) സേനാപതി സർവ്വീസ് സഹകരണ ബാങ്ക് 11,28,000 രൂപ നഷ്ടത്തിൽ പ്രവർത്തിച്ചുവരുകയാണ്. ഈ നഷ്ടം പരിഹരിയ്ക്കാതെ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഈ ബാങ്കു വഴി നടത്താൻ സാധിക്കുകയില്ല. നഷ്ടം പരിഹരിക്കുവാനായി നഷ്ടത്തിനു തുല്യമായ ഈ തുക പലിശയില്ലാതെ ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിയ്ക്കുക.

2) സഹായം നൽകിയിട്ട് തിരിച്ചടയ്ക്കാത്ത തുക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കുക.

3) പഞ്ചായത്തിലെ എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിയ്ക്കുക.

4) കൂടുതൽ നിക്ഷേപകരെ കണ്ടെത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ഈ തുക ബാങ്കിന് ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർ വായ്പ, സ്വർണ്ണപ്പണയ വായ്പ, ഭവന നിർമ്മാണ വായ്പ, സ്വയം തൊഴിൽ വായ്പ എന്നിവ നടപ്പിലാക്കുക.

5) ബാങ്ക് കൂടുതൽ ചിട്ടികൾ ആരംഭിയ്ക്കുകയും ആയതിലേയ്ക്ക് ചിട്ടിനിയമ വ്യവസ്ഥ ലഘൂകരിക്കുകയും ചെയ്യുക. (മാതൃക) ഇന്ന് കണ്ണൂർ ജില്ലയിൽ നടത്തി വരുന്ന ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം എന്ന നിക്ഷേപ പദ്ധതി ഇവിടെയും പ്രാവർത്തികമാക്കുക.

6) സഹകരണബാങ്ക് പഞ്ചായത്തിലെ കർഷകരെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങുന്ന ലാൻഡ് രജിസ്റ്റർ തയ്യാറാക്കുകയും സൂക്ഷിയ്ക്കേണ്ടതും അതനുസരിച്ച് വർഷാവർഷം ആവശ്യമായ വായ്പാതുക കണക്കാക്കുകയും ചെയ്യുക.

7) കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷൻ ഫിനാൻസ് കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് ആവശ്യമായ നട

പടി സ്വീകരിക്കുക.

8) വളവും കീടനാശിനിയും, കാർഷികോപകരണങ്ങളും വിതരണം ചെയ്യുന്നതിനും കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും ബാങ്കിലും പഞ്ചായത്തിന്റെ വിവിധ മേഖലകളിലും സംവിധാനം ഉണ്ടാകണം.

9) ഉത്പന്നങ്ങൾ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് കീലോൺ അനുവദിച്ചു കൊടുക്കുവാൻ സംവിധാനം ഉണ്ടാകണം,

10) ഉത്പന്ന സംഭരണത്തിനായി ഗോഡൗൺ നിർമ്മിയ്ക്കുന്നതിന് വായ്പയും സബ്സിഡിഡി L.C.D.C. സ്കീമിൽ ഉൾപ്പെടുത്തി ഈ ബാങ്കിന് ലഭ്യമാക്കണം.

11) അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ഉറപ്പു വരുത്തണം.

12) സേനാപതി സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകൾ കുത്തുങ്കൽ സേനാപതി എന്നിവിടങ്ങളിൽ സ്ഥാപിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൺസ്യൂമർ സഹകരണസംഘം

1) ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങുടെ പൊതുമാർക്കറ്റിൽ വിലവർദ്ധനവ് തടയുന്നതിലേയ്ക്കും നിത്യോപയോഗസാധനങ്ങൾ സുഗമമായി ലഭിയ്ക്കുന്നിന് കൺസ്യൂമർ സഹകരണസംഘങ്ങൾ പ്രാവർത്തികമാക്കണം.

2) സേനാപതി പഞ്ചായത്ത് പരിധിയായി കൺസ്യൂമർ സഹകരണ സംഘം രൂപികരിക്കേണ്ടതാണ്.

3) എല്ലാ വീടുകളിലും നിത്യോപയോഗ സാധനങ്ങൾ എത്തിയ്ക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം ഈ സംഘത്തിൽ നടപ്പിലാക്കുകയും ചെയ്യണം.

ഹരിജൻ സഹകരണ സംഘം

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും പട്ടികജാതി സഹകരണസംഘം തുടങ്ങേണ്ടതാണ്.

ലേബർ കോൺട്രാക്ട് സഹകരണസംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ സേനാപതി പഞ്ചായത്തിൽ വളരെ കൂടുതലുണ്ട്. ഇവർക്ക് സ്ഥിര തൊഴിൽ ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിയ്ക്കേണ്ടതും പഞ്ചായത്ത് നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മറ്റു നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് ഏറ്റെടുത്തു നടത്താവുന്നതാണ്.

മേൽ നിർദ്ദേശിച്ച പട്ടികജാതി സഹകരണ സംഘവും ലേബർ കോൺട്രാക്ട് സഹകരണ സംഘവും രൂപീകരിയ്ക്കുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് 50 ഈളുകൾക്ക് പ്രത്യക്ഷമായി ജോലി ലഭിയ്ക്കുന്നതുമാണ്.

കൺസ്യൂമർ വിഭാഗത്തിൽ 4 ആളുകൾക്ക് ജോലി ലഭിയ്ക്കുവാൻ സാധ്യതയുണ്ട്.

സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹകാരികളെ ഉൾപ ഉഎടുത്തികൊണ്ട് സഹകരണ സെൽ രൂപീകരിയ്ക്കേണ്ടതും സഹകരണ സംഘങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും വിദഗ്ദ ഉപദേശങ്ങളും ഈ സെൽ മുഖേന നൽകേണ്ടതുമാകുന്നു. പ്രവർത്തനത്തെ അവലോകനം ചെയ്യേണ്ടതുമാണ്.

സഹകരണമേഖലയിലെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുകയാണെങ്കിൽ സേനാപതി പഞ്ചായത്തിന്റെ സാമ്പത്തിക കാർഷിക തൊഴിൽ മേഖലകളിൽ ഒരു സുപ്രധാനമായ നേട്ടം കൈവരിയ്ക്കാൻ സാധിയ്ക്കും.

ഗ്രാമങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് പഞ്ചായത്തിൽ മുഴുവൻ കൈവരിയ്ക്കുവാൻ സഹകരണപ്രസ്ഥാനങ്ങൾക്ക് കഴിയും. ❑

5-11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പുരാതന കാലം മുതൽ ഈ പഞ്ചായത്ത് പട്ടികവർഗ്ഗത്തിൽ പെട്ട പല സംഘങ്ങളുടെ ആവാസകേന്ദ്രമായിരുന്നു. വിവിധങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഇവർ പുലർത്തിപ്പോന്നിരുന്നു. എന്നാൽ ഇവർ തങ്ങളിൽ സാമുദായികമായോ സാംസ്കാരികമായോ ഇടകലർന്നിരുന്നില്ല. തനതായ മേന്മകളെ ഉയർത്തിക്കാണിച്ചിരുന്നെങ്കിലും പൊതുവേ സമാധാനത്തോടെ ഇവർ പ്രത്യേകം സംഘങ്ങളായി പ്രത്യേകഭാഗങ്ങളിൽ കുടിലുകൾ വെച്ചു കെട്ടി താമസമുറപ്പിച്ചിരുന്നു.

പഞ്ചായത്തിലെ ആദിമ കുടിയേറ്റ കർഷകർ നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കുടിയേറിയവരാണ്. ആദിമ കുടിയേറ്റ കർഷകരുടെ ആശ്രിതരും അടിയാളന്മാരുമായി പല മേഖലകളായി പട്ടികവർഗ്ഗക്കാരും വസിച്ചിരുന്നു. ഈ ജനവിഭാഗത്തിലും ആചാരാനുഷ്ഠാനങ്ങളിൽ വ്യത്യസ്ഥത പുലർത്തിരുന്ന വിഭാഗങ്ങൾ നില നിന്നിരുന്നു. പിന്നീട് 1950 കളിൽ ഇവിടെ കുടിയേറിയവരിൽ ഒരുവിഭാഗം ഒരു തുണ്ടുഭൂമിയെന്ന ചിരകാല സ്വപ്നസാക്ഷാത്കാരത്തിനായി കുടിയേറിയ പട്ടികജാതിക്കാരുമാണ്. രണ്ടു വിഭാഗങ്ങളുടെ സാഹചര്യം ഇവരെ സാമ്പത്തികമായും സാംസ്ക്കാരികമായും വളരെ അകലത്തിൽ മാറ്റിനിർത്തി. ജീവിത നിലവാരത്തിലോ കാഴ്ചപ്പാടുകളിലോ ആചാരാനുഷ്ഠാനങ്ങളിലോ ഏകീകൃത വ്യവസ്ഥിതി ഈ അകലം മൂലം സംജാതമായില്ല. ആശ്രിതരായി വന്നുചേർന്നവർ സാമ്പത്തികമായും സാംസ്കാരികമായും ചിന്തിക്കുവാനുള്ള കാരണങ്ങളിൽ മുഖ്യം സ്വന്തമായി ഭൂമി ഇല്ലയെന്നതുതന്നെ. ഇപ്പോഴും സ്ഥിതിയിൽ കാലാനുസൃതമായ യാതൊരു മാറ്റവും വന്നിട്ടുമില്ല.

പഞ്ചായത്തിൽ ആകെ 742 പട്ടികജാതിക്കാരുണ്ട്. ഇതിൽ 363 പുരുഷന്മാരും 379 സ്ത്രീകളുമുണ്ട്. പട്ടികവർഗ്ഗക്കാർ ആകെ 256 പേരാണ്. ഇതിൽ 122 പുരുഷന്മാരും 134 സ്ത്രീകളുമുണ്ട്. പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും തനതു സംസ്കാരങ്ങൾ കുടിയേറ്റക്കാരുടേതുമായി ലോപിച്ച് ഇപ്പോൾ ഒരു ഇടത്തരം സംസ്ക്കാരവും സാമൂഹ്യഅന്തരീക്ഷവും നിലനിൽക്കുന്നു.

ഈ ജനവിഭാഗങ്ങളിൽ പെട്ട ജനങ്ങളിൽ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തേയും വളർച്ചയേയും മുന്നിൽ കണ്ടുകൊണ്ട് ബഹു. സർക്കാരും പഞ്ചായത്തും വിവിധ ഏജൻസികളും സംഘടനകളും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് അത് അർഹിക്കുന്ന ഗുണം നൽകിയില്ല. ഈ വിഭാഗങ്ങൾ പഞ്ചായത്തിന്റെ വാർഡിൽ പോക്കറ്റ് ഏരിയകളിൽ താമസിക്കുന്നതുകൊണ്ട് ഇവർക്ക് പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ബഹു. സർക്കാരിന്റെയും പഞ്ചായത്തിന്റേയും മറ്റു സന്നദ്ധസംഘടനകളുടെയും പദ്ധതികളുടെ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. തൻമൂലം ഇവർ സാമ്പത്തികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും പിന്നിലാണ്.

1. സാമ്പത്തികം
2. സാംസ്കാരികം
3. വിദ്യാഭ്യാസം
4. പാർപ്പിടം

പട്ടിക 1

1	പഞ്ചായത്തിലെ ആകെ കോളനികളുടെ എണ്ണം	5
2	പട്ടികവർഗ്ഗ കോളനികൾ	2
3	ലക്ഷം വീട് കോളനികൾ	5
4	അംഗീകരിക്കാത്ത കോളനികൾ	3
5	പഞ്ചായത്തിൽ ആകെ J. R. Y. വീടുകളുടെഎണ്ണം	8
6	J. A. Y വീടുകളുടെ എണ്ണം	16
7.	J. R. Y. കക്കൂസുകളുടെ എണ്ണം	13
8.	M. W. S. വീടുകളുടെ എണ്ണം	56

പരിഹാരങ്ങൾ

1) പട്ടികജാതി പട്ടികവർഗങ്ങളുടെ സാമ്പത്തിക പുരോഗതിയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകളുടെ വിവിധ യിനം സാമ്പത്തിക സഹായങ്ങൾ ഉറപ്പുവ രുത്തുക.

2) ചെറുകിട വ്യവസായ സംഘങ്ങൾ സഹക രണ അടിസ്ഥാനത്തിൽ ഈ ജനവിഭാഗ ങ്ങൾക്കുവേണ്ടി ആവശ്യമായ മേഖലകളിൽ അനുവദിച്ചു നടപ്പിലാക്കുക.

3) സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി അനു വദിക്കുകയും ഇവരുടെ കാർഷികമേഖല യിലെ പുരോഗതിയ്ക്കായി കാർഷിക ഉപ കരണങ്ങളും വിത്തും വളങ്ങളും സൗജന്യ മായി അനുവദിക്കുക.

4) പട്ടികജാതിപട്ടികവർഗ്ഗക്കാർ താമസിക്കുന്ന പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വായ നശാലകൾ, ക്ലബുകൾ, കൾച്ചറൽ സംഘ ങ്ങൾമുതലായവ അടിയന്തിരമായി അനുവ ദിക്കുക.

5) പബ്ലിക് റിലേഷൻസ് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അനുവദിക്കുക.

6) പഞ്ചായത്തിൽ ആകെ ഒരു ട്രൈബൽ ലോവർ പ്രൈമറി സ്ക്കൂൾ മാത്രമേയുള്ളു. വിദ്യാഭ്യാസ ഉന്നമനത്തിനായി പഞ്ചായ ത്തിൽ കൂടുതൽ സ്കൂളുകൾ അനുവദി ക്കുക. നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനായി ഹോസ്റ്റ ലുകൾ അനുവദിക്കുകയും ചെയ്യുക.

7) ഈ വിഭാഗത്തിലെ കുട്ടികൾ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിർത്തുന്നത് തടയുന്നതി നായി ഇവരുടെ ഇടയിൽ ബോധവൽക്ക രണ സെമിനാറുകൾ നടത്തുക.

8) പട്ടികജാതി പട്ടികവർഗ്ഗങ്ങൾ നേരിടുന്ന പാർപ്പിട പ്രശ്നം രൂക്ഷമാണ്. സർക്കാർ സഹായത്തോടെ നടപ്പിലാകുന്ന ഭവന നിർമ്മാണപദ്ധതിയുടെ പ്രയോജനം മുഴു വൻ പട്ടികജാതിപട്ടികവർഗ്ഗങ്ങൾക്കും ലഭ്യ മാക്കുക.

9) ഈ വിഭാഗത്തിൽപ്പെട്ട എല്ലാ വീടുകൾക്കും മെച്ചമായ സാനിട്ടേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

10) ഈ രംഗത്തെ മുഴുവൻ അംഗങ്ങളുടെയും ആരോഗ്യപരിപാലനത്തിനായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുക. കുട്ടി കൾക്കും മറ്റും പോഷകാഹാരങ്ങൾ വിത രണം ചെയ്യുക. എല്ലാ വീടുകൾക്കും ശുദ്ധ ജലം എത്തിക്കുക. മെച്ചമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുക.

അൻപതാം പദ്ധതിയിലൂടെ ഈ വിഭാഗ ത്തിൽപ്പെട്ട മുഴുവൻ ഇആളുകളുടെയും ഉന്നമ നത്തിനും ഉയർച്ചയ്ക്കും വേണ്ടിയുള്ള ജനകീയ യജ്ഞത്തിൽ നമ്മൾക്കും പങ്കാളികളാകാം.

5-12 വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലയിലെ നിശ്ചലാവസ്ഥയാണ്. സേനാപതി പഞ്ചായത്തിലുള്ള ഒരു ചെറുകിട വ്യവസായ യൂണിറ്റു സ്വകാര്യ മേഖലയിൽമാത്രമാണുള്ളത്. വ്യാവസായിക രംഗത്ത് മുന്നേറ്റം നടത്തിക്കൊണ്ട് പുതി വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കിയെടുക്കണം.

കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധകൊടുത്ത് പ്രവർത്തിക്കുന്ന ജനങ്ങളുടെ താത്പര്യവും സഹകരണത്തോടുകൂടിയും ആരംഭിക്കുവാൻ കഴിയുന്ന വ്യവസായിക സംരംഭങ്ങളാണ് ഈ പഞ്ചായത്തിൽ കൂടുതൽ ഫലപ്രദം.

പുതിയ വ്യവസായം ആരംഭിക്കുന്നതിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ആവശ്യത്തിന് വൈദ്യുതി, വിദഗ്ധ തൊഴിലാളികളുടെ സഹകരണം, ഉല്പന്നങ്ങളുടെ വിപണനം ഇവയെ ആശ്രയിച്ചാണ് വ്യവസായം തുടങ്ങുവാൻ കഴിയു. ചെറുകിടവ്യവസായങ്ങൾ തുടങ്ങണമെങ്കിൽ ധനകാര്യസ്ഥാപനങ്ങളുടെ സഹകരണം, പുതിയ വൈദ്യുതി കണക്ഷൻ, തുടങ്ങുന്ന വ്യവസായങ്ങളിൽ കൂടുതൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം, എന്നിവയാണ് ഈ രംഗത്തുള്ള പ്രതിസന്ധിയുടെ പ്രധാന കാരണം. ഇതു പരിഹരിക്കാതെ പുതിയ വിഭവസമാഹരണ സാധ്യത വളരെക്കുറവാണ്.

സേനാപതി ഗ്രാമ പഞ്ചായത്തിലെ കാർഷിക രംഗം മുരടിപ്പ് നേരിടുകയാണ്. നെൽകൃഷി ചെയ്യുന്ന നിലങ്ങൾ നികത്തി മറ്റു കൃഷിചെയ്യുന്നു. കൂടാതെ താമസത്തിനുള്ള കെട്ടിടങ്ങൾ പണിയുന്നതും പതിവായി തീർന്നു. വർദ്ധിച്ചു വരുന്ന കീടബാധ മൂലംവും, അമിതമായ കീടനാശിനിപ്രയോഗം, അശാസ്ത്രീയമായ കൃഷിരീതികൾ, മണ്ണിന്റെ ഘടനയ്ക്ക് യോജ്യമല്ലാത്ത രാസവള പ്രയോഗവും ഒഴിവാക്കി ജൈവവള പ്രയോഗത്തിന് കൂടുതൽപ്രാധാല്യം നൽകുക വഴി കാർഷിക മേഖലയെ കൂടുതൽമെച്ചപ്പെടുത്തുവാൻ കഴിയും. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ വിഭവസമാഹാരം വർദ്ധിപ്പിക്കാനാവില്ല.

സർക്കാർ ഗ്രാന്റുകൾക്കുവേണ്ടി ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും കൂടാതെ ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽത്തന്നെ പഞ്ചായത്തുകൾക്ക് കൈമാറുവാനുള്ള നിയമ നിർമ്മാണം നടത്തേണ്ടതുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായി എടുക്കാവുന്നതാണ്. രണ്ടും മൂന്നും വർഷങ്ങൾ കഴിഞ്ഞാണ് ഗ്രാന്റുകൾ പഞ്ചായത്തിൽ എത്തുന്നത്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ, പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ, സ്ത്രീകളുടെ ആകെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതത്തിൽ മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. നീതിപൂർവ്വമായ വിതരണത്തിന് ഇത് അത്യവശ്യമാണ്.

പട്ടിക 1. പഞ്ചായത്തു വരുമാനങ്ങൾ.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരും, ഈ ഇനത്തിലുള്ളവരുടെ വരുമാനവും പഞ്ചായത്തിൽ ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞവർഷം 3985.50 രൂപ വസൂലാക്കിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരെയും ലൈസൻസ് എടുപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കച്ചവടക്കാർ ലോൺ വങ്ങേണ്ട ആവശ്യം ഉള്ളപ്പോഴോ എന്തെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി പഞ്ചായത്തിൽ വരുമ്പോൾ മാത്രമാണ് നികുതി കൊടുക്കുന്ന സമ്പ്രദായം ജനങ്ങൾക്ക് ഉള്ളൂ. നിലവിലുള്ള നികുതികൾകൊണ്ടാണ് പഞ്ചായത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടക്കുതെന്നും വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കുവഹിക്കലാണ് നികുതി കൊടുക്കുകവഴി ചെയ്യുന്നതെന്നും മനസ്സിലാക്കാൻ ജനങ്ങൾക്കു

കഴിഞ്ഞാൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടുവാൻ കഴിയും. നിലവിൽ വന്നിരിക്കുന്ന വാർഡു വികസനസമിതികളും പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ടാണ്. നികുതി കൊടുക്കേണ്ടവരെയെല്ലാവരേക്കൊണ്ടും നികുതി ആദ്യമായികൊടുപ്പിക്കാൻ കഴിഞ്ഞാൽ നമ്മുടെ വികസനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ചെറിയ ഭാഗം പഞ്ചായത്തിൽ കൊടുക്കുവാൻ സാദ്ധ്യമാകുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി ഒരു ഭരമാകുന്നുണ്ട്. ഇത് തന്റെ വരുമാനത്തിന്റെ ചെറിയ ഒരു ശതമാനത്തിലെ ഭാഗമാണ് നികുതി കൊടുക്കുന്നത് എന്ന തോന്നലുണ്ടാകുന്നരീതിയിൽ നികുതി ഈടാക്കുക.
2. വരുമാനമാർഗ്ഗങ്ങൾ ഉള്ള എല്ലാ ആളുകളിൽ നിന്നും നികുതി വസൂലാക്കുവാൻ കഴിയണം.
3. നികുതി കൊടുക്കുന്നതു വഴി തങ്ങളും പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന തോന്നൽ ജനങ്ങളിൽ ഉളവാക്കണം. അതുകൊണ്ട് തന്നെ ചെലവിന്റെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
4. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കേണ്ടത് വാർഡ് പ്രതിനിധികളും വികസനസമിതിയും കൂട്ടായി തയ്യാറാകണം. ഇതും ഒരു വികസനപ്രവർത്തനത്തിന്റെ ഭാഗമാണെന്ന ധാരണ ഉണ്ടാവണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും, ഇത് ജനങ്ങളെ കൃത്യമായി ബോദ്ധ്യപ്പെടുത്തുവാനും ഉള്ള സംവിധാനം പഞ്ചായത്തിൽ ഉണ്ടാവണം.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്നത് ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല ആഢംബരവസ്തുക്കളും, വിലകൂടുതലുള്ള വസ്തുക്കളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാകെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് അഡ്രസ്സ് ചെയ്തതു എങ്ങനെ എന്ന് ഓരോ വീട്ടുടമസ്ഥനേയും ബോദ്ധ്യപ്പെടുത്താൻ ഉദ്യോഗസ്ഥർ തയ്യാറാകണം. അഴിമതി കുറയ്ക്കാൻ ഒരു അസസ്സ്മെന്റ് കമ്മറ്റി ഉണ്ടാക്കുന്നത് ഉചിതമായിരിക്കും.

തൊഴിൽ നികുതി

പഞ്ചായത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലേയും, എയിഡഡ് സ്കൂളുകളിലേയും ജോലിക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. ഇങ്ങനെയുള്ളവരല്ലാത്ത തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. ഇത് കച്ചവടക്കാർക്കും ബാധകമാക്കാവുന്നതാണ്.

വിനോദ നികുതി

പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ സ്ഥാപിക്കുവാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിച്ചും, ഗ്യാലറിയോടുകൂടിയോ സ്റ്റേഡിയം നിർമ്മിച്ചും അതിൽ നടക്കുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്തവുന്നതാണ്.

മണൽ

കഴിഞ്ഞവർഷം നമ്മുടെ പഞ്ചായത്തിൽ മണൽ ലേലം പോയത് 33300 തുകയ്ക്കാണ്. ഈ പ്രാവശ്യം ലേലം ചെയ്യുന്നത് നിശ്ചിതസമയമല്ലാത്തതിനാലും, ലേലം ചെയ്യുന്ന സമയത്ത് മണലിന്റെ ലഭ്യതാകാരണം കണക്കിലെടുത്ത് യഥാർത്ഥത്തിൽ കിട്ടേണ്ട തുക കിട്ടുന്നില്ല. സമയാസമയങ്ങളിൽ മണലിന്റെ അളവ് മനസ്സിലാക്കി ലേലം ചെയ്താൽ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

പഞ്ചായത്തിൽ ഒരു സഹകരണബാങ്ക് മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ ബാങ്കിൽ വായ്പ ലഭിക്കുന്നത് വളരെക്കുറച്ചുപേർക്കു മാത്രമാണ് ആവശ്യാനുസരണം വായ്പ ലഭിക്കുകയും കൂടുതൽ ശാഖകൾ തുടങ്ങുകയും ചെയ്യുക.

നാഷണലൈസ്ഡ് ബാങ്കുകൾ പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ അനുവദിക്കുക. പഞ്ചായത്തുകൾക്ക് വായ്പ കൊടുക്കുവാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്ത് ആക്ടിൽ ഉണ്ട്. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പകൊടുക്കുവാൻ ബാങ്കു

കൾ ബാദ്ധ്യസ്ഥരാകുന്ന നിയമം ഉണ്ടാവണം.

ചെലവുകൾ

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് തീരെ ഗുണപരമല്ലാത്ത രീതിയിലാണ്. പൊതുമരാമത്തിന് ..... ശതമാനവും ഭരണചെലവിന് ..... ശതമാനവും വീതമാണ് പഞ്ചായത്തുഫണ്ട് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തു റോഡുകൾ മുഴുവനും ചെമ്മൺപാതകളാണ്. കാലാകാലങ്ങളിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നുണ്ട്. മഴക്കാലത്ത് അവ ഒലിച്ചുപോവുകയാണ് ചെയ്യുന്നത്. ആയതിനാൽ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷം വാർഡുതലങ്ങളിൽ 'കർമ്മസേന' രൂപീകരിച്ച് റോഡിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നതോടുകൂടി പഞ്ചായത്തിന്റെ ഫണ്ട് പാഴായിപ്പോകുന്നത് തടയുവാൻ സാധിക്കും. ഇപ്രകാരം ലഭിക്കുന്ന അധിക ഫണ്ട് വാർഡുകളിൽ മുൻഗണനാക്രമത്തിൽ ഗതാഗതയോഗ്യമായ ടാർറോഡുകൾ നിർമ്മിക്കുവാൻ ഉപയോഗിക്കേണ്ടതാണ്.

ഭൂനികുതി

ഭൂനികുതി നേരിട്ട് പിരിച്ചെടുക്കുന്നതിനുള്ള അവകാശം പഞ്ചായത്തുകളെ ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. നിലവിലുള്ളനിരക്ക് ഭൂമിയുടെ തരം അനുസരിച്ച് നിർണ്ണയിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ്

ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ സേനാപതിയിൽ ദിവസേന 20ഓളം ബസുകൾ സർവ്വീസ് നടത്തിവരുന്നു. വാഹനങ്ങൾ പാർക്കുചെയ്യുന്നതിനോ, യാത്രക്കരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനോ .യാതൊരുവിധ സൗകര്യങ്ങളും നിലവിൽ ഇല്ല. പഞ്ചായത്താഫീസിനെ മുൻവശത്തായി സേനാപതി ജംഗ്ഷനിൽ നിന്നുംഉദ്ദേശം 50 മീറ്റർ അകലെയാലെകിടക്കുന്ന അഞ്ച് ഏക്കറോളം റവന്യൂഭൂമിയിൽ രണ്ടേക്കർ സ്ഥലം പഞ്ചായത്തിനു വിട്ടുകിട്ടിയാൽ, പ്രസ്തുതസ്ഥലത്ത് ബസ്സ്റ്റാൻഡ്, കംഫർട്ട് സ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ലക്സ്, ടാക്സിസ്റ്റാൻഡ് മുതലായവ നിർമ്മിക്കുവാൻ കഴിയും. ഇതുമൂലം പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതോടൊപ്പം യാത്രാക്ലേശവും, യാത്രക്കാരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യും.

പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഗ്രാമച്ചന്തയും, മത്സ്യമാർക്കറ്റും തുടങ്ങിയാൽ ആയത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും. തന്നെയുമല്ല, കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ന്യായമായ വില ലഭിക്കുന്നതിനും സാധിക്കും.

കച്ചവടലൈസൻസ്

അവികസിത പ്രദേശമായ ഈ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങൾ വളരെക്കുറവാണ്. കച്ചവടം തുടങ്ങുന്നതിന് നിലവിലുള്ള ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കേണ്ടതുണ്ട്.

ടൂറിസം

പച്ചപ്പട്ടണിഞ്ഞപുൽമേടുകളും കാനനച്ചോലകളും മൊട്ടക്കുന്നുകളും നിറഞ്ഞ ഈ പഞ്ചായത്തിൽ ടൂറിസത്തിന് വൻ സാദ്ധ്യകളാണുള്ളത്. കേരളത്തിന്റെ സ്വിറ്റ്സർലണ്ട് എന്നറിയപ്പെടുന്നതും ടൂറിസ ഭൂപടത്തിൽ അതിപ്രധാന സ്ഥാനമുള്ളതുമായ മൂന്നാർ സുഖവാസകേന്ദ്രത്തിൽ നിന്നും കേവലം 40 കിലോമീറ്റർ മാത്രമേ ഈ പഞ്ചായത്തിന് ദൂരമുള്ളൂ. മൂന്നാറിൽ ദിവസേനയെത്തുന്ന ആയിരക്കണക്കിനു വിനോദ സഞ്ചാരികളെ ആകർഷിക്കുവാനുള്ള പ്രചരണമാധ്യമങ്ങൾക്ക് ഈ പഞ്ചായത്തു രൂപം നൽകണം.

ദേശീയസമ്പദ്വ്യവസ്ഥതി

ഓരോ പഞ്ചായത്തിൽ നിന്നും ഇന്ദിര വികാസ് പത്ര, കിസാൻ വികാസ് പത്ര, എന്നിവയിലൂടെ സമാഹരിക്കപ്പെടുന്ന തുകയുടെ 25 ശതമാനം വരെ ആ പഞ്ചായത്തിനു തന്നെ ലഭിക്കുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. അതുകൊണ്ട് പഞ്ചായത്തു സമിതിയും സന്നദ്ധ സംഘടനകളും കൂട്ടായി പ്രവർത്തിച്ച് കൂടുതൽ തുക സമാഹരിക്കുവാൻ കഴിഞ്ഞാൽ അതുമൂലം പഞ്ചായത്തിനുകൂടുതൽ വരുമാനം ലഭിക്കുകയും വികസനത്തിന് ആക്കം കൂട്ടുകയും ചെയ്യാവുന്നതാണ്. ഇത്തരം നിക്ഷേപങ്ങൾ തോഴിൽരഹിതരായ സ്ത്രീകൾ മുഖേന (മഹിളാപ്രധാൻ ഏജന്റ്)

നടപ്പിലാക്കിയാൽ സ്ത്രീകൾക്ക് തൊഴിലും പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിരോ കൈവരുന്നതാണ്.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. ഒട്ടുമിക്ക ഗ്രാമസഭാറിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസിത പ്രവർത്തനങ്ങൾക്ക് നൽകുവാനുള്ള സന്നദ്ധത പ്രകടമാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ എല്ലാ റോഡുകളും തന്നെ മഴക്കാലമായാൽ സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ജനങ്ങളുടെ സഹായസഹകരണത്തോടെ പഞ്ചായത്തിലെ ഈ അവസ്ഥ മാറുന്നതിനായി ഒൻപതാം പദ്ധതിയിലൂടെ നമുക്ക് തുടക്കംകുറിക്കാം.

വരുമാനത്തിലെ വ്യതിയാനം

ഇനം	1991.92	1994.95	വ്യതിയാനം	വർദ്ധനവ് ശതമാനം
1. കെട്ടിട നികുതി	64397.49	112097.15	47699.66	27%
2. വിനോദ നികുതി	ഇല്ല			
3. തൊഴിൽ നികുതി	59109	66713	7604	6%
4. ഉപാധിരഹിത നികുതി	214900	276140	61240	12.47%
5. S.C.P.	-	-	-	-
6. J.R.Y.	121000	254682	133682	35.58%
7. ഗ്രാന്റുകൾ (മറ്റുഗ്രാന്റുകൾ സംഭാവനകൾ ഇല്ല)	137537	16613	28776	9.47%
ആകെ വരവ്	596943.49	875945.15	279001.66	18.94%
ചെലവ്എസ്റ്റാബ്ലിഷ്മെന്റ്	151512	259621	108109	26.3%

5-13 ടൂറിസം

സഹ്യസാനുക്കളുടെ ഭാഗമായി ഉയർന്ന കുന്നിൻപ്രദേശങ്ങളും മൊട്ടക്കുന്നുകളും പുൽമേടുകളും പ്രകൃതിദത്തമായ തടാകങ്ങളും സമതലങ്ങളും പ്രകൃതിയുടെ ഒരു സൗന്ദര്യമായി ഈ പഞ്ചായത്ത് പരിലസിക്കുന്നു.

പ്രകൃതിയുടെ വരദാനമായി ഈ പഞ്ചായത്തിൽ പ്രകൃതിദത്തമായ ഒരു കുളം കാറ്റുതിമേട് എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ഈ സ്ഥലം ഉദ്ദേശം സമുദ്ര നിരപ്പിൽ നിന്നും 4100 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഉദ്ദേശം ഒരേക്കർ വിസ്തൃതിയിലുള്ള കുളവും അതിനോടനുബന്ധിച്ച് പുൽമേടുകളും കാട്ടുപൊന്തകളും നിറഞ്ഞ ഇരുപത് ഏക്കറോളം വിസ്തൃതിയുള്ള സർക്കാർ തരിശുഭൂമിയുണ്ട്. പൗരാണികതയുടെ പ്രൗഡി പ്രതിഫലിക്കുന്ന പ്രകൃതി ദൃശ്യമാണിവിടം. കുടിയേറ്റ ഗ്രാമത്തിന് വളരെ മുമ്പ് തന്നെ ഇവിടെ വായ്മൊഴിയാൽ പ്രസിദ്ധമായിരുന്നു. അപ്സരസ്സുകളായ ഏഴ് ദേവസ്ത്രീകൾ നീരാട്ടിനായി ആ കുളത്തിൽ വന്നിരുന്നതായി പഴമക്കാർ പറയുന്നു. നീരാട്ടിനുശേഷമുള്ള വിനോദത്തിന്റെ ഭാഗമായി ദേവസ്ത്രീകൾ ഊഞ്ഞാൽ ആടിയിരുന്നുവെന്ന് കരുതപ്പെടുന്ന ഒരു ഊഞ്ഞാലും അവരുടെ ശിലാ വിഗ്രഹങ്ങളും കാണാവുന്നതാണ്. കുളത്തിന്റെ അഗാധതയിൽ ദിവ്യശക്തിയുള്ളതെന്ന് പറയപ്പെടുന്ന വിഗ്രഹം ഉള്ളതായും പഴമക്കാർ പറയുന്നു. ആദിമ നിവാസികളായ ഈ വർഗ്ഗക്കാരുടെ ഒരു ആരാധനാലയവും ശിലാവിഗ്രഹവും സ്ഥിതി ചെയ്യുന്നു. എന്തുകൊണ്ടും പ്രകൃതിരമണീയത കളിയാടുന്ന ഈ ഭൂപ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കവാനുതകുന്നതാണ്.

പഞ്ചായത്തിലെ പ്രകൃതിരമണീയത നിറഞ്ഞു നിൽക്കുന്ന മറ്റൊരു പ്രദേശമാണ് "സ്വർഗ്ഗം മേട്" എന്നറിയപ്പെടുന്ന സ്ഥലം. വിശാലമായ അൻപതേക്കറോളം വരുന്ന പുൽമേടുകളാണിവിടം. ചെറിയ ചെറിയ മൊട്ടകുന്നുകളും മുനിമാർ തപസ്സ് അനുഷ്ഠിച്ചിരുന്നത് എന്നറിയപ്പെടുന്ന "മുനിയറക്കല്ലുകളും" വറ്റാത്ത നീരുറവകളും കാണാം. ഏകദേശം 3500 അടി ഉയരത്തിൽ സ്ഥതിചെയ്യുന്ന ഈ പ്രദേശത്തും സദാ ഒഴുകിയെത്തുന്ന കുളിർകാറ്റും ടൂറിസ്റ്റുകളെ ആകർഷിക്കുമെന്നു ള്ളതിൽ സംശയമില്ല.

പഞ്ചായത്തിൽ ആദിമ ഗിരിവർഗ്ഗമേഖലയും അംഗീകാരമുള്ള ഗിരിജൻ കോളനികളും സ്ഥതിചെയ്യുന്ന പ്രദേശം ഉൾക്കൊള്ളുന്നതാണ് "പ്ലെയിൻ പാറ" എന്ന സ്ഥലം. ഇവടം അനാദികാലം മുതൽ മഹർഷിമാർ തപസ്സ് അനുഷ്ഠിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. പരന്നതും ചെത്തി മിനുസപ്പെടുത്തിയതുമായ വലിയ പാറയുടെ പലകകൾ അടിയിൽ നിരത്തിയും പാർശ്വങ്ങളിൽ നാട്ടിയും നിർമ്മിച്ചിട്ടുള്ളതാണ് മുനിയറകൾ. ഇത്തരം മുനിയറകൾ നിലനിന്നിരുന്നത് ഇപ്പോൾ നശിപ്പക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത്തരം മുനിയറകളുടെ ഒരു നീണ്ട നിരയും അതിന്റെ ഏകദേശം മദ്ധ്യഭാഗത്തായി വിശാലമായ ഒരു പാറയുണ്ട്. ഈ പീറയിൽ പ്രകൃതി നിർമ്മിതമായ ഒരു വിമാനത്തിന്റെ സാദൃശ്യത്തോടുകൂടിയ ഒരു കല്ല് നിലനിൽക്കുന്നു. വലിയ ഒരു കല്ലിന്റ പാർശ്വങ്ങളിലേയ്ക്ക് ചിറകുകൾ മാതിരി നീണ്ടുനിൽക്കുന്ന ഭാഗവും മുന്നോട്ട് ഉയർന്ന ഭാഗവും ചേർന്ന് ഒരു വിമാനം തറയിൽ നിൽക്കുന്ന ദൃശ്യമാണിത്. ആയതിനാലാണ് ഇവിടം പ്ലയിൻപാറ എന്ന പേരിൽ അറിയപ്പെടുന്നത്. ഉയർന്ന പ്രദേശം ആയതിനാൽ സമീപങ്ങളിലായി ആദിവാസികളുടെ കുടികളും അരിവിളഞ്ഞിരുന്നു. എന്നു പറയപ്പെടുന്ന അരിവിളംചാൽ നിലങ്ങളും പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും പ്രകൃതി ദൃശ്യങ്ങൾ ഇവിടെ നിന്ന് ആസ്വദിക്കുവാൻ സൗകര്യങ്ങ ഉള്ളതുകൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കുമെന്ന് നിസ്സംശയം പറയാം.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരും തെക്കേ അതിരും യഥാക്രമം പന്നിയാർപുഴയും ചെമ്മണ്ണാർ പുഴയും വേർതിരിക്കുന്നു. അതിൽ പന്നിയാർ പുഴയിൽ രണ്ടു വെള്ളച്ചാട്ടങ്ങൾ ഉണ്ട്. വലിയകുത്ത്, ചെറിയകുത്ത് എന്നീ പേരുകളിൽ ഇവ അറിയപ്പെടുന്നു. വളരെ ഉയരത്തിൽ നിന്നും വെള്ളം നിലംപതിക്കുന്ന വെള്ളച്ചാട്ടത്തിന്റെ ഉൾഭാഗത്തായി കുത്തനെ നില്ക്കുന്ന പാറയിൽ ഒരു ഗുഹയുണ്ട്. വേനൽക്കാലത്ത് ഈ ഗുഹയിൽ ആളുകൾ കയറുന്നുണ്ട്. ഗുഹയുടെ നീളത്തെക്കുറിച്ചും വലിപ്പത്തെക്കുറിച്ചുമൊക്കെ സന്ദർശലത്തിനുശേഷം അതിശയകരമായ കഥകൾ പറഞ്ഞുകേട്ടിട്ടുണ്ട്. പ്രകൃതിയിലെ മനോഹരമായ ഈ വെള്ളച്ചാട്ടം വലിയകുത്ത് എന്ന പേരിൽ അറിയപ്പെടുന്നു. ഇതിന് അല്പംകൂടി താഴെഭാഗത്തായിട്ട് പന്നിയാർപുഴയിലെ ചെറിയകുത്ത് എന്ന വെള്ളച്ചാട്ടവും ചെമ്മണ്ണാർ പുഴയിലെ വെള്ളച്ചാട്ടവുംകാണാം. രണ്ടും അടുത്തടുത്തായി സ്ഥിതി ചെയ്യുന്നതു തന്നെ വളരെ ഹൃദ്യമായ കാഴ്ചയാണ്. ഈ പ്രദേശത്ത് ഒരു ജലവൈദ്യുതി പദ്ധതിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ്.

പ്രശ്നങ്ങൾ.

1. ഗതാഗത യോഗ്യമായ റോഡുകൾ ഇല്ല.
2. ആവശ്യാനുസരണം പാലങ്ങളോ കലുങ്കുകളോ ഇല്ല.
3. പ്രദേശങ്ങളെ സംരക്ഷിക്കപ്പെടുന്നില്ല
4. പ്രകൃതിക്ഷോഭം മൂലമുള്ള നാശം
5. വൈദ്യുതിയുടെ ലഭ്യതക്കുറവ്
6. പ്രചരണത്തിന്റെ കുറവ്

പരിഹാരങ്ങൾ

ആവശ്യാനുസരണം ഗതാഗതയോഗ്യമായ റോഡുകൾ അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പാലങ്ങളും കലുങ്കുകളും നിർമ്മിക്കുക, സർക്കാർ മാദ്ധ്യമങ്ങളായ വിവിധ വകുപ്പുകളിലൂടെ പ്രദേശത്തെ സംരക്ഷിക്കുക.

പ്രകൃതിക്ഷോഭങ്ങൾ നിമിത്തം സംഭവിക്കുന്ന നാശങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.

വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

പത്രമാധ്യമങ്ങളിലൂടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടേയും ശ്രദ്ധ ഈ കേന്ദ്രങ്ങളിലെത്തിക്കുന്നതിനുള്ള നടപടികൾ സത്വരം കൈകൊള്ളുക.

പൗരാണികതയെ നിലനിർത്തി പരിപോഷിപ്പിച്ചും ആകർഷണീയമാക്കിയും ടൂറിസ്റ്റുകൾക്കാവശ്യമായ റിസോർട്ടുകൾ നിർമ്മിച്ചും വിനോദസഞ്ചാരമേഖലയെ കാര്യക്ഷമമാക്കുക.

ജനകീയാസൂത്രണത്തിന്റെ ഭാഗീഗമായി വിനോദമേഖലയെ പരിപോഷിപ്പിക്കുന്നതിലൂടെ പഞ്ചായത്തിന്റെ തനതായ വരുമാന മാർഗ്ഗങ്ങൾ വർദ്ധിക്കുകയും തൊഴിലില്ലായ്മക്ക് ഒരളവുവരെ പരിഹാരം കാണുന്നതിന് സാംസ്ക്കാരിക സാമൂഹിക ബന്ധങ്ങൾ ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.

വാർത്താമാദ്ധ്യമങ്ങളിലും, പ്രചരണ രംഗത്തും വൻ പ്രാധ്യാന്യം ലഭിക്കുന്നതിലേയ്ക്ക് വർഷം തോറും ടൂറിസം ഫെസ്റ്റ് സംഘടിപ്പിക്കണം.

■

ഉപസംഹാരം

പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതിലൂടെ അധികാര വികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണ പരിപാടികളിലൂടേയും ജനാധിപത്യത്തിന്റെ അന്തസത്ത ഉയർത്തിപ്പിടിക്കുകയാണ് നാം ചെയ്യുന്നത്. ജനാധിപത്യപ്രക്രിയയുടെ ഭാഗമായി തെരഞ്ഞെടുപ്പിലൂടെ ഭരണാധികാരികളേ മാറി മാറി അധികാര കസേരയിൽ ഏറ്റുവാൻ മാത്രം വിധിക്കപ്പെട്ടിരുന്ന ഗ്രാമവാസികൾ ഇന്ന് അവരവരുടെ പ്രദേശങ്ങളുടെ വികസന കാര്യങ്ങളിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നവരായി മാറിക്കഴിഞ്ഞു. ഇത് ഒരു വിപ്ലവകരമായ മാറ്റംതന്നെയാണ്. ഇതിലൂടെ പുതിയൊരു സംസ്ക്കാരവും സമത്വവും ഇവിടെ ആരംഭിക്കുകയായി.

വരാൻ പോകുന്ന നാളുകളുകൾ സേനാപതിഗ്രാമപഞ്ചായത്തിന്റെ 8 വാർഡുകളിൽ പൂർണ്ണമായ ജനപങ്കാളത്തത്തോടും സഹകരമണത്തോടുംകൂടി വികസന പരിപാടികൾ നടപ്പിലാക്കാൻ നമുക്കു കഴിയട്ടെ. ഈ ഐക്യം, ഈ ത്യാഗസന്നദ്ധത ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമീണ ജീവിതം കെട്ടിപ്പടുക്കുവാൻ എന്നും നമുക്കിതു കാത്തുസൂക്ഷിക്കാം.

പുനരർപ്പണ ദിനത്തിൽ (നവംബർ 1) ആരംഭിച്ച പണികൾ

ഗ്രാമപഞ്ചായത്തിന്റെ 8 വാർഡുകളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

1) ചാക്കുളത്തിമെട്ട് രാജാക്കാട് M . L. A. റോഡിന്റെ ഭാഗങ്ങൾ
2) അമ്പലപ്പടി ആവണക്കുംചാൽ റോഡ്
3) അഞ്ചുമുക്ക് ഒട്ടാത്തിറോഡ് (വഴി സ്വർഗ്ഗംമേട്)
4) അരിവിളംചാൽ ഗാന്ധിപ്പാറ റോഡ്
5) ഇടുക്കാർ തലയൻകാവ് റോഡ്
6) മേലേ ചെമ്മണ്ണാർ പാലക്കുഴപ്പടി റോഡ്
7) മുക്കുടിൽ ഇല്ലിപ്പാലം റോഡ്
8) കനകപ്പുഴ ഉപ്പുതോടിൻപടി റോഡ്
9) കനകപ്പുഴ ആത്മാവ്സിറ്റി (വഴി) മേലെപ്പുരക്കൽപടി റോഡ്

നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനാവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് സേനാപതിഗ്രാമപഞ്ചായത്തിന്റെ ഈ വികസനരേഖ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

സേനാപതി
ഗ്രാമപഞ്ചായത്തു കമ്മറ്റി

സേനാപതി



രുചികരമായ ഭക്ഷണത്തിന്

.....

HOTEL

HILL PARK

RAJAKUMARY SOUTH